# പതിനഞ്ചാം കേരള നിയമസഭ

# പതിനാറാം സമ്മേളനം

2026 ജനുവരി 27, ചൊവ്വ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--413]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
| --- | --- |
| മുഖ്യമന്ത്രി | : 1 മുതൽ 158 വരെ |
| ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി | : 159 മുതൽ 284 വരെ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി | : 285 മുതൽ 317 വരെ |
| തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി | : 318 മുതൽ 413 വരെ |

**<u>ദേശീയപാതകളുടെ വികസനത്തിനായി ചെലവഴിച്ച തുക</u>**

1 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ദേശീയപാതകളുടെ വികസനമാണ് നടന്നുവരുന്നതെന്ന് അറിയിക്കാമോ;

(ബി) ദേശീയപാത നിർമ്മാണത്തിനായി സംസ്ഥാന സർക്കാർ ഇതു വരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) രാജ്യത്തെ മറ്റേതെങ്കിലും സംസ്ഥാന സർക്കാർ ദേശീയ പാതാ വികസനത്തിന് തുക ചെലവഴിച്ചതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

**<u>കണ്ണൂർ ജില്ലയിലെ കിൻഫ്ര പാർക്കിന് വേണ്ടി ഭൂമി വിട്ടുകൊടുത്തവർക്കുള്ള നഷ്ടപരിഹാരം</u>**

2 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ അഞ്ചരക്കണ്ടി, പടുവിലായി, കീഴല്ലൂർ, വില്ലേജുകളിലായി സ്ഥാപിക്കുന്ന കിൻഫ്ര പാർക്കിനു വേണ്ടി ഭൂമി വിട്ടു കൊടുത്ത കീഴല്ലൂർ, മുരിങ്ങേരി പ്രദേശങ്ങളിലെ ഭൂവുടമകൾക്ക് പൂർണ്ണമായും നഷ്ടപരിഹാരം നൽകാൻ സാധിച്ചിട്ടുണ്ടോ;

(ബി) ഇനിയും എത്രപേർക്ക് നഷ്ടപരിഹാരം നൽകാൻ ഉണ്ട്; നഷ്ടപരിഹാരം നൽകാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; അവർക്ക് ഉടനടി തുക കൈമാറുന്നതിന്

നടപടി സ്വീകരിക്കുമോ?

<u>**കേരളം കൈവരിച്ച നേട്ടങ്ങൾ**</u>

3 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ മാത്യു ടി. തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയ്ക്ക് മാതൃകയായി മാറിയ കേരളം കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പല കാര്യങ്ങളിലും വികസിത രാജ്യങ്ങളേക്കാൾ നേട്ടങ്ങൾ കൈവരിച്ചിട്ടും കേരളത്തെ അപകീർത്തിപ്പെടുത്താൻ ബോധപൂർവ്വമായ ശ്രമം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) നവകേരള സൃഷ്ടിക്കായി ഈ സർക്കാർ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

<u>**കാഷ്വൽ കണ്ടിജന്റ് ജീവനക്കാരുടെ വേതനം**</u>

4 **ശ്രീ. വി. ആർ. സുനിൽകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ ശുചീകരണ ജോലികൾ ചെയ്യുന്ന കാഷ്വൽ കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ എണ്ണം എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഭാഗം ജീവനക്കാർക്ക് നല്കി വരുന്ന പ്രതിമാസ വേതനം എത്രയാണെന്ന് വ്യക്തമാക്കാമോ; ടി ജീവനക്കാർക്ക് മിനിമം വേതനം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) കാഷ്വൽ കണ്ടിജന്റ് ജീവനക്കാരെ പാർട്ട് ടൈം ജീവനക്കാരായി സ്ഥിരപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>**വർഗ്ഗീയ കലാപങ്ങളും കർഷക ആത്മഹത്യയും**</u>

5 **ശ്രീ എം നൗഷാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലയളവിൽ സംസ്ഥാനത്ത് നടന്ന വർഗ്ഗീയ കലാപങ്ങളും, കർഷക ആത്മഹത്യകളും സംബന്ധിച്ച് ഈ സർക്കാർ അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) 2016-2026 കാലയളവിൽ വർഗ്ഗീയ കലാപങ്ങൾ ഉണ്ടാകാതിരിക്കുന്നതിനും, കർഷക ആത്മഹത്യ തടയുന്നതിനും സർക്കാർ സ്വീകരിച്ച ജാഗ്രതയും കരുതലും എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) രാജ്യത്ത് പലയിടങ്ങളിലും ആരാധനാലയങ്ങൾ തകർക്കുകയും വർഗ്ഗീയകലാപങ്ങളും, ദളിത് പീഢനങ്ങളും അരങ്ങേറുന്നതായ സമയത്തും കേരളത്തിൽ മാനവീയത ഉയർത്തിപ്പിടിക്കുന്നതിനും സമാധാനവും സാഹോദര്യവും നിലനിർത്തുന്നതിനുമായി എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

## നവകേരള പഠന പരിപാടി

6 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള പഠന പരിപാടി എന്ന പേരിൽ സർക്കാർ നടത്തുന്ന ഗൃഹസന്ദർശന പരിപാടിയുടെ ലക്ഷ്യം എന്താണെന്ന് വ്യക്തമാക്കാമോ; ഈ പദ്ധതിയിലൂടെ പൊതുജനങ്ങളിൽ നിന്ന് ശേഖരിക്കുന്ന വിവരങ്ങൾ എപ്രകാരമാണ് ക്രോഡീകരിക്കുന്നത് എന്ന് അറിയിക്കാമോ;

(ബി) ഇതിനായി വോളൻറിയർമാരെ തിരഞ്ഞെടുത്തത് എപ്രകാരമാണെന്നും ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

## നവകേരള സദസ് വഴിയുള്ള വികസന പദ്ധതികൾ

7 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പ്രാദേശിക റോഡ് വികസന പദ്ധതികൾ വഴി കേരളത്തിൽ എത്ര കോടി രൂപയുടെ റോഡ് പദ്ധതികളാണ് അനുവദിച്ചതെന്ന വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) നവകേരള സദസ്സ് വഴി ജനങ്ങൾ നിർദ്ദേശിച്ച വികസന പദ്ധതി പ്രകാരം എത്ര കോടി രൂപയുടെ പദ്ധതികൾ അനുവദിച്ചുവെന്നും ഇതുവഴി എത്ര പദ്ധതികൾ അനുവദിച്ചുവെന്നും അറിയിക്കാമോ?

## മലയോര ഹൈവേ പുനരുദ്ധാരണം

8 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 05.01.2021 ൽ ബഹു. മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കോതമംഗലം മണ്ഡലത്തിലെ ആറാം മൈൽ-എളംബ്ലാശ്ശേരി വഴി ഇടുക്കി ജില്ലയിലെ കുറത്തിക്കുടി-പെരുമ്പൻകുത്ത് ഭാഗത്തുകൂടി കടന്നുപോകുന്ന മലയോര ഹൈവേയുടെ അലൈൻമെന്റ് മാറ്റം വരുത്താൻ തീരുമാനിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ആറാം മൈൽ മുതൽ എളംബ്ലാശ്ശേരി വരെയുള്ള ഭാഗം നിലവിലുള്ള വീതിയിൽ പുനരുദ്ധാരണം നടത്തുന്നതിനുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ;

(സി) എളംബ്ലാശ്ശേരി മുതൽ കുറിത്തിക്കുടി വരെ 5.5 മീറ്റർ വീതിയിൽ പേവർ ബ്ലോക്ക് വച്ച് നിർമ്മാണം നടത്താൻ എടുത്ത തീരുമാനം നടപ്പാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

## <u>കായംകുളം നിയോജകമണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി</u>

9 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി കായംകുളം നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ, ഓരോ പദ്ധതിക്കായും അനുവദിച്ച തുക, പ്രവൃത്തികളുടെ നിലവിലുള്ള പുരോഗതി എന്നിവ പഞ്ചായത്ത്, നഗരസഭ തിരിച്ച് ലഭ്യമാക്കുമോ?

## <u>പാറശ്ശാല മണ്ഡലത്തിലെ കെ-ഫോൺ പദ്ധതി</u>

10 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജക മണ്ഡലത്തിൽ കെ-ഫോൺ പദ്ധതിയുടെ ഭാഗമായി എത്ര കിലോമീറ്റർ കേബിൾ ലേയിംഗ് പൂർത്തിയാക്കിയിട്ടുണ്ട്; പദ്ധതിയുടെ നിലവിലെ പുരോഗതിയും പ്രവർത്തനക്ഷമതയും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ഏതൊക്കെ സർക്കാർ ഓഫീസുകൾ, ആരോഗ്യ കേന്ദ്രങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പൊതു സ്ഥലങ്ങൾ എന്നിവിടങ്ങളിലാണ് കെ-ഫോൺ കണക്ഷൻ നിലവിൽ ലഭ്യമാക്കിയിട്ടുള്ളത്; ഗ്രാമപഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) പാറശ്ശാല മണ്ഡലത്തിലെ എത്ര ബി.പി.എൽ. കുടുംബങ്ങൾക്ക് പദ്ധതി പ്രകാരമുള്ള സൗജന്യ ഇന്റർനെറ്റ് കണക്ഷൻ ഇതിനകം നൽകിയിട്ടുണ്ട്; ഗുണഭോക്താക്കളെ തിരഞ്ഞെടുത്തിട്ടും കണക്ഷൻ ലഭിക്കാത്തവർ എത്ര പേരുണ്ട്;

(ഡി) മണ്ഡലത്തിലെ മലയോര-തീരദേശ മേഖലകളിലെ ഇന്റർനെറ്റ് ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി കൂടുതൽ സ്ഥാപനങ്ങളിലേക്കും വ്യക്തികളിലേക്കും കെ-ഫോൺ സേവനം വ്യാപിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദമാക്കുമോ ?

## <u>ഡൽഹിയിലെ പ്രത്യേക പ്രതിനിധി</u>

11 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ പ്രത്യേക പ്രതിനിധിയായി ഡൽഹിയിൽ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ; എങ്കിൽ ആരെയാണ് നിയമിച്ചതെന്നും എന്ന് മുതലാണ് നിയമിച്ചതെന്നുമുള്ള വിശദവിവരം നൽകാമോ;

(ബി) സർക്കാരിന്റെ പ്രത്യേക പ്രതിനിധിക്ക് അനുവദിച്ചിട്ടുള്ള സൗകര്യങ്ങൾ, ശമ്പളം, മറ്റു ആനുകൂല്യങ്ങൾ എന്നിവയുടെ വിശദവിവരം ലഭ്യമാക്കാമോ;

(സി) നിയമനം മുതൽ നാളിതുവരെ ഇദ്ദേഹം ഓണറേറിയം, ശമ്പളം, മറ്റ് ആനുകൂല്യങ്ങൾ എന്നീ ഇനത്തിൽ എത്ര രൂപ കൈപ്പറ്റിയിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) ഡൽഹിയിലെ സർക്കാരിന്റെ പ്രതിനിധി മൂലം സംസ്ഥാനത്തിന് എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ടെന്നത് വിശദമാക്കാമോ?

## <u>വകുപ്പുകളിലെ താൽകാലിക -ഡെപ്യൂട്ടേഷൻ നിയമനങ്ങൾ</u>

12 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കീഴിലുള്ള വകുപ്പുകളിൽ 2016 മുതൽ നാളിതുവരെ കരാർ അടിസ്ഥാനത്തിലും ദിവസ വേതനാടിസ്ഥാനത്തിലും മറ്റ് രീതിയിൽ താൽക്കാലികമായും ജീവനക്കാർ നിയമിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അത് ഏതെല്ലാം തസ്തികകളിലാണെന്നും ഓരോ തസ്തികകളിൽ നിയമിക്കപ്പെട്ടവരുടെ എണ്ണം എത്രയാണെന്നും വകുപ്പ്, ജില്ല, തസ്തിക എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വകുപ്പുകളിൽ 2016 മുതൽ നാളിതുവരെ കരാർ അടിസ്ഥാനത്തിലും ദിവസ വേതനാടിസ്ഥാനത്തിലും മറ്റ് രീതിയിൽ താൽക്കാലികമായും നിയമിക്കപ്പെട്ടിട്ടുള്ള ജീവനക്കാരിൽ ആരെയെങ്കിലും സ്ഥിരപ്പെടുത്തിയിട്ടുണ്ടെങ്കിൽ അവർ ആരെല്ലാം ആണെന്നും, ഏതെല്ലാം തസ്തികകളിലാണെന്നും അവരെ സ്ഥിരപ്പെടുത്തിയതിന്റെ അടിസ്ഥാനം എന്തെന്നും വകുപ്പ്, ജില്ല, തസ്തിക എന്നിവ തിരിച്ച് അറിയാക്കാമോ;

(സി) പ്രസ്തുത വകുപ്പുകളിൽ നടന്നിട്ടുള്ള ഡെപ്യൂട്ടേഷൻ നിയമനങ്ങൾ ഏതെല്ലാം തസ്തികകളിലാണെന്നും പ്രസ്തുത തസ്തികകളിൽ നിയമിക്കപ്പെട്ടവർ ആരെല്ലാമാണെന്നും അവർ ഏതു തസ്തികകളിൽ നിന്നാണ് ഡെപ്യൂട്ടേഷൻ തസ്തികകളിലേക്ക് എത്തിയതെന്നുമുള്ള വിവരം വകുപ്പ്, ജില്ല എന്നിവ തിരിച്ച്, ലഭ്യമാക്കാമോ?

## കൂത്തുപറമ്പ് താലൂക്ക് ആശുപത്രിയിൽ അനിവാര്യ തസ്തികകൾ അനുവദിക്കുന്നതിനുള്ള നടപടി

13 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025 നവംബർ 3-ന് ബഹു. മുഖ്യമന്ത്രി ഉദ്ഘാടനം നിർവ്വഹിച്ച കൂത്തുപറമ്പ് താലൂക്ക് ആശുപത്രിയുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് ആവശ്യമായ അനിവാര്യ തസ്തികകൾ അനുവദിക്കാത്തത് കാരണം പൊതുജനങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തസ്തികകൾ അനുവദിക്കുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ?

## സർക്കാർ ഓഫീസുകളുടെ പ്രവൃത്തി ദിനങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടി

14 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളുടെ പ്രവൃത്തി ദിനങ്ങൾ ആഴ്ചയിൽ 5 ദിവസമായി കുറയ്ക്കുന്നതിനുള്ള നടപടികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച് സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയിരുന്നോ; ഉണ്ടെങ്കിൽ പ്രസ്തുത മീറ്റിംഗ് മിനിട്ട്സിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) സർക്കാർ ഓഫീസുകളുടെ പ്രവൃത്തി ദിനങ്ങൾ ആഴ്ചയിൽ 5 ദിവസമായി കുറയ്ക്കുന്നതിന്റെ ഭാഗമായി സർക്കാർ മുന്നോട്ട് വച്ചിട്ടുള്ള നിബന്ധനകൾ

എന്തൊക്കെയാണ്; അതിൽ സർവ്വീസ് സംഘടനകൾ ഉന്നയിച്ചിട്ടുള്ള ആശങ്കകൾ പരിഹരിക്കാൻ സാധിക്കുന്നതാണോ; വ്യക്തമാക്കാമോ;

(സി) കേന്ദ്ര സർക്കാർ ഓഫീസുകൾക്ക് സമാനമായി മറ്റു സംസ്ഥാനങ്ങളിലെ സർക്കാർ ഓഫീസുകളുടെ പ്രവൃത്തി ദിനങ്ങൾ ആഴ്ചയിൽ 5 ദിവസമായി കുറച്ചിട്ടുണ്ട് എന്നതിന്റെ വിശദാംശങ്ങൾ സർക്കാരിന്റെ പക്കൽ ഉണ്ടോ; ഉണ്ടെങ്കിൽ അത്തരം സംസ്ഥാനങ്ങളിൽ സർക്കാർ ഓഫീസുകളുടെ പ്രവൃത്തി ദിനങ്ങൾ ആഴ്ചയിൽ 5 ദിവസമായി കുറച്ചത് കൊണ്ട് സംഭവിച്ച നേട്ടങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ?

## <u>കളർ കോഡ് സംവിധാനം</u>

15 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിനായി കളർ കോഡ് സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഫയലുകൾക്ക് കളർ കോഡ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും വിശദമാക്കാമോ;

(സി) ഫയലുകൾക്ക് കളർ കോഡ് സംവിധാനം നടപ്പിലാക്കിയതിലൂടെ ഫയൽ നീക്കത്തിൽ എന്തെല്ലാം പുരോഗതി കൈവരിച്ചു എന്ന് വ്യക്തമാക്കാമോ?

## <u>വർക്കല മണ്ഡലത്തിലെ പോലീസ്, ഫയർ & റസ്ക്യൂ വകുപ്പുകളുടെ നവീകരണം</u>

16 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജക മണ്ഡലത്തിൽ മുൻ സർക്കാരിന്റെയും (2016-21) ഈ സർക്കാരിന്റെയും കാലയളവിൽ പോലീസ്, ഫയർ & റസ്ക്യൂ വകുപ്പുകളുടെ നവീകരണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഓരോ പദ്ധതികൾക്കുമായി അനുവദിച്ചിട്ടുള്ള ഫണ്ട് എത്രയെന്ന് വിശദമാക്കാമോ?

## <u>കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലെ അംഗങ്ങളുടെ എണ്ണം</u>

17 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിലവിൽ എത്ര അംഗങ്ങളുണ്ട്;

(ബി) അംഗങ്ങളുടെ എണ്ണം അവസാനമായി വർദ്ധിപ്പിച്ചത് ഏതു വർഷമാണ്;

(സി) വിവിധ ഘട്ടങ്ങളിലായി നടത്തിയ വർദ്ധനവും അത് നടപ്പിലാക്കിയ വർഷങ്ങളും പ്രത്യേകം ലഭ്യമാക്കാമോ;

(ഡി) പി.എസ്.സി. അംഗങ്ങളെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

## സെക്രട്ടേറിയറ്റ് കമ്പ്യൂട്ടർ അസിസ്റ്റന്റ് നിയമനം

18 **ശ്രീ. അൻവർ സാദത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-2, കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-1, കമ്പ്യൂട്ടർ അസിസ്റ്റന്റ് സീനിയർ ഗ്രേഡ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് സെലക്ഷൻ ഗ്രേഡ്, ഓഫീസ് സൂപ്രണ്ട് തസ്തികകളിൽ സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ അനുവദനീയമായ എത്ര തസ്തികകൾ വീതമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; നിലവിൽ ഇതിൽ എത്ര ആളുകൾ ജോലി ചെയ്യുന്നുണ്ടെന്നും എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്നും അറിയിക്കാമോ; കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിൽ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാനുള്ള എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സെക്രട്ടേറിയറ്റ് കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽ നിന്നും സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ 2024, 2025 വർഷങ്ങളിൽ കാറ്റഗറി മാറ്റത്തിലൂടെ സെക്രട്ടേറിയറ്റ് അസിസ്റ്റന്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, മറ്റ് തസ്തികകൾ എന്നിവയിലേക്ക് എത്രപേർ മാറിയിട്ടുണ്ടെന്ന വിവരം വർഷവും തസ്തികയും തിരിച്ച് ലഭ്യമാക്കുമോ; ഇപ്രകാരം സെക്രട്ടേറിയറ്റ് കമ്പ്യൂട്ടർ അസ്സിസ്റ്റന്റ് ഗ്രേഡ് 2 & 1 തസ്തികകളിൽ എത്ര ഒഴിവുകളാണ് നിലവിൽ വന്നതെന്നും, കാറ്റഗറി മാറ്റത്തിലൂടെ വന്ന കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിലെ ഒഴിവുകൾ സമയബന്ധിതമായി പി.എസ്.എസി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും ഓരോ വർഷവും എത്ര ഒഴിവുകൾ വീതം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) ഇപ്രകാരം തസ്തിക മാറിയതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടേറിയറ്റ് കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിലുണ്ടായ ഒഴിവുകൾ ഈ വർഷങ്ങളിൽ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ 2024, 2025 വർഷങ്ങളിൽ വിരമിക്കൽ മൂലം സെക്രട്ടേറിയറ്റ് കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ടെന്ന വിവരം വർഷം തിരിച്ച് ലഭ്യമാക്കുമോ; ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഇനി എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാനുണ്ടെന്നും വ്യക്തമാക്കാമോ;

(ഇ) സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ 2024, 2025 വർഷങ്ങളിൽ സെക്രട്ടേറിയേറ്റ് കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിൽ നിന്നും ഗ്രേഡ്-1 ലേയ്ക്ക് സ്ഥാനക്കയറ്റം അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഈ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ ഒരോ വർഷവും എത്ര ഒഴിവുകൾ വീതമെന്നും ഇനി എത്ര ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യാനുണ്ടെന്നും വ്യക്തമാക്കാമോ;

(എഫ്) സെക്രട്ടേറിയറ്റ് കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ബാക്കിയുള്ള കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിലെ ഒഴിവുകൾ

പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് ഓഡിറ്റർ തസ്തികയിലെ അപേക്ഷ

19 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് ഓഡിറ്റർ തസ്തികയിൽ അപേക്ഷ സമർപ്പിച്ചവർക്ക് നിയമനം നൽകുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള പരാതികൾ നിലവിലുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) നിലവിൽ ഓഡിറ്റർ തസ്തികയിൽ എത്ര അപേക്ഷരുണ്ടെന്ന് വിശദമാക്കാമോ;

(സി) എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഓഡിറ്റർ തസ്തികയിലേക്കുള്ള സീനിയോറിറ്റി ലിസ്റ്റ് പരിഷ്കരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

## കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള തീരുമാനം

20 **ശ്രീ. പി. കെ. ബഷീർ**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ സർക്കാർ ഓഫീസുകളിലായി ജോലി നോക്കി വരുന്ന കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്താൻ തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഇപ്രകാരം സ്ഥിരപ്പെടുത്തുന്നതിന് എന്തെങ്കിലും മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) വിവിധ പി. എസ്. സി. റാങ്ക് പട്ടികകളിൽ ഉൾപ്പെടുന്നവരെ ഈ തീരുമാനം പ്രതികൂലമായി ബാധിക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ തീരുമാനം പുന:പരിശോധിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

## കേരള പി.എസ്.സി. 57/2021 വിജ്ഞാപനം

21 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പി.എസ്.സി. 57/2021 വിജ്ഞാപന പ്രകാരം പരീക്ഷ നടത്തി പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്നും നിലവിൽ എത്ര പേരെയാണ് അഡ്വൈസ് ചെയ്തിട്ടുള്ളതെന്ന വിശദവിവരം വകുപ്പുകൾ തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വിജ്ഞാപന പ്രകാരം ഏതൊക്കെ വകുപ്പുകളിലാണ് നിയമനം നടത്തുന്നതെന്നുള്ള വിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത വകുപ്പുകളിൽ 2026 ഏപ്രിൽ 30 വരെ അസിസ്റ്റന്റ്/ആഡിറ്റർ തസ്തികയിൽ എത്ര ഒഴിവുകളാണ് വരുന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം

നൽകാമോ?

## ഉദ്യോഗസ്ഥരുടെ എണ്ണം

22 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ൽ പുതിയ സർക്കാർ അധികാരമേറ്റത് മുതൽ നാളിതുവരെ വിവിധ വകുപ്പുകളിലെ വിവിധ തസ്തികകളിലായി പി,എസ്.സി. മുഖേന, താൽക്കാലികം, കോൺട്രാക്ട് , എംപ്ലോയ്മെന്റ്, മറ്റ് തരത്തിൽ സ്ഥിര നിയമനം എന്നിങ്ങനെ ഓരോ വർഷവും നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ എണ്ണം തരം തിരിച്ച് ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്ത് പെൻഷൻ പ്രായം 56 നേക്കാൾ കൂടുതലായുള്ള വിഭാഗം ജീവനക്കാരുടെയും അവരുടെ പെൻഷൻ പ്രായവും തരം തിരിച്ച് ലഭ്യമാക്കാമോ;

(സി) 2016 ൽ സർക്കാർ അധികാരമേറ്റതിനുശേഷം പെൻഷൻ പ്രായം വർധിപ്പിച്ചിട്ടുള്ള സർക്കാർ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് സ്ഥാപനവും പെൻഷൻ പ്രായവും തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(ഡി) നിലവിലെ സർക്കാർ അധികാരമേറ്റ ശേഷം വിവിധ സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലായി പി.എസ്.സി മുഖേന അല്ലാതെ മറ്റ് മാർഗങ്ങളിലൂടെ നിയമനം ലഭിച്ച ജീവനക്കാരുടെ എണ്ണം, സ്ഥാപനം,തസ്തിക-സ്ഥിര /താൽക്കാലിക/ കരാർ നിയമനം എന്നിവ തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ ?

## സ്പാർക്ക് മുഖേന ശമ്പളം കൈപ്പറ്റിയ ഉദ്യോഗസ്ഥരുടെ എണ്ണം

23 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ മാസത്തിൽ സ്പാർക്ക് മുഖേന ശമ്പളം കൈപ്പറ്റിയ ഉദ്യോഗസ്ഥരുടെ എണ്ണം വകുപ്പ്,തസ്തിക- എന്നിവ തിരിച്ച് വ്യക്തമാക്കുമോ;

(ബി) 2021 ജൂൺ, 2025 ഡിസംബർ എന്നീ മാസങ്ങളിൽ ഇപ്രകാരം ശമ്പളം കൈപ്പറ്റിയ ഉദ്യോഗസ്ഥരുടെ എണ്ണം വകുപ്പ്, തസ്തിക എന്നിവ തിരിച്ച് വ്യക്തമാക്കുമോ;

(സി) 2016 ജൂൺ മാസത്തിന് ശേഷം സ്പാർക്ക് മുഖേന ശമ്പളം നൽകുവാൻ ആരംഭിച്ച ഏതെങ്കിലും ഓഫീസുകൾ ഉണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഓഫീസുകളിലെ സ്റ്റാഫുകളുടെ വിശദാംശം നൽകാമോ;

(ഡി) 2016 ജൂൺ മാസത്തിന് ശേഷം സ്പാർക്ക് മുഖേന ഏതെങ്കിലും കാറ്റഗറി ജീവനക്കാർക്ക് പുതിയതായി ശമ്പളം നൽകുവാൻ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ വിഭാഗത്തിൽപ്പെട്ട ജീവനക്കാരെയാണ് ഇപ്രകാരം ഉൾപ്പെടുത്തിയിട്ടുള്ളത്; പ്രസ്തുത ജീവനക്കാരെ സംബന്ധിച്ച വിശദാംശങ്ങൾ പ്രത്യേകം നൽകാമോ?

## വിവിധ സർക്കാർ വകുപ്പുകൾ ഒഴികെയുള്ള സ്ഥാപനങ്ങളിൽ പി.എസ്.സി വഴിയുള്ള നിയമനം

24 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ വകുപ്പുകൾ ഒഴികെ പി.എസ്.സി. വഴി നിയമനം നടത്തിവരുന്ന സ്ഥാപനങ്ങളിൽ (വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ, വിവിധ കമ്പനി ബോർഡ് കോർപ്പറേഷനുകൾ, വിവിധ യൂണിവേഴ്സിറ്റികൾ മുതലായവ) 2016 മെയ് മുതൽ 2025 ഡിസംബർ വരെ ഓരോ വർഷവും വിരമിച്ച ജീവനക്കാരുടെ എണ്ണം എത്രയെന്ന് അറിയിക്കാമോ ;

(ബി) 2016 മെയ് മുതൽ 2025 ഡിസംബർ വരെ ഓരോ വർഷവും ഈ സ്ഥാപനങ്ങളിലേയ്ക്ക് പി.എസ്.സി വഴി നടത്തിയ നിയമനങ്ങൾ എത്രയെന്ന് അറിയിക്കാമോ?

## താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന നടപടി

25 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഏതെല്ലാം വകുപ്പുകളിൽ എത്ര താൽക്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ട്; വിശദാംശം നൽകുമോ ;

(ബി) ഇത്തരത്തിൽ താൽക്കാലികമായി നിയമിച്ച ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടികൾ സർക്കാർ തലത്തിൽ ഏതെങ്കിലും വകുപ്പുകളിൽ സ്വീകരിച്ചിട്ടുണ്ടോ; വകുപ്പും തസ്തികയും തിരിച്ചുള്ള വിശദാംശം വെളിപ്പെടുത്തുമോ;

(സി) താൽക്കാലികമായി നിയമിച്ച ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ നയം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) തൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട കോടതി വിധികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുമോ ?

## സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ കരാർ നിയമനം

26 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് വിവിധ സർക്കാർ വകുപ്പുകൾ, കമ്പനികൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, തദ്ദേശ സ്ഥാപനങ്ങൾ, ശാസ്ത്രസാങ്കേതിക ഗവേഷണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ എന്നിവിടങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെ നടത്തിയിട്ടുള്ള കരാർ നിയമനങ്ങളുടെയും താൽക്കാലിക നിയമനങ്ങളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ പി.എസ്.സി. മുഖാന്തരം നിയമനം നടത്തേണ്ട തസ്തികയിൽ എത്ര പേർ താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ടെന്ന് വിശദീകരിക്കുമോ;

(സി) വിവിധ സ്ഥാപനങ്ങളിലായി എത്ര താൽക്കാലിക / കരാർ ജീവനക്കാരെയാണ് ഈ സർക്കാരിന്റെ കാലയളവിൽ സ്ഥിരപ്പെടുത്തിയിട്ടുള്ളതെന്ന് വകുപ്പ്-സ്ഥാപനം തിരിച്ച് വിശദമാക്കാമോ;

(ഡി) താത്കാലിക/കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച എന്തെങ്കിലും പ്രൊപ്പോസൽ സർക്കാരിന്റെ

പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

**<u>വ്യവസായക്ഷേമബോർഡ് വഴി നൽകുന്ന പെൻഷൻ</u>**

27 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ വ്യവസായ ക്ഷേമ ബോർഡ് വഴി നൽകുന്ന പെൻഷൻ യഥാസമയം നൽകുന്നതിന് തടസ്സങ്ങൾ നേരിടുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>നവ കേരള സദസ്സിന് ഉപയോഗിച്ച പ്രത്യേക ബസിനു വേണ്ടി ചെലവായ തുക</u>**

28 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവ കേരള സദസ്സിന് മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും യാത്രയ്ക്കായി ഉപയോഗിച്ച പ്രത്യേക ബസിനു വേണ്ടി എത്ര തുക ഏതൊക്കെ ഇനത്തിൽ ചെലവഴിച്ചു എന്നതിന്റെ വിശദാംശം ഇനം തിരിച്ചു നൽകാമോ;

(ബി) പ്രസ്തുത ബസ് നിലവിൽ ഉപയോഗിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ബസ്സിന്റെ വാടക ഇനത്തിലോ മറ്റ് ഇനങ്ങളിലോ നിലവിൽ എത്ര തുക വരുമാനം ലഭിക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

**<u>സർക്കാർ , പൊതുമേഖല സ്ഥാപനങ്ങളിലെ ഐ.ടി. അധിഷ്ഠിത ജോലികൾ</u>**

29 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ സർക്കാർ വകുപ്പുകളുടെയും അർദ്ധ സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളുടെയും എന്തെല്ലാം ഐ.ടി. അധിഷ്ഠിത ജോലികളാണ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ (യു.എൽ.സി.സി.എസ്.) ഏൽപ്പിച്ചിരിക്കുന്നത് എന്ന് വിശദമാക്കാമോ;

(ബി) മേൽ സൂചിപ്പിച്ചതിന്റെ കോൺട്രാക്ട് തീയതിയും തുകയും കാലാവധിയും സ്ഥാപനം തിരിച്ചു ലഭ്യമാക്കാമോ; ആയതിൽ എത്ര സ്ഥാപനങ്ങളിൽ ഇതിനകം പ്രവൃത്തി പൂർത്തികരിച്ചിട്ടുണ്ടെന്നത് വിശദമാക്കാമോ;

(സി) ഏതെങ്കിലും സ്ഥാപനത്തിൽ പ്രവൃത്തി പൂർത്തികരിക്കാതെ കോൺട്രാക്റ്റിൽ നിന്നും യു.എൽ.സി.സി.എസ്. പിൻമാറിയിട്ടുണ്ടോ; എങ്കിൽ മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും കൂടുതൽ തുക കൈപ്പറ്റിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത തുക തിരികെ പിടിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**<u>സ്പെഷ്യൽ റൂൾ ഭേദഗതി</u>**

30 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 ന ശേഷം സംസ്ഥാനത്തെ പൊതുമേഖല സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, ജുഡീഷ്യൻ കമ്മീഷനുകൾ, ക്ഷേമനിധികൾ, സർക്കാർ ബോർഡുകൾ, സഹകരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ എന്നിവകളിലെ ഏതെല്ലാം സ്ഥാപനങ്ങളിലെ ഏതെല്ലാം തസ്തികകളിലെ നിയമനങ്ങളാണ് പി. എസ്. സി.-യ്ക്ക് വിട്ടിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(ബി) ഇതിനകം പി. എസ്. സി.-യ്ക്ക് നിയമനങ്ങൾ വിട്ടു നൽകിയിട്ടും സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിലെ കാലതാമസം കാരണം ഏതെല്ലാം സ്ഥാപനങ്ങളിലെ നിയമനങ്ങളാണ് പി. എസ്. സി. മുഖേന ഇപ്പോഴും നികത്താൻ സാധിക്കാത്തതെന്ന് വ്യക്തമാക്കാമോ; വിശേഷാൽ ചട്ടങ്ങളും നിയമന ചട്ടങ്ങളും തയ്യാറാക്കി സമർപ്പിക്കാത്ത സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വകുപ്പ് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്തെ പൊതുമേഖല സ്ഥാപനങ്ങൾ, ക്ഷേമനിധികൾ, സർക്കാർ ബോർഡുകൾ, സഹകരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ എന്നിവയിൽ നിയമന ചട്ടങ്ങൾ, വിശേഷാൽ ചട്ടങ്ങൾ എന്നിവ തയ്യാറാക്കാത്തതിനാൽ നിയമനങ്ങളിൽ സംവരണം പാലിക്കുന്നില്ല എന്നത് പരിശോധിക്കാമോ;

(ഡി) പ്രസ്തുത ചട്ടങ്ങൾ തയ്യാറാക്കി സമർപ്പിച്ചിട്ടും ചട്ടത്തിലെ വ്യവസ്ഥകൾ പ്രകാരം പി. എസ്. സി. വഴി നിയമനം നടത്താത്ത സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

## <u>സർക്കാർ നടത്തിയ കോൺക്ലേവുകൾ</u>

31 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ സംസ്ഥാന സർക്കാർ നടത്തിയ കോൺക്ലേവുകൾ ഏതൊക്കെയാണെന്നും ഏതൊക്കെ വിഷയങ്ങളിലാണ് കോൺക്ലേവുകൾ സംഘടിപ്പിച്ചതെന്നും വ്യക്തമാക്കുമോ; ഓരോ കോൺക്ലേവിനും ചെലവഴിച്ച തുക ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഓരോ കോൺക്ലേവിനും സ്പോൺസർഷിപ്പ് ലഭിച്ച തുകയുടെ വിശദാംശങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമോ; പ്രസ്തുത തുക ഏതൊക്കെ കാര്യങ്ങൾക്കാണ് വിനിയോഗിച്ചത് എന്ന വിശദാംശങ്ങൾ വ്യക്തമാക്കുമോ?

## <u>കാസർഗോഡ് സിവിൽ സ്റ്റേഷനിലെ ജീവനക്കാരുടെ വീട്ടുവാടക അലവൻസ്</u>

32 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന വിവിധ ഓഫീസുകളിലെ ജീവനക്കാർക്ക് ജില്ലാ ആസ്ഥാനത്തെ മുൻസിപ്പാലിറ്റി (കാസർഗോഡ് ) പരിധിയിൽ ജോലി ചെയ്യുന്ന ജീവനക്കാർ എന്ന് കണക്കാക്കി ക്ലാസ് ബി പ്രദേശങ്ങൾക്ക് ബാധകമായ നിരക്കിൽ അടിസ്ഥാന ശമ്പളത്തിന്റെ 8% വീട്ടുവാടക ബത്ത അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ കാസർഗോഡ് മുനിസിപ്പാലിറ്റിക്കകത്ത് സ്ഥിതി ചെയ്യുന്ന ഓഫീസുകളിലെ ജീവനക്കാർക്ക് നിലവിൽ പ്രസ്തുത ഉത്തരവ് അനുസരിച്ച് അടിസ്ഥാന ശമ്പളത്തിന്റെ 8% വീട്ടുവാടക ബത്ത നൽകുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്നും മുൻസിപ്പാലിറ്റിക്കകത്ത് സ്ഥിതി ചെയ്യുന്ന ഓഫീസുകളിലെ ജീവനക്കാർക്ക് അടിസ്ഥാന ശമ്പളത്തിന്റെ എത്ര ശതമാനം വീട്ടുവാടക ബത്തയാണ് നൽകുന്നതെന്നും വ്യക്തമാക്കുമോ?

## ഹെലികോപ്ടറിന്റെ വാടക ഇനത്തിൽ ചിലവായ തുക

33 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ഏതൊക്കെ ആവശ്യങ്ങൾക്ക് വേണ്ടിയാണ് ഹെലികോപ്ടർ വാടകയ്ക്ക് എടുത്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഹെലികോപ്ടർ എന്തെല്ലാം ആവശ്യങ്ങൾക്കായാണ് ഉപയോഗിച്ചതെന്നും ആരെല്ലാമാണ് ഉപയോഗിച്ചിരുന്നതെന്നും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ സംസ്ഥാന സർക്കാർ വാടകയ്ക്ക് എടുത്ത ഹെലികോപ്ടർ ആരോഗ്യ രക്ഷാ പ്രവർത്തനങ്ങൾക്കായി എത്ര തവണ, എത്ര മണിക്കൂർ ഉപയോഗിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) ഹെലികോപ്ടറിന്റെ വാടകയ്ക്കും മറ്റ് അനുബന്ധ ചിലവുകൾക്കുമായി സർക്കാരിനു ഖജനാവിൽ നിന്നും നാളിതുവരെ എത്ര തുക ചെലവഴിക്കേണ്ടി വന്നു എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ?

## റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി

34 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരവും മുഖ്യമന്ത്രിയുടെ പ്രാദേശിക റോഡ് പുനർനിർമ്മാണ പദ്ധതി പ്രകാരവും അനുമതി നൽകിയിട്ടുള്ള വിവിധ പദ്ധതികളുടെ വിശദാംശം, പുരോഗതി എന്നിവ അറിയിക്കാമോ?

## മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിലെ റോഡുകൾ

35 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തിയ റോഡുകൾ ഏതൊക്കെയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഓരോ മണ്ഡലത്തിനും അനുവദിച്ച റോഡുകളുടെ എണ്ണവും തുകയും വ്യക്തമാക്കാമോ;

(സി) ഭരണാനുമതി ലഭിച്ച റോഡുകൾ, ടെൻഡർ ചെയ്ത റോഡുകൾ, പ്രവൃത്തി ആരംഭിച്ച റോഡുകൾ, പ്രവൃത്തി പൂർത്തീകരിക്കാത്ത റോഡുകൾ, പൂർത്തീകരിച്ച റോഡുകൾ എന്നിവ മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ഡി) പൂർത്തീകരിച്ച പ്രവൃത്തികളിൽ കരാറുകാരന് തുക നൽകിയതും, ഇനിയും നല്കേണ്ടതുമായ പ്രവൃത്തികളുടെ വിശദാംശവും നൽകാമോ?

**<u>നവകേരളം കർമ്മ പദ്ധതി</u>**

36 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലത്ത് കുറ്റ്യാടി നിയോജക മണ്ഡലത്തിൽ നവകേരളം കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിലേക്ക് ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതും നിർവഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ എതൊക്കെയെന്ന് അവയുടെ തൽസ്ഥിതിസഹിതം വ്യക്തമാക്കാമോ?

**<u>ആലത്തൂർ മണ്ഡലത്തിൽ നവകേരള സദസ്സിന്റെ ഭാഗമായുള്ള പദ്ധതികൾ</u>**

37 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സിന്റെ ഭാഗമായി ആലത്തൂർ മണ്ഡലത്തിൽ ഏതൊക്കെ പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പ്രവൃത്തി എപ്പോൾ ആരംഭിക്കാനാകുമെന്ന് അറിയിക്കുമോ?

**<u>നവകേരള സദസ്സ്</u>**

38 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സുമായി ബന്ധപ്പെട്ട് കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികളാണ് അംഗീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(സി) ഭരണാനുമതി ലഭിച്ച പ്രവൃത്തികൾക്ക് ഫണ്ട് ലഭ്യമാക്കുന്നതിന് തടസ്സം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

**<u>നവകേരള സദസ്സിന്റെ ഭാഗമായി ദേവികുളം മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ</u>**

39 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സിന്റെ ഭാഗമായി ദേവികുളം മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾ അനുവദിച്ചെന്നും നിലവിൽ അവയുടെ നിർമ്മാണ പുരോഗതിയെന്തെന്നും വിശദമാക്കുമോ?

**<u>നവകേരള സദസ്സിൽ ഉൾപ്പെടുത്തി അനുവദിക്കുന്ന പദ്ധതികൾ</u>**

40 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സിൽ ഉൾപ്പെടുത്തി അനുവദിക്കപ്പെടുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കപ്പെടുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) നെന്മാറ നിയോജക മണ്ഡലത്തിലെ ഇത്തരം പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; അവ എന്ന് പൂർത്തീകരിക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## <u>നവ കേരള സർവെ</u>

41 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ മേൽനോട്ടത്തിൽ നവ കേരള സർവെ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) നവ കേരള സർവെയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) നവ കേരള സർവെ നടത്തുന്നതിന് നിലവിൽ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) നവ കേരള സർവെയ്ക്കായി എത്ര തുക ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും ആയത് എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ?

## <u>ലൈഫ് പദ്ധതി</u>

42 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതി പ്രകാരം 2016 മുതൽ 2021 വരെ കാലയളവിൽ എത്ര പേർക്ക് വീട് നിർമ്മിച്ച് നൽകിയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിപ്രകാരം ഏതൊക്കെ വകുപ്പുകൾ വീട് നിർമ്മിച്ച് നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

## <u>ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെ (ഐ.എ.വി) പ്രവർത്തന പുരോഗതി</u>

43 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീമതി ഒ എസ് അംബിക**
**ഡോ. സുജിത് വിജയൻപിള്ള**
**ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്, നിപ തുടങ്ങിയ പകർച്ച വ്യാധികളുടെ നിർണ്ണയത്തിന് ഇതര സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വന്നതു മൂലമുണ്ടായ കാലതാമസവും ആശങ്കകളും ഒഴിവാക്കുന്നതിനായി സംസ്ഥാന ശാസ്ത്ര സാങ്കേതിക വകുപ്പിന് കീഴിൽ തോന്നയ്ക്കൽ ലൈഫ് സയൻസസ് പാർക്കിൽ ആരംഭിച്ച ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ്

വൈറോളജിയുടെ (ഐ. എ. വി.) പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ ഗവേഷണ-പരീക്ഷണങ്ങൾക്കായി ഇതര സംസ്ഥാനങ്ങളിൽ നിന്നും വിദേശത്തു നിന്നുമുള്ള നിക്ഷേപകർ സമീപിച്ചിട്ടുണ്ടോ;

(സി) രാജ്യത്തെ വൈറോളജി ഗവേഷണങ്ങൾക്കായുള്ള ഒരു പ്രധാന കേന്ദ്രമായി ഐ. എ. വി. യെ മാറ്റിയെടുക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) വൈറോളജി ശാസ്ത്രമേഖലയിൽ വിദഗ്ധരെ വളർത്തിയെടുക്കുന്നതിനായും വൈറോളജി ഐച്ഛിക വിഷയമായി ഗവേഷണം നടത്തുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

## ജീവനക്കാരുടെ പ്രൊബേഷൻ എൻട്രി കേഡറിൽ മാത്രമാക്കുന്നതിനുള്ള ശിപാർശ

44 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ.-12) വകുപ്പ് പുറത്തിറക്കിയ സ.ഉ. (കൈ.)നം.24/2024/പി&എ.ആർ.ഡി. നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവ് പ്രകാരം ജീവനക്കാരുടെ പ്രൊബേഷൻ എൻട്രി കേഡറിൽ മാത്രമാക്കുന്നതിനുള്ള നിർദ്ദേശം നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

(സി) ഇതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ അടിയന്തര തുടർനടപടികൾ സ്വീകരിച്ച് സ.ഉ.(കൈ.)നം.24/2024/പി&എ.ആർ.ഡി.യിലെ ശിപാർശ നടപ്പിലാക്കുമോ; വ്യക്തമാക്കുമോ?

## 2016 മുതൽ 2021 വരെയുള്ള പി.എസ്.സി. നിയമനങ്ങൾ

45 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2021 വരെ വിവിധ വകുപ്പുകളിലായി പി.എസ്.സി. മുഖേന എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) 2021 മുതൽ 2026 നാളിതുവരെ എത്രപേർക്ക് പി.എസ്.സി. മുഖേന നിയമനം നൽകിയിട്ടുണ്ടെന്നും വിശദമാക്കാമോ;

(സി) വിവിധ വകുപ്പുകളിലെ റിട്ടയർമെന്റ് ഒഴിവുകൾ പി.എസ്.സി.യെ സമയബന്ധിതമായി അറിയിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## പി.എസ്.സി. മുഖാന്തരം കോഴിക്കോട് ജില്ലയിൽ നടത്തിയ നിയമനം

46 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. മുഖാന്തരം കോഴിക്കോട് ജില്ലയിൽ നടത്തിയ നിയമനങ്ങളുടെ വിശദാംശം വകുപ്പുകൾ തിരിച്ച് ലഭ്യമാക്കാമോ?

## സംസ്ഥാനത്ത് സർക്കാർ സർവ്വീസിലെ പി.എസ്.സി. നിയമനങ്ങൾ

47 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ സർവ്വീസിലെ നിയമനങ്ങൾ സമയബന്ധിതമായി നടത്തുന്നതിനായി എന്തെല്ലാം ഇടപെടലുകളാണ് നടത്തി വരുന്നതെന്ന് വിശദമാക്കാമോ;

(ബി) 2011-16 വരെയുള്ള കാലഘട്ടത്തിലും 2016 മെയ് മാസം മുതൽ 2026 നാളിതുവരെയുള്ള കാലഘട്ടത്തിലും എത്ര പി.എസ്.സി. നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന വിവരം ലഭ്യമാക്കാമോ;

(സി) നിലവിൽ സർക്കാർ സർവ്വീസിലെ എല്ലാ ഒഴിവുകളും നികത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ കർശന നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ?

## പി.എസ്.സി നിയമനങ്ങൾ

48 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2025 വരെ പി.എസ്.സി. മുഖേന എത്ര നിയമനങ്ങൾ വിവിധ വകുപ്പുകളിലായി നടന്നുവെന്ന് ജില്ലയും വർഷവും തിരിച്ച് വിശദമാക്കാമോ;

(ബി) പി.എസ്.സി. മുഖേന 2011 മുതൽ 2016 വരെ എത്ര നിയമനങ്ങൾ നടന്നു എന്നത് വ്യക്തമാക്കാമോ?

## പി.എസ്.സി. നിയമനം

49 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര ഉദ്യോഗാർത്ഥികൾക്കാണ് പി.എസ്.സി. മുഖേന ജോലി നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ; വകുപ്പുകൾ തിരിച്ചുള്ള കണക്ക് വിശദമാക്കുമോ?

## കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനങ്ങൾ

50 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷകൾ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) 2016-2025 കാലയളവിൽ പി.എസ്.സി. വഴി നൽകിയ ആകെ നിയമന ശിപാർശകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പി.എസ്.സി വഴി നിയമനം ലഭിച്ചിട്ടുള്ള ജീവനക്കാരുടെ വെരിഫിക്കേഷൻ പ്രക്രിയ സമയബന്ധിതമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ഡി) ഒഴിവുകൾ സമയബന്ധിതമായി റിപ്പോർട്ടു ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം മുൻകരുതലാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഇ) കണ്ണൂർ ജില്ലാ പി.എസ്.സി. ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

## <u>മലപ്പുറം ജില്ലയിലെ പി.എസ്.സി നിയമനം</u>

51 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ മലപ്പുറം ജില്ലയിൽ എത്ര ഉദ്യോഗാർത്ഥികൾക്ക് വിവിധ തസ്തികകളിൽ പി.എസ്.സി മുഖേനയുള്ള നിയമനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ തസ്തികയിലും നിലവിൽ ഇനിയും ഒഴിവുകൾ ഉണ്ടോയെന്നും അവ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) നിലവിലുണ്ടായിരുന്നവയിൽ കാലാവധി തീർന്ന ലിസ്റ്റുകൾ ഏതെല്ലാമാണെന്നും പുതിയ ലിസ്റ്റുകൾ വരാനുള്ളത് ഏതിലെല്ലാമാണെന്നും അവയുടെ റാങ്ക് ലിസ്റ്റുകൾ സമയബന്ധിതമായി പ്രസിദ്ധീകരിക്കുവാൻ നടപടി സ്വീകരിക്കുമോയെന്നും അറിയിക്കാമോ;

(ഡി) മലപ്പുറം ജില്ലയിലെ വിവിധ വകുപ്പുകളിലെ ഒഴിവുകൾ നികത്തുവാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

## <u>കേരള പോലീസ് വനിതാ ബറ്റാലിയനിലെ സ്ഥാനക്കയറ്റം</u>

52 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിൽ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 2017-ൽ തിരുവനന്തപുരത്ത് മേനംകുളം ആസ്ഥാനമായി രൂപീകരിച്ച വനിതാ ബറ്റാലിയനിൽ നിലവിലുണ്ടായിരുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിച്ച എത്ര സേനാംഗങ്ങൾ ജോലി ചെയ്യുന്നുണ്ട്; വിശദമാക്കാമോ;

(ബി) 18.01.1984- ലെ ജി.ഒ (പി) നമ്പർ.6/84/ഹോം എന്ന സ്പെഷ്യൽ റൂൾ പ്രകാരം പ്രസ്തുത സേനാംഗങ്ങൾക്ക് ലീൻ ഷിഫ്റ്റ് ചെയ്യുന്നതിനുള്ള അവസരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) വനിതാ ബറ്റാലിയനിൽ എട്ട് വർഷം മുൻപ് നിയമനം ലഭിച്ചവർ നിലവിലും കോൺസ്റ്റബിൾ തസ്തികയിൽ തുടരുമ്പോൾ 2021-ന് ശേഷം നിയമനം ലഭിച്ചവരെ ഹവിൽദാർ തസ്തികയിലേക്ക് പ്രൊമോട്ട് ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണവും നിലവിലെ സ്ഥിതിയും വിശദമാക്കാമോ;

(ഡി) 2017-ൽ വനിതാ ബറ്റാലിയനിൽ നിയമിതരായവർക്ക് അവരുടെ സീനിയോരിറ്റി പരിഗണിച്ച് എത്രയും വേഗം ഹവിൽദാർ സ്ഥാനക്കയറ്റം നൽകുന്നതിനും വനിതാ ബറ്റാലിയനിലേയ്ക്ക് അവരുടെ ലീൻ ഷിഫ്റ്റ് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

## <u>ഐ.സി.ഡി.എസ്. സൂപ്പർവൈസർ റാങ്ക് ലിസ്റ്റ്</u>

53 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 149/2022, 255/2024 എന്നീ കാറ്റഗറികളിലെ ഐ.സി.ഡി.എസ്. സൂപ്പർവൈസർ റാങ്ക് ലിസ്റ്റുകളുടെ കാലാവധി എന്ന് അവസാനിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽ നിന്ന് നടന്ന നിയമനങ്ങളുടെ വിവരം അറിയിക്കാമോ;

(സി) 255/2024 കാറ്റഗറി നമ്പർ റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ എന്ന് അറിയിക്കാമോ?

## <u>ഇന്ത്യ റിസർവ് ബറ്റാലിയൻ കമാൻഡോ വിംഗ് നിയമനം</u>

54 **ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസ് ഇന്ത്യ റിസർവ് ബറ്റാലിയൻ കമാൻഡോ വിങ്ങിലേക്കുള്ള നിലവിലെ റാങ്ക് ലിസ്റ്റിൽ എത്ര ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തിയിട്ടുണ്ട്; നാളിതുവരെ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്; പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനങ്ങൾ നടത്തുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) കൊല്ലം കേന്ദ്രമാക്കി പുതിയ ഇന്ത്യ റിസർവ് ബറ്റാലിയൻ ആരംഭിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ബറ്റാലിയൻ എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ;

(സി) തൃശ്ശൂരിലെ ഐ.ആർ. ബറ്റാലിയൻ കമാൻഡോ വിങ്ങിൽ നിന്നും 10 വർഷത്തെ സേവനം പൂർത്തിയാക്കി മാതൃയൂണിറ്റിലേക്ക് മടങ്ങാനിരിക്കുന്ന കമാൻഡോകളുടെ എണ്ണം കണക്കാക്കി പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; പ്രസ്തുത ഒഴിവുകൾ അടിയന്തരമായി റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) മേൽപ്പറഞ്ഞ ഒഴിവുകൾ റിപ്പോർട്ട് ചെയ്തും കൊല്ലത്ത് പുതിയ ഇന്ത്യാ റിസർവ് ബറ്റാലിയൻ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചും പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ പരമാവധി നിയമനങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>ഇന്ത്യാ റിസർവ് ബറ്റാലിയൻ നിയമനം</u>

55 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യാ റിസർവ് ബറ്റാലിയൻ പ്രീ-സർവ്വീസ് പരിശീലനകാലയളവ് ഡ്യൂട്ടിയായി കണക്കാക്കാൻ ബന്ധപ്പെട്ട സ്പെഷ്യൽ റൂളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഐ.ആർ.ബി.യുടെ സ്പെഷ്യൽ റൂൾ പ്രകാരം പരിശീലന കാലയളവ് ഡ്യൂട്ടിയായി കണക്കാക്കി സർക്കാർ ഉത്തരവാകുന്ന പക്ഷം നിലവിൽ സേവനത്തിനുള്ള 6 മുതൽ 9 വരെയുള്ള ബാച്ചുകളിലെ 168 കമാൻഡോകളെ 2028 ഫെബ്രുവരിയിൽ 10 വർഷത്തെ സേവനം പൂർത്തിയാക്കി മറ്റ് വിംഗുകളിലേക്ക് മാറ്റേണ്ടതുണ്ടെന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(സി) കമാൻഡോ വിംഗിലെ ട്രെയിനിംഗ് കാലയളവ് ഏകദേശം രണ്ടു വർഷമാണെന്നിരിക്കെ, 2028-ൽ 168 പേരെ മറ്റ് വിംഗുകളിലേക്ക് മാറ്റുമ്പോഴുണ്ടാകുന്ന ഒഴിവ് നികത്താൻ, നിലവിലെ റാങ്ക് ലിസ്റ്റിൽ (കാ.നം.136/2022) ഉള്ളവർക്ക് നിയമന ശിപാർശ നൽകി ട്രെയിനിംഗിലേക്ക് അയയ്ക്കേണ്ടത് നിയമന നടപടികളിലെ കാലതാമസം ഒഴിവാക്കുന്നതിനും ഐ.ആർ.ബി.യുടെ പ്രവർത്തനം പൂർണ്ണസജ്ജമാക്കുന്നതിനും അനിവാര്യമാണെന്ന് സർക്കാർ കരുതുന്നുണ്ടോ?

## <u>എൽ.ഡി. ക്ലർക്ക് നിയമനം</u>

56 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 503/2023 എൽ.ഡി. ക്ലർക്ക് റാങ്ക് ലിസ്റ്റിൽ നിന്നും നിലവിൽ എത്ര നിയമനം നടത്തിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) എൽ.ഡി. ക്ലർക്ക് തസ്തികയ്ക്കുള്ള ഈ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം നടക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## <u>കോളീജിയേറ്റ് എഡ്യൂക്കേഷൻ അസിസ്റ്റന്റ് പ്രൊഫസർ (മാത്തമാറ്റിക്സ്) റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം</u>

57 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023 ജനുവരി 23 ന് നിലവിൽ വന്ന കോളീജിയേറ്റ് എഡ്യൂക്കേഷൻ അസിസ്റ്റന്റ് പ്രൊഫസർ (മാത്തമാറ്റിക്സ്) റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്; പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനങ്ങൾ നടത്തുന്നതിൽ കാലതാമസം നേരിടുന്നതിന് കാരണം വ്യക്തമാക്കാമോ;

(ബി) കോളീജിയേറ്റ് എഡ്യൂക്കേഷൻ അസിസ്റ്റന്റ് പ്രൊഫസർ (മാത്തമാറ്റിക്സ്) തസ്തികയിലെ ഒഴിവുകൾ 2020ന് ശേഷം റിപ്പോർട്ട് ചെയ്യുന്നില്ല എന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ;

(സി) പ്രസ്തുത തസ്തികയിലെ മുഴുവൻ ഒഴിവുകളും അടിയന്തരമായി റിപ്പോർട്ട് ചെയ്ത് നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## പുതിയ തസ്തികകളും പി.എസ്.സി നിയമനങ്ങളും

58 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 മെയ് മാസം മുതൽ 2021 ഏപ്രിൽ മാസം വരെയും 2021 മെയ് മാസം മുതൽ നാളിതുവരെയും എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് കാലയളവ് തിരിച്ച് വ്യക്തമാക്കാമോ;

(ബി) മേൽപറഞ്ഞ കാലയളവിൽ കേരള പബ്ലിക് സർവീസ് കമ്മീഷൻ നടത്തിയ നിയമനങ്ങളുടെ കണക്ക് സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ?

## മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതി

59 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഇതുവരെ എത്രപേർക്ക് സംരംഭങ്ങൾ തുടങ്ങാനായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി ഇതുവരെ ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) ഈ പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ ഒരുക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

## തീവ്ര വോട്ടർ പട്ടിക പരിഷ്കണം

60 **ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീവ്ര വോട്ടർ പട്ടിക പരിഷ്കരണ നടപടികളുടെ ഭാഗമായി അർഹരായ പല വോട്ടർമാരുടെയും പേരുകൾ പട്ടികയിൽ നിന്ന് നീക്കം ചെയ്യപ്പെടുന്നു എന്ന വ്യാപകമായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പുതിയതായി വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിനും നിലവിലുള്ള തെറ്റുകൾ തിരുത്തുന്നതിനും നേരിടുന്ന സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കാൻ ഇലക്ഷൻ കമ്മീഷനുമായി ചേർന്ന് എന്തെല്ലാം ക്രമീകരണങ്ങളാണ് സർക്കാർ ചെയ്തിട്ടുള്ളത്;

(സി) വോട്ടർ പട്ടികയിൽ നിന്ന് പേര് ഒഴിവാക്കപ്പെട്ടവർക്ക് അത് പുനഃസ്ഥാപിക്കുന്നതിനായി നൽകിയിട്ടുള്ള സമയപരിധിയും മാർഗ്ഗങ്ങളും പൊതുജനങ്ങളെ അറിയിക്കാൻ എന്തെല്ലാം ബോധവൽക്കരണ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദാംശം നൽകാമോ?

## സമഗ്ര വോട്ടർ പട്ടിക പരിഷ്കരണം

61 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ (എസ് ഐ ആർ ) ഭാഗമായി പ്രസിദ്ധീകരിച്ച കരട് പട്ടികയിൽ നിന്നും പുറത്തായവരുടെ എണ്ണം നിയോജക മണ്ഡലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) ഏതൊക്കെ വിഭാഗങ്ങളിൽ എത്രുപേരാണ് ഒഴിവാക്കപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) നിരവധി പ്രവാസികൾ പട്ടികയിൽ നിന്നും പുറത്തായത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) തർക്കങ്ങൾ പരിഹരിക്കുവാനായി ചട്ടപ്രകാരമുള്ള സമയം തെരഞ്ഞെടുപ്പ് കമ്മീഷൻ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദീകരിക്കാമോ?

## കാസർഗോഡ് ജില്ലയിൽ ഐ. ടി. വകുപ്പിൽ നടപ്പാക്കിയ പദ്ധതികൾ

62 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം കാസർഗോഡ് ജില്ലയിൽ ഐ. ടി. വകുപ്പിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?നത്?

## ഉദുമ മണ്ഡലത്തിലെ കെ-ഫോൺ കണക്ഷനുകൾ

63 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ മണ്ഡലത്തിൽ നാളിതുവരെയായി എത്ര കെ-ഫോൺ കണക്ഷനുകളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്താമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ എത്ര സൗജന്യ കെ-ഫോൺ കണക്ഷൻ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഉദുമ മണ്ഡലത്തിൽ കെ-ഫോൺ കണക്ഷൻ ലഭിക്കുന്നതിന് നൽകിയ അപേക്ഷയിന്മേൽ ഇനി കണക്ഷൻ നൽകാൻ ബാക്കിയുണ്ടോ; എങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ;

(ഡി) സംസ്ഥാനത്തെ സ്വകാര്യ ലൈബ്രറികൾക്ക് സൗജന്യ കെ-ഫോൺ കണക്ഷൻ നൽകുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

## സംസ്ഥാനത്തെ സ്റ്റാർട്ടപ്പുകൾ

64 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ സംസ്ഥാനത്ത് എത്ര സ്റ്റാർട്ടപ്പുകളാണ് ഉണ്ടായിരുന്നത്;

(ബി) 2016 മുതലുള്ള 10 വർഷ കാലയളവിൽ എത്ര സ്റ്റാർട്ടപ്പുകൾ ആരംഭിക്കുവാൻ കഴിഞ്ഞു; ഇതു മുഖേന എത്രപേർക്ക് തൊഴിൽ ലഭ്യമായിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) സ്റ്റാർട്ടപ്പുകൾ തുടങ്ങുന്നതിന് ഏതെല്ലാം സർക്കാർ ധനകാര്യ സ്ഥാപനങ്ങളാണ് വായ്പകൾ നൽകിവരുന്നത്;

(ഡി) സ്റ്റാർട്ടപ്പുകൾക്ക് അന്തർദേശീയ വാണിജ്യ ബന്ധം സ്ഥാപിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്; വിശദാംശം നൽകാമോ?

## ഐ. ടി. പാർക്കുകളിലുള്ള കമ്പനികളുടെ എണ്ണം

65 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതലുള്ള 10 വർഷക്കാലയളവിനുള്ളിൽ സംസ്ഥാനത്തെ ഐ. ടി. പാർക്കുകളിൽ എത്ര കമ്പനികൾ പുതുതായി ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഐ. ടി. കയറ്റുമതി 2016-ൽ എത്ര കോടി രൂപയുടെതായിരുന്നുവെന്നും 2026-ൽ ആയത് എത്രകോടി രൂപയുടേതായിരുന്നുവെന്നും വിശദമാക്കുമോ;

(സി) 2016-ന്റെ തുടക്കത്തിൽ ഐ.ടി. പാർക്കുകളിൽ എത്ര ചതുരശ്രയടി ബിൽറ്റപ്പ് സ്പെയ്സ് ആണ് ഉണ്ടായിരുന്നതെന്നും നിലവിൽ അത് എത്ര ചതുരശ്രയടിയാണെന്നും വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിലായി എത്ര തൊഴിലവസരങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് വിശദമാക്കാമോ; ഐ.ടി. മേഖലയെ വളർത്തിയെടുത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്നുള്ള വിശദാംശം വ്യക്തമാക്കുമോ?

## ഐ. ടി. പാർക്കുകളുടെ നവീകരണം

66 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്തെ ഐ. ടി. പാർക്കുകളിൽ എത്ര ചതുരശ്രയടി സ്പെയ്സ് ഉപയോഗയോഗ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) 2011-16, 2016-21 കാലഘട്ടത്തിൽ ആയത് എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) തിരുവനന്തപുരം ടെക്നോപാർക്കിൽ ഒന്നാംഘട്ടം മുതൽ നാലാം ഘട്ടം വരെ എത്ര ഐ. ടി. സ്പെയ്സ് ഉപയോഗയോഗ്യമാക്കാനും അതിലൂടെ എത്രപേർക്ക് തൊഴിൽ നൽകാനും കഴിയുമെന്നാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

## കുണ്ടറ ടെക്നോപാർക്കിന്റെ പ്രവർത്തനങ്ങൾ

67 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ ടെക്നോപാർക്കിൽ നിലവിൽ എത്ര കമ്പനികളാണ് പ്രവർത്തിക്കുന്നതെന്ന് വിശദമാക്കാമോ; അതിൽ 2021 ന് ശേഷം പ്രവർത്തനം ആരംഭിച്ചിട്ടുള്ള എത്ര കമ്പനികളാണ് നിലവിലുള്ളതെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ;

(ബി) 2021 മുതൽ നാളിതുവരെ കുണ്ടറ ടെക്നോപാർക്കിന്റെ അടിസ്ഥാന സൗകര്യവികസനത്തിനായി എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്നും അതിനായി എത്ര തുകയാണ് സർക്കാർ അനുവദിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ; അനുവദിച്ചിട്ടുള്ളവയുടെ നിലവിലെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

## <u>ഐ. ടി. വകുപ്പിലെ നിയമനങ്ങൾ</u>

68 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഐ. ടി. വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ കരാർ, ദിവസ വേതന അടിസ്ഥാനത്തിൽ എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ട്; വിശദാംശം സ്ഥാപനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) മേൽപ്പറഞ്ഞ ജീവനക്കാരിൽ എത്ര പേരെ നാളിതുവരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിലെ നിലവിലുള്ള കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

## <u>വടക്കാഞ്ചേരി മണ്ഡലത്തിലെ കെ-ഫോൺ കണക്ഷൻ</u>

69 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി. പി. എൽ. കുടുംബങ്ങൾക്ക് സൗജന്യ കെ-ഫോൺ കണക്ഷൻ നൽകുന്നതിനായി വടക്കാഞ്ചേരി മണ്ഡലത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾ എത്രയെന്നും അതിൽ എത്ര പേർക്ക് കണക്ഷൻ നൽകിയിട്ടുണ്ടെന്നും തദ്ദേശ സ്ഥാപനങ്ങൾ തിരിച്ച് വിവരം ലഭ്യമാക്കാമോ;

(ബി) വടക്കാഞ്ചേരി മണ്ഡലത്തിലെ എത്ര സർക്കാർ ഓഫീസുകൾക്കും സ്കൂളുകൾക്കും കെ-ഫോൺ കണക്ഷൻ നൽകിയിട്ടുണ്ട്; സ്ഥാപനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) വടക്കാഞ്ചേരി മണ്ഡലത്തിൽ കെ-ഫോൺ ഒ. ടി. ടി. ഉൾപ്പെടെ എത്ര വാണിജ്യ കെ-ഫോൺ കണക്ഷനുകൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## <u>കെ ഫോൺ കണക്ഷനുകളുടെ എണ്ണം</u>

70 **ശ്രീ ഡി കെ മുരളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇതെവരെ നൽകിയ സൗജന്യ കെ ഫോൺ കണക്ഷനുകളുടെ എണ്ണവും ആകെ നൽകിയ കെ ഫോൺ കണക്ഷനുകളുടെ എണ്ണവും വിശദമാക്കാമോ;

(ബി) വാമനപുരം മണ്ഡലത്തിൽ നാളിതുവരെ നൽകിയ കെ ഫോൺ കണക്ഷനുകളുടെ എണ്ണം എത്രയാണെന്ന് വിശദമാക്കാമോ?

## എം. പി. , എം. എൽ. എ. മാർ എന്നിവരുടെ വയനാട് പുനരധിവാസ ഫണ്ട്

71 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ദുരന്തത്തിൽ ഉൾപ്പെട്ടവരുടെ പുനരധിവാസത്തിനായി സംസ്ഥാനത്തെ എം. എൽ. എ.മാർ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകിയിട്ടുണ്ടോ; ഇതു സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) സംസ്ഥാനത്തു നിന്നുള്ള എം. പി.മാർ ദുരിതബാധിതരെ സഹായിക്കുന്നതിനായി ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ എം. പി.യുടെ പേര്, വകയിരുത്തിയ തുക എന്നിവ സംബന്ധിച്ച വിശദാംശം നൽകാമോ;

(സി) വയനാട് ലോക്സഭാ മണ്ഡലത്തിലെ എം. പി. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി എത്ര രൂപയുടെ ഫണ്ട് നത്വകയിരുത്തിയിട്ടുണ്ട്; വിശദാംശം നൽകാമോ?

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ധനസഹായം

72 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ചികിത്സാ ധനസഹായം ഉൾപ്പെടെയുള്ള ധനസഹായം അനുവദിക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ എത്ര അപേക്ഷകർക്ക് ധനസഹായം അനുവദിച്ചുവെന്നും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ; ധനസഹായം ലഭിച്ചവരുടെ വിശദവിവരം പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ?

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി വിതരണം

73 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് വിതരണം ചെയ്ത തുകയുടെ വിവരവും അത് എത്രപേർക്ക് വിതരണം ചെയ്തിട്ടുണ്ടെന്നും വിശദമാക്കാമോ?

## വയനാട് പ്രകൃതി ദുരന്തബാധിതർ

74 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിലെ മുണ്ടക്കൈ ചൂരൽമല ദുരന്ത മേഖലയിൽ എത്ര പേർക്കാണ് സർക്കാർ വീട് വച്ച് നൽകുന്നത്; വിശദാംശങ്ങൾ നൽകാമോ;

(ബി) മേൽ പറഞ്ഞ മേഖലയിൽ ദുരന്തം ബാധിച്ചവർക്ക് കേരളത്തിലെ പ്രതിപക്ഷ രാഷ്ട്രീയ കക്ഷികൾ വീട് വച്ച് നൽകുന്നുണ്ടോ; സർക്കാർ വീട് വച്ച് നൽകുന്നവർക്ക്

തന്നെയാണോ ഇവരും വീട് വച്ച് നൽകുന്നതെന്നത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അറിവ് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വയനാട് പ്രകൃതി ദുരന്തവുമായി ബന്ധപെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ധനസഹായം അഭ്യർത്ഥിച്ചപ്പോൾ കേരളത്തിലെ പ്രതിപക്ഷ കക്ഷികൾ സി. എം. ഡി. ആർ. എഫ്.ലേയ്ക്ക് പണം നൽകുന്നതിനെതിരെ പ്രചരണം സംഘടിപ്പിച്ചിരുന്നുയെന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നോ;

(ഡി) കേരളത്തിലെ പ്രതിപക്ഷ കക്ഷികൾ വയനാട് ദുരന്തബാധിതരെ സഹായിക്കാൻ വ്യാപകമായ പണപ്പിരിവ് നടത്തിയിട്ടുണ്ടോ; എന്നിരുന്നാലും ഇവർ വയനാട്ടിൽ ആർക്കും തന്നെ വീട് വെച്ച് നൽകിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

**<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അരൂർ മണ്ഡലത്തിൽ അനുവദിച്ച തുക</u>**

75 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അരൂർ മണ്ഡലത്തിൽ അനുവദിച്ച തുക എത്രയെന്ന് വിശദമാക്കാമോ?

**<u>കായംകുളം മണ്ഡലത്തിലെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ചികിത്സാ ധനസഹായ വിതരണം</u>**

76 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ മുഖ്യമന്ത്രിയുടെ ചികിത്സാ ദുരിതാശ്വാസനിധിയിൽ നിന്നും കായംകുളം മണ്ഡലത്തിൽ എത്ര പേർക്ക് ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും ആകെ എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

**<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച ചികിത്സാ ധനസഹായം</u>**

77 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2021 വരെയുള്ള കാലയളവിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും എത്ര പേർക്ക് ചികിത്സാ ധനസഹായം നൽകിയിട്ടുണ്ടെന്നും ഇത് എത്രകോടി രൂപ വരുമെന്നും വിശദമാക്കാമോ;

(ബി) നിലവിലെ സർക്കാരിന്റെ ഇതുവരെയുള്ള കാലയളവിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും എത്രപേർക്ക് ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും ഇത് എത്ര കോടി രൂപ വരുമെന്നും വ്യക്തമാക്കാമോ?

**<u>വടക്കാഞ്ചേരി മണ്ഡലത്തിലെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ചികിത്സാ ധനസഹായം</u>**

78 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം

മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ വടക്കാഞ്ചേരി മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ചികിത്സാ ധനസഹായം ലഭ്യമായ എത്ര അപേക്ഷകളുണ്ടെന്നും എത്ര തുക അനുവദിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം വില്ലേജ് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

**അമ്പലപ്പുഴ മണ്ഡലത്തിലെ ദുരിതാശ്വാസ നിധിയിലേക്കുള്ള അപേക്ഷകൾ**

79 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായത്തിനായി 2021 ജൂൺ മാസം 01 മുതൽ നാളിതുവരെ അമ്പലപ്പുഴ നിയോജകമണ്ഡല പരിധിയിലെ വില്ലേജുകളിൽ നിന്ന് ആകെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ആയതിൽ എത്ര രൂപ അനുവദിക്കപ്പെട്ടിട്ടുണ്ടെന്നും വില്ലേജ് തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

**വണ്ടൂർ നിയോജക മണ്ഡലത്തിലെ സി. എം. ഡി. ആർ. എഫ്. റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ**

80 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സാമ്പത്തിക വർഷം മുതൽ നാളിതുവരെ വണ്ടൂർ നിയോജക മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും റോഡ് പുനരുദ്ധാരണത്തിന് തുക അനുവദിച്ച പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ?

**വയനാട് ദുരന്ത പുനരധിവാസത്തിനുള്ള എം. പി. ഫണ്ട്**

81 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ദുരന്ത പുനരധിവാസത്തിന് സംസ്ഥാനത്തിനകത്തും പുറത്തുമുള്ള ഏതെല്ലാം എം. പി.മാരാണ് എം. പി. ഫണ്ടിൽ നിന്ന് തുക അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ എം. പി.മാരും എം. പി. ഫണ്ടിൽ നിന്ന് ഈ ഇനത്തിൽ അനുവദിച്ച തുക എത്ര വീതമാണെന്ന് വിശദമാക്കാമോ?

**വയനാട് ചൂരൽമല മുണ്ടക്കൈ പുനരധിവാസം**

82 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ചൂരൽമല മുണ്ടക്കൈയിൽ ഉണ്ടായ ഉരുൾപൊട്ടലിനെ തുടർന്ന് ദുരിതാശ്വാസ -പുനരധിവാസ പ്രവർത്തനങ്ങൾക്കായി ഇതുവരെ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാന സർക്കാർ ഇതുവരെ ചെലവഴിച്ച തുകയുടെ വിശദ വിവരം ലഭ്യമാക്കാമോ;

(സി) പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായ ഷെൽട്ടറിന്റെ പുരോഗതി വിശദമാക്കാമോ;

(ഡി) ചൂരൽമല-മുണ്ടക്കൈ ദുരിതാശ്വാസ- പുനരധിവാസ പ്രവർത്തനങ്ങൾക്കായി എത്ര തുകയുടെ ധനസഹായമാണ് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നത്; ഇതുവരെ എത്ര തുക ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

## <u>കോട്ടയം ജില്ലയിലെ റീ ബിൽഡ് കേരള പദ്ധതി</u>

83 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോട്ടയം നിയോജക മണ്ഡലത്തിൽ നിന്നും ഏതെല്ലാം പദ്ധതികളാണ് റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

## <u>മുണ്ടക്കൈ ചൂരൽമല ദുരിതബാധിതരെ സഹായിക്കുന്നതിന് സംസ്ഥാനത്തെ ജനപ്രതിനിധികൾ നൽകിയ തുക</u>

84 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുണ്ടക്കൈ ചൂരൽമല ദുരിതബാധിതരെ സഹായിക്കുന്നതിന് സംസ്ഥാനത്തെ എം. എൽ. എ.മാരും എം. പി.മാരും എത്ര രൂപ വീതം സംഭാവനയായി നൽകിയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ആവശ്യത്തിലേയ്ക്ക് ഏതെങ്കിലും എം. പി./എം. എൽ. എ.മാർ തുക നൽകാതെയുണ്ടോ; എങ്കിൽ അവരുടെ പേരു വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) ഓരോ എം. പി. മാരും, എം. എൽ. എ.മാരും നൽകിയ സംഭാവനകൾ (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി) എത്ര വീതമാണെന്ന് പ്രത്യേകം വിവരം ലഭ്യമാക്കുമോ;

(ഡി) മുണ്ടക്കൈ ചൂരൽമല പുനർനിർമ്മാണത്തിനായി എം. പി. ഫണ്ടിൽ നിന്നും സംസ്ഥാനത്തെ ഓരോ എം. പി. മാരും എത്ര തുകവീതം ഏതെല്ലാം പ്രവൃത്തികൾക്കായി നൽകിയിട്ടുണ്ട്?

## <u>വയനാട് ചൂരൽമല പ്രകൃതിദുരന്തം</u>

85 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ചൂരൽമലയിലുണ്ടായ പ്രകൃതിദുരന്തത്തെ തുടർന്ന് പുനരധിവാസ പ്രവർത്തനങ്ങൾക്കായി ഏതെല്ലാം ഏജൻസികളും സർക്കാരുകളുമാണ് വീടുകൾ സ്പോൺസർ ചെയ്തതെന്ന് അറിയിക്കാമോ;

(ബി) ഏതെങ്കിലും സർക്കാരുകളോ ഏജൻസികളോ സ്പോൺസർ ചെയ്ത വീടുകൾക്ക് മറ്റാരെങ്കിലും അവകാശവാദം ഉന്നയിച്ചിട്ടുണ്ടോയെന്ന വിവരം ലഭ്യമാക്കാമോ;

(സി) പുനരധിവാസ പ്രവത്തനങ്ങൾക്കായി സംസ്ഥാനത്തു നിന്നുള്ള എം. പി.മാർ ഓരോരുത്തരും ദുരിതാശ്വാസ നിധിയിലേക്ക് നൽകിയ സംഭാവന സംബന്ധിച്ച വിവരം ലഭ്യമാക്കാമോ?

## ദുരന്ത ബാധിത മേഖലയിൽ സർക്കാർ നൽകിയ സഹായങ്ങൾ

86 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ ചൂരൽമല, മുണ്ടക്കൈ പ്രദേശത്ത് എല്ലാം നഷ്ടപ്പെട്ട ജനങ്ങൾക്ക് സർക്കാർ എന്തെല്ലാം സഹായങ്ങളാണ് ചെയ്തുവരുന്നത് വ്യക്തമാക്കാമോ ;

(ബി) വീടും സ്ഥലവും നഷ്ടപ്പെട്ട ആളുകൾക്ക് വീടുകൾ നിർമ്മിച്ച് നൽകുന്നതിന് ഏതെല്ലാം രാഷ്ട്രീയ പാർട്ടികളും, വിവിധ ഏജൻസികളും സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ എത്ര വീടുകളാണ് ഓരോ ഏജൻസിയും നൽകിയതെന്ന് വിശദമാക്കാമോ;എം. എൽ. എ.മാരും എം. പി.മാരും ;

(ഡി) സുനാമി ദുരിത ബാധിതർക്ക് അന്നത്തെ സർക്കാർ എന്തെല്ലാം സഹായങ്ങളാണ് നൽകിയിട്ടുള്ളത് ; എത്ര പേർക്കാണ് വീട് നിർമ്മിച്ച് നൽകിയിട്ടുള്ളത്; വിശദമാക്കാമോ?

## പൂഞ്ഞാർ മണ്ഡലത്തിൽ വാസയോഗ്യമല്ലാത്ത സ്ഥലങ്ങളിൽ താമസിക്കുന്നവരുടെ പുനരധിവാസം

87 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിയോളജിക്കൽ സർവ്വെ ഓഫ് ഇൻഡ്യ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി എന്നിവർ നടത്തിയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ ദുരന്ത നിവാരണ (എ) വകുപ്പിന്റെ 29.10.2021 ലെ സ.ഉ.(കൈ)നം. 5/2021/D.M.D. പ്രകാരം കാഞ്ഞിരപ്പള്ളി താലൂക്കിലെ 110 കുടുംബങ്ങളേയും മീനച്ചിൽ താലൂക്കിലെ 138 കുടുംബങ്ങളേയും നിലവിലെ സ്ഥലത്ത് നിന്നും മാറ്റേണ്ടതും ഇവർക്ക് വസ്തു വാങ്ങി വീട് നിർമ്മിക്കുന്നതിന് ഒരു കുടുംബത്തിന് പത്ത് ലക്ഷം രൂപ വീതം നൽകേണ്ടതാണെന്നുമുള്ള റിപ്പോർട്ടിന്മേൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

## കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിലേക്കുള്ള നാലുവരി പാതകളുടെ നിർമ്മാണം

88 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിലേക്കുള്ള നാലുവരി പാതകളുടെ നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി വേഗത്തിൽ പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) നാലുവരി പാതകളുടെ നിലവിലെ പ്രവൃത്തി പുരോഗതി വ്യക്തമാക്കാമോ?

## കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനം

89 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിപ്പൂരിലെ കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) റെസാ (റൺവെ എൻഡ് സുരക്ഷാ ഏരിയ) വികസനത്തിനായുള്ള നിർമാണ പ്രവൃത്തികൾ എത്രവരെ പൂർത്തിയായിട്ടുണ്ടെന്നും ഇനിയുള്ള പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ;

(സി) റെസാ വികസനത്തിന് സ്ഥലം ഏറ്റെടുത്തപ്പോൾ വഴിയടഞ്ഞ പ്രദേശവാസികൾക്കായി പകരം വഴി കണ്ടെത്തുന്നതിനും, വികസനത്തിനായി അടച്ച എയർപോർട്ട് ക്രോസ് റോഡിന് പകരം പുതിയ റോഡ് നിർമ്മിക്കുന്നതിനും ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) വിമാനത്താവളത്തിന്റെ പുതിയ വികസനങ്ങൾക്ക് സ്ഥലം ആവശ്യമുണ്ട് എന്ന കാരണത്താൽ വിമാനത്താവള അധികൃതർ നിരാക്ഷേപ പത്രം നൽകാത്തത് നിമിത്തം പ്രദേശവാസികൾക്ക് വീട് നിർമ്മാണത്തിന് മുൻസിപ്പാലിറ്റിക്ക് അനുമതി നൽകാൻ കഴിയാത്ത സാഹചര്യം പരിഹരിക്കുന്നതിനായി എന്ത് നടപടിയാണ് കൈക്കൊള്ളുക എന്നത് വ്യക്തമാക്കുമോ; ഈ വിഷയത്തിൽ മലപ്പുറം ജില്ലാകളക്ടർ നൽകിയിട്ടുള്ള റിപ്പോർട്ടിന്മേൽ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ;

(ഇ) കോഴിക്കോട് വിമാനത്താവളത്തിൽ നിന്നും കൂടുതൽ ആഭ്യന്തര, അന്താരാഷ്ട്ര സർവീസുകളും, വലിയ വിമാനങ്ങളുടെ സർവീസും ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

## തിരുവനന്തപുരം വിമാനത്താവളം

90 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വിമാനത്താവളം അദാനി ഗ്രൂപ്പിന് നൽകിയതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ എന്തെല്ലാം നിബന്ധനകൾ മുന്നോട്ട് വച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) അദാനി ഗ്രൂപ്പിന് വിമാനത്താവളം നൽകിയതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന് സാമ്പത്തിക നഷ്ടമുണ്ടായിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

## വടകര മാഹി കനാൽ പ്രവൃത്തി പുരോഗതി

91 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മെയ് മാസം മുതൽ നാളിതുവരെ വടകര മാഹി കനാൽ, ദേശീയ ജലപാത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി പൂർത്തിയാക്കിയ പ്രവൃത്തികളും ഇപ്പോൾ നടന്നു വരുന്ന പ്രവർത്തികളും ഏതൊക്കെയാണെന്നും കുറ്റ്യാടി

നിയോജകമണ്ഡലത്തിൽ വരുന്ന ഭാഗങ്ങളുടെ അടങ്കൽ തുക ഉൾപ്പെടുത്തി വിശദീകരിക്കാമോ;

(ബി) വടകര മാഹി കനാലിന്റെ 3-ാം റീച്ചിലെ പ്രവൃത്തി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ; വിശദീകരിക്കുമോ;

(സി) വടകര മാഹി കനാൽ, ദേശീയ ജലപാത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ഡി) മൂഴിക്കൽ ലോക്ക് കം ബ്രിഡ്ജ് പ്രവൃത്തി 2026 ജനുവരി മാസം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>തീരദേശപരിപാലന പ്ലാൻ</u>

92 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ തയ്യാറാക്കി കേന്ദ്ര സർക്കാർ അംഗീകാരം നൽകിയ തീരദേശ പരിപാലന പ്ലാനിൽ 1991-ന് മുമ്പുള്ള ബണ്ടുകൾ വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല എന്നതുൾപ്പെടെയുള്ള ന്യൂനതകൾ ഉള്ളതിനാൽ ഇളവുകൾ ലഭിക്കുന്നില്ല എന്ന പരാതി പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് എടവനക്കാട് പഞ്ചായത്തിൽനിന്നും മുളവുകാട് പഞ്ചായത്തിൽനിന്നും സമർപ്പിക്കപ്പെട്ട പരാതികളിൽ നടപടി സ്വീകരിക്കപ്പെടാതിരുന്നതിനെ തുടർന്ന് ബഹു. ഹൈക്കോടതിയിൽ ശ്രീ. സലിഹരനും ശ്രീമതി ബിന്ദുമോളും ഫയൽ ചെയ്തിട്ടുള്ള കേസുകളിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) വൈപ്പിൻ കരയിലെ എട്ട് പഞ്ചായത്തുകൾ 2019-ലെ വിജ്ഞാപന പ്രകാരം കോസ്റ്റൽ റെഗുലേഷൻ സോൺ -2-ൽ ഉൾപ്പെട്ടപ്പോൾ സമാന നഗരസ്വഭാവമുള്ള എടവനക്കാട്, കുഴുപ്പിള്ളി, പള്ളിപ്പുറം പഞ്ചായത്തുകൾ കോസ്റ്റൽ റെഗുലേഷൻ സോൺ -2--ലേക്ക് മാറ്റപ്പെടാതിരുന്നതിന്റെ കാരണം വിശദമാക്കാമോ;

(ഡി) ഐലന്റ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുമ്പോൾ ദ്വീപ് എന്ന നിലയിൽ വൈപ്പിൻകാർക്ക് പ്രസ്തുത പ്ലാനിന്റെ ആനുകൂല്യം ലഭ്യമാകുമോ;

(ഇ) ഐലന്റ് മാനേജ്മെന്റ് പ്ലാൻ എന്നത്തേക്ക് അംഗീകാരത്തിനായി സമർപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(എഫ്) നഗരസ്വഭാവമുള്ള കൂടുതൽ പഞ്ചായത്തുകൾക്ക് കോസ്റ്റൽ റെഗുലേഷൻ സോൺ -2-ന്റെ ആനുകൂല്യങ്ങൾ ലഭ്യമാക്കാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും നിലവിലെ സ്ഥിതി എന്തെന്നും വിശദമാക്കാമോ?

## <u>കോസ്റ്റൽ റെഗുലേഷൻ സോൺ</u>

93 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോസ്റ്റൽ റെഗുലേഷൻ സോൺ (CRZ) ദ്വീപ് എന്നതിന്റെ നിർവചന സ്ഥിതി (സംരക്ഷണം) നിയമം 1986 പ്രകാരം പുറത്തിറക്കിയ CRZ വിജ്ഞാപനം 2019 അനുസരിച്ച് ദ്വീപ് (Island) എന്നത് എല്ലാ വശങ്ങളാലും വെള്ളം കൊണ്ട് സ്ഥിരമായി ചുറ്റപ്പെട്ടതും ഉയർന്ന തിരമാലയുടെ രേഖയ്ക്കും (High tide line - HTL) മുകളിൽ നിലനിൽക്കുന്ന ഭൂഭാഗവുമാണെന്നിരിക്കെ നാല് വശങ്ങളും ഒരേ ജലാശയത്താൽ ചുറ്റപ്പെട്ടിട്ടുള്ള പ്രദേശത്തെ മാത്രം ദ്വീപുകളായി കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാനിൽ ഉൾപ്പെടുത്താനുള്ള കാരണം വിശദമാക്കാമോ;

(ബി) എല്ലാ വശങ്ങളാലും വെള്ളം കൊണ്ട് സ്ഥിരമായി ചുറ്റപ്പെട്ടിട്ടുള്ളതും ഉയർന്ന തിരമാലയുടെ രേഖയ്ക്കും മുകളിൽ നിലനിൽക്കുന്ന ഭൂഭാഗമായ വൈപ്പിൻ കരയെന്ന ദ്വീപിന് ദ്വീപെന്ന പരിഗണന നൽകി 2019 സി.ആർ.ഇസഡ് വിജ്ഞാപനം അനുസരിച്ച് 50 മീറ്റർ ദൂരപരിധിയിലുള്ള ഇളവ് നൽകാതെ വൈപ്പിൻ മണ്ഡലത്തിലെ പള്ളിപ്പുറം, എടവനക്കട്, നായരമ്പലം, ഞാറയ്ക്കൽ, മുളവുകാട്, എളങ്കുന്നപ്പുഴ, കുഴിപ്പിള്ളി, കടമക്കുടി എന്നീ ഗ്രാമപഞ്ചായത്തുകളിലായുള്ള 647 പ്രദേശങ്ങളെ ദ്വീപുകളായി കണക്കാക്കി ഇളവുകൾ നൽകുവാനുള്ള കാരണം വിശദമാക്കാമോ?

## <u>കോന്തുരുത്തിപ്പുഴ പുറമ്പോക്ക് പുനരധിവാസ പാക്കേജ്</u>

94 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.യു.ആർ.ഡബ്ല്യൂ.ടി.എസ് പദ്ധതിയിൽ ഉൾപ്പെട്ട കോന്തുരുത്തിപ്പുഴ പുറമ്പോക്കിൽ താമസിക്കുന്ന 126 കുടുംബങ്ങളെ ഒഴിപ്പിച്ച് എല്ലാ കയ്യേറ്റങ്ങളും നീക്കം ചെയ്യുന്നതിന് ബഹു. ഹൈക്കോടതി 2026 ഏപ്രിൽ 16 വരെ സമയം അനുവദിച്ച സാഹചര്യത്തിൽ പ്രസ്തുത കുടുംബങ്ങൾക്കായി പ്രത്യേക പാക്കേജ് അനുവദിക്കുമോ;

(ബി) കോവളം - ബേക്കൽ വെസ്റ്റ് കോസ്റ്റ് കനാൽ ജലപാതയുമായി ബന്ധപ്പെട്ട് കനാൽ പുറമ്പോക്കിൽ നിന്നും കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് സ.ഉ.(സാധാ)നം.22/2022/ സി.എസ്.ഐ.എൻ.ഡി തീയതി 24-11-2022 പ്രകാരം പ്രത്യേക പാക്കേജ് അനുവദിച്ച് നൽകിയിട്ടുള്ളതു പോലെ കോന്തുരുത്തി നിവാസികൾക്കായി പ്രത്യേക പാക്കേജ് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## <u>ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻ ഡിപ്പാർട്ട്മെന്റിലെ ഒഴിവുകളും പുറം കരാറും ഇൻഫർമേഷൻ ഹബ്ബുകളും</u>

95 **ശ്രീ ഇ ചന്ദ്രശേഖരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026 ജനുവരി ഒന്നുമുതൽ ഡിസംബർ 31 വരെ വിവിധ തസ്തികകളിൽ പ്രതീക്ഷിക്കുന്ന ഒഴിവുകളുടെ വിവരം 2025 ഡിസംബർ 26 നകം പി. എസ്. സി. യിൽ റിപ്പോർട്ട് ചെയ്യണമെന്ന് ഭരണപരിഷ്കാര കമ്മീഷന്റെ 2025 നവംബർ ഒമ്പതിന് പുറത്തിറക്കിയ റൂൾ.സി 3/72/2025/പി&എആർഡി നമ്പർ സർക്കുലർ പ്രകാരം ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻ ഡിപ്പാർട്ട്മെന്റിൽ പ്രതീക്ഷിക്കുന്ന ഒഴിവുകൾ സംബന്ധിച്ച വിവരം നൽകാമോ;

(ബി) ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻ വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിക്കണമെന്ന് ആവശ്യപ്പെട്ട് വകുപ്പ് നൽകിയ അപേക്ഷയിന്മേൽ നടക്കുന്ന ഫയൽ നീക്കം സംബന്ധിച്ച വിവരവും അതിൽ ഇതുവരെ എടുത്ത തീരുമാനവും പറയാമോ;

(സി) പുതിയ എത്ര തസ്തികകൾ വേണമെന്നാണ് സർക്കാരിനോട് പി. ആർ. ഡി. ആവശ്യപ്പെട്ടതെന്ന് പറയാമോ;

(ഡി) കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിലായി, പി.ആർ.ഡി. ക്കു പുറത്തുള്ള ഏതൊക്കെ പബ്ലിക് റിലേഷൻ സ്ഥാപനങ്ങൾക്ക് എത്ര രൂപ വീതമുള്ള കരാർ നൽകിയിട്ടുണ്ടെന്നും അവ ഏതൊക്കെ പദ്ധതികളുടെ പ്രചാരണത്തിനായിരുന്നുവെന്നും പറയാമോ;

(ഇ) പ്രിസം പദ്ധതിയിൽ അടക്കം വിവിധ രീതിയിൽ കരാർ/പാനൽ അംഗങ്ങൾ എന്ന നിലയിൽ നിലവിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്ന് പറയാമോ;

(എഫ്) പി. ആർ. ഡി. യിൽ ഇൻഫർമേഷൻ ഹബ്ബുകൾ തുടങ്ങുന്ന ഒരു പ്രൊപ്പോസൽ സംബന്ധിച്ച് എന്തെങ്കിലും നടപടികൾ ഉണ്ടായിട്ടുണ്ടോ എന്ന് അറിയിക്കാമോ?

**<u>ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻ ഡിപ്പാർട്ട്മെൻറിൽ പ്രതീക്ഷിക്കുന്ന ഒഴിവുകൾ</u>**

96 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026 ജനുവരി ഒന്നുമുതൽ ഡിസംബർ 31 വരെ വിവിധ തസ്തികകളിൽ പ്രതീക്ഷിക്കുന്ന ഒഴിവുകളുടെ വിവരം 2025 ഡിസംബർ 26-നകം പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന ഭരണപരിഷ്കാര കമ്മീഷൻ 09.11.2025-ലെ നം.റൂൾ.സി3/72/ 2025/പി&എആർഡി നമ്പർ സർക്കുലർ പ്രകാരം ഉത്തരവായിരുന്നോ; ആയതിന്റെ അടിസ്ഥാനത്തിൽ ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻ ഡിപ്പാർട്ട്മെൻറിൽ പ്രതീക്ഷിക്കുന്ന ഒഴിവുകൾ സംബന്ധിച്ച വിവരം റിപ്പോർട്ട് ചെയ്യുകയുണ്ടായോ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻ വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിക്കണമെന്ന് ആവശ്യപ്പെട്ട് വകുപ്പ് നൽകിയ അപേക്ഷ സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ഫയലിലെ വിവരങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) എത്ര പുതിയ തസ്തികകൾ വേണമെന്നാണ് സർക്കാരിനോട് പി. ആർ.ഡി ആവശ്യപ്പെട്ടിട്ടുള്ളത്;

(ഡി) കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ, പിആർഡിക്കു പുറത്തുള്ള ഏതൊക്കെ പബ്ലിക് റിലേഷൻ സ്ഥാപനങ്ങൾക്ക് എത്ര രൂപ വീതമുള്ള കരാറുകളാണ് നൽകിയിട്ടുള്ളത്; പദ്ധതി തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

**<u>പിആർഡി വർക്കുകളുടെ പുറംകരാറുകളും പിആർഡിയിലെ ജീവനക്കാരുടെ അഭാവവും</u>**

97 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ വിവിധ പദ്ധതികളുടേയും ജനസമ്പർക്ക പ്രവർത്തനങ്ങളുടേയും ഭാഗമായി കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി, പിആർഡിക്ക പുറമേയുള്ള ഏതെല്ലാം പബ്ലിക് റിലേഷൻ/ഇവന്റ് മാനേജ്മെൻറ്/പരസ്യ സ്ഥാപനങ്ങൾക്കാണ് കരാറുകൾ നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ; ഏതെല്ലാം സർക്കാർ പദ്ധതികളുടെ പ്രചാരണത്തിനായിരുന്നു ഈ കരാറുകൾ നൽകിയിരുന്നതെന്നും എത്ര രൂപയാണ് ഇതിനായി ഓരോ സ്ഥാപനത്തിനും നൽകിയിട്ടുള്ളതെന്നും അറിയിക്കാമോ;

(ബി) അഞ്ചുവർഷം കൊണ്ട് റീലുകൾ/സോഷ്യൽ മീഡിയ കണ്ടന്റ് ക്രീയേഷൻ എന്നിവക്കായി സർക്കാർ ജീവനക്കാരല്ലാത്ത സ്വകാര്യ വ്യക്തികൾക്കും, സ്വകാര്യ സ്ഥാപനങ്ങൾക്കും, സംഘടനകൾക്കും, എത്ര രൂപയാണ് നൽകിയിട്ടുള്ളതെന്നും പ്രസ്തുത സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും പേര്, വിലാസം, നൽകിയ തുക, പദ്ധതി/പരിപാടി എന്നിവയുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങളും നൽകാമോ;

(സി) ഇത്തരം സ്വകാര്യ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിനായി പിആർഡി അനുവർത്തിച്ച മാനദണ്ഡം എന്താണെന്നും സ്ഥാപനങ്ങൾക്ക് നിഷ്കർഷിട്ടുള്ള യോഗ്യത സംബന്ധിച്ച കാര്യങ്ങളും അറിയിക്കാമോ;

(ഡി) ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻ വകുപ്പിലെ ജീവനക്കാരുടെ പൊതുവെയുള്ള എണ്ണക്കുറവ് നികത്താൻ അധിക തസ്തികകൾ സൃഷ്ടിക്കണമെന്ന പിആർഡിയുടെ അപേക്ഷയിന്മേൽ എന്തെല്ലാം നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; നിലവിൽ പ്രിസം പാനലിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്ന് അറിയിക്കാമോ?

## പരസ്യങ്ങൾ നൽകിയ ഇനത്തിൽ വാർഷിക അടിസ്ഥാനത്തിൽ

98 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സർക്കാരിന്റെ പ്രവർത്തനങ്ങളെ കുറിച്ച് ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ, സോഷ്യൽ മീഡിയ, പത്രങ്ങൾ, പോസ്റ്ററുകൾ, ഹോർഡിംഗുകൾ എന്നിവയിലൂടെ പരസ്യം നൽകിയ ഇനത്തിൽ വാർഷികാടിസ്ഥാനത്തിൽ എത്ര തുക വീതം ചെലവഴിച്ചിട്ടുണ്ടെന്നും ആകെ ചെലവായ തുക എത്രയാണെന്നും വ്യക്തമാക്കാമോ?

## പ്രവാസികളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ

99 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസ ജീവിതം അവസാനിപ്പിച്ച് നാട്ടിലെത്തുന്ന പ്രവാസികളുടെ ക്ഷേമത്തിനായി എന്തെങ്കിലും പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ ഇത്തരത്തിൽ കഴിഞ്ഞ പത്ത് വർഷക്കാലം ആരംഭിച്ച പദ്ധതികൾ എന്തെല്ലാമാണെന്നും ഇതുവരെ എത്രപേർക്ക് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭ്യമായിട്ടുണ്ടെന്നും വിശദമാക്കാമോ;

(സി) പദ്ധതി വേഗത്തിൽ നടപ്പിലാക്കി കൂടുതൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## പ്രവാസി നിക്ഷേപം

100 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്തു വർഷത്തിനിടെ പ്രവാസി നിക്ഷേപം ഉപയോഗപ്പെടുത്തി നടപ്പിലാക്കിയിട്ടുള്ള പ്രധാന പദ്ധതികൾ ഏതെല്ലാം; വിശദാംശം ലഭ്യമാക്കാമോ;

(ബി) എങ്കിൽ ഇതുമായി സഹകരിച്ച പ്രവാസികൾ ആരെല്ലാം എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത നിക്ഷേപ പദ്ധതിയിൽ കൂടുതൽ പേരെ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ നടപ്പിലാക്കി തൊഴിലില്ലായ്മ പരിഹരിക്കുവാനും നിക്ഷേപകരെ സഹായിക്കുവാനും ഒപ്പം സംസ്ഥാന പുരോഗതിക്കുമായി എന്തെല്ലാം പുതിയ പദ്ധതികൾക്ക് സർക്കാർ ലക്ഷ്യമിടുന്നുണ്ട് എന്നും വ്യക്തമാക്കാമോ?

## നോർക്ക നെയിം പദ്ധതി

101 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിൽ തിരിച്ചെത്തിയ പ്രവാസികൾക്ക് സംസ്ഥാനത്തെ വിവിധ സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി നൽകുന്നതിന് നോർക്ക മുഖേന നടപ്പിലാക്കിയ നെയിം പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര അപേക്ഷകൾ ലഭിച്ചിരുന്നുവെന്നും എത്ര പേർക്ക് ജോലി നൽകുന്നതിന് സർക്കാരിന് സാധിച്ചിട്ടുണ്ടെന്നുമുള്ള വിവരങ്ങൾ കണക്കുകൾ സഹിതം വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഇപ്പോഴും അപേക്ഷകൾ ക്ഷണിക്കുന്നുണ്ടോയെന്നും നിലവിൽ എത്ര അപേക്ഷകൾ തീർപ്പാക്കുന്നതിനായി ശേഷിക്കുന്നുണ്ടെന്നുമുള്ള വിവരങ്ങൾ നൽകാമോ?

## ലോക കേരളസഭയുടെ തീരുമാനങ്ങൾ

102 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതുവരെ നടത്തിയ ലോക കേരളസഭയുടെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട എത്ര തീരുമാനങ്ങൾ ഇതിനകം കൈകൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## പ്രവാസി ക്ഷേമ ബോർഡിന്റെ പെൻഷൻ പദ്ധതി

103 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ക്ഷേമബോർഡിന്റെ പെൻഷൻ പദ്ധതിയിൽ അർഹരായവർക്ക് പെൻഷൻ ലഭിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക് നിലവിൽ പെൻഷൻ ലഭിക്കാനുണ്ട്; വിശദമാക്കാമോ;

(ബി) പെൻഷൻ അനുവദിക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസത്തിന്റെ പ്രധാന കാരണങ്ങൾ എന്തെല്ലാമാണ്; ഫണ്ട് ലഭ്യത, അപേക്ഷ പരിശോധന, ഭരണപരമായ തടസ്സങ്ങൾ എന്നിവയിൽ ഏത് ഘടകമാണ് പ്രധാനമായി ബാധിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) അപേക്ഷ നൽകി അംഗീകാരം ലഭിച്ചിട്ടും മാസങ്ങളോളം പെൻഷൻ വിതരണം നടക്കാത്ത സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത്തരത്തിലുള്ള പരാതികളുടെ എണ്ണം എത്രയാണ്; പ്രവാസി ക്ഷേമ ബോർഡ് പെൻഷൻ തുക സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങളും സമയപരിധിയും എന്തൊക്കെയാണ്; അവ കൃത്യമായി പാലിക്കപ്പെടുന്നുണ്ടോ;

(ഡി) പെൻഷൻ തുകയുടെ അപര്യാപ്തത സംബന്ധിച്ച് ഗുണഭോക്താക്കൾ ഉയർത്തുന്ന പരാതികൾ സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; ഉണ്ടെങ്കിൽ പെൻഷൻ തുക വർധിപ്പിക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ഇ) പെൻഷൻ അപേക്ഷ നടപടികൾ ലളിതമാക്കുന്നതിനും ഓൺലൈൻ സംവിധാനം കാര്യക്ഷമമാക്കുന്നതിനും സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; ഇപ്പോഴും തുടരുന്ന സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കാമോ;

(എഫ്) പ്രവാസി ക്ഷേമ ബോർഡിന്റെ പെൻഷൻ പദ്ധതിയിലെ വീഴ്ചകൾ പരിഹരിക്കുന്നതിനായി സമഗ്ര പരിഷ്കരണ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പ്രധാന നിർദേശങ്ങളും നടപ്പാക്കുന്നതിനുള്ള സമയക്രമവും എന്തൊക്കെയാണ്; വിശദമാക്കുമോ?

## <u>ആൾക്കൂട്ടകൊലപാതകം</u>

104 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പള്ളത്തെ ആൾക്കൂട്ടകൊലപാതകം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) പ്രസ്തുത കൊലപാതകത്തിലെ പ്രതികൾക്ക് ശിക്ഷ ഉറപ്പാക്കാനും മരിച്ച അതിഥി തൊഴിലാളിയുടെ കുടുംബത്തെ സാമ്പത്തികമായി സഹായിക്കാനും നടപടി സ്വീകരിക്കുമോ;

(സി) ജനങ്ങൾ നിയമം കൈയിലെടുക്കുന്നതു തടയുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

## <u>ആക്കുളം ഗ്ലാസ് ബ്രിഡ്ജ് പൊട്ടിയ സംഭവത്തിൽ പോലീസ് കേസ്</u>

105 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്കുളം ഗ്ലാസ് ബ്രിഡ്ജ് പൊട്ടിയ സംഭവത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ കേസിന്റെ എഫ്. ഐ. ആർ. ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സംഭവത്തിൽ ഗ്ലാസ് ബ്രിഡ്ജിലെ ഗ്ലാസ്സുകൾ പൊട്ടിച്ചതാണ് എന്ന് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ;

(സി) ആക്കുളം ഗ്ലാസ് ബ്രിഡ്ജ് പൊട്ടിയ സംഭവത്തിൽ പോലീസ് അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണ് എന്ന് വിശദീകരിക്കാമോ?

## ജി. എസ്. ടി. എൻഫോഴ്സ്മെൻ്റ് ഉദ്യോഗസ്ഥരുടെ പേരിൽ പണപ്പിരിവ് നടത്തിയ ആൾക്കെതിരെ നടപടി

106 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡുള്ള കരിഓയിൽ കമ്പനിയിൽ നിന്നും ജി. എസ്. ടി. എൻഫോഴ്സ്മെൻ്റ് ഉദ്യോഗസ്ഥരുടെ പേരിൽ പണപ്പിരിവ് നടത്തിയ ആൾക്കെതിരെ കരിഓയിൽ കമ്പനി സമർപ്പിച്ച പരാതിയിൽ വിജിലൻസ് അന്വേഷണം നടത്തിയോ;

(ബി) അന്വേഷണത്തിൽ നിന്നും എന്തെല്ലാം കാര്യങ്ങൾ വെളിവായിട്ടുണ്ട്; കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുമോ;

(സി) ഇത് സംബന്ധിച്ച് ആരോപണവിധേയനായ ആൾ ഹൈക്കോടതിയിൽ നൽകിയ ഹർജി പിൻവലിച്ച കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) ഇത് സംബന്ധിച്ച് വാർത്ത നൽകിയ മാധ്യമങ്ങൾക്കെതിരെ നിയമ നടപടി സ്വീകരിക്കാൻ ജി. എസ്. ടി. വകുപ്പിൽ നിന്നും എന്തെങ്കിലും ശിപാർശ സർക്കാരിന് ലഭിച്ചിട്ടുണ്ടോ?

## ആളുമാറി നടത്തിയ അറസ്റ്റ്-കസ്റ്റഡി

107 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ കേരള പോലീസ് ആളുമാറി അറസ്റ്റ് ചെയ്യുകയോ കസ്റ്റഡിയിൽ വയ്ക്കുകയോ ചെയ്ത എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്; ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) മേൽപ്പറഞ്ഞവയിൽ ഏതൊക്കെ സംഭവങ്ങളിൽ ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാമാക്കുമോ;

(സി) പ്രസ്തുത സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സർക്കാർ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

## ശബരിമലയിലെ സ്വർണ്ണ കൊള്ള കേസിൽ മുൻ ദേവസ്വം പ്രസിഡൻ്റിൻ്റെ അറസ്റ്റ്

108 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. അൻവർ സാദത്ത്**

**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലെ സ്വർണ്ണ കൊള്ള കേസിൽ മുൻ ദേവസ്വം ബോർഡ് പ്രസിഡന്റ്, അംഗങ്ങൾ എന്നിവർ അറസ്റ്റിലായ സംഭവം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോയെന്നു വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കേസിൽ മുൻ എം. എൽ. എ. , മറ്റ് ബോർഡ് അംഗങ്ങൾ, എന്നിവർക്ക് എതിരെ ചുമത്തിയിട്ടുള്ള കുറ്റങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ;

(സി) ക്ഷേത്രങ്ങളിലെ അടക്കം അമൂല്യ വസ്തുക്കൾ ബോർഡ് കൊള്ളയടിക്കുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ?

## <u>ശബരിമല പ്രഭാമണ്ഡലത്തിലെ സ്വർണ്ണം</u>

109 **ഡോ. എം. കെ. മുനീർ**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലെ കട്ടിളപ്പടിയിലെയും ദ്വാരപാലക ശിൽപങ്ങളിലെയും സ്വർണ്ണം തട്ടിയെടുത്തതിനു പുറമേ പ്രഭാമണ്ഡലത്തിലെ സ്വർണ്ണവും തട്ടിയെടുത്തതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പാളികളിലെ സ്വർണ്ണം തട്ടിയെടുത്തതായാണ് കണ്ടെത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) ശിവ രൂപം, വ്യാളി രൂപം എന്നിവയിലെ സ്വർണ്ണം തട്ടിയെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ തട്ടിയെടുത്ത സ്വർണ്ണം കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ; വിശദീകരിക്കാമോ?

## <u>ശബരിമല സ്വർണ്ണകൊള്ള കേസ് അന്വേഷണം</u>

110 **ശ്രീ. യു. എ. ലത്തീഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല സ്വർണ്ണ കൊള്ള കേസിന്റെ അന്വേഷണം ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത കേസുമായി ബന്ധപ്പെട്ട് ഇതുവരെ അറസ്റ്റ് ചെയ്തിട്ടുള്ളവരുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത കേസുമായി ബന്ധപ്പെട്ട് ആരെയൊക്കെയാണ് ചോദ്യം ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) എസ്. ഐ. ടി. വിപുലീകരിക്കുന്നതിന് ഏതൊക്കെ ഇൻസ്പെക്ടർമാരെയാണ് നിയമിച്ചതെന്ന് അറിയിക്കാമോ; പ്രസ്തുത ഉദ്യോഗസ്ഥർ വകുപ്പുതല ശിക്ഷണ നടപടികൾ നേരിട്ടവരാണോ; വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ നേരത്തെ ഉയർന്നിരുന്ന ആരോപണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(എഫ്) അന്വേഷണ സംഘത്തിന്റെ മേധാവി പ്രസ്തുത ഉദ്യോഗസ്ഥർക്ക് ചുമതല നൽകാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

## കേസിന്റെ വിവരങ്ങൾ

111 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം. വിൻസെന്റ്, വട്ടവിളകം, ആർ. സി. സ്ട്രീറ്റ്, ബാലരാമപുരം പ്രതിയായി കേരള പോലീസ് റിപ്പോർട്ട് ചെയ്തിട്ടുള്ള ബാലരാമപുരം പോലീസ് സ്റ്റേഷൻ ക്രൈം. 310/2008, മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ ക്രൈം. 559/2008, മ്യൂസിയം പോലീസ് സ്റ്റേഷൻ ക്രൈം 457/2007 കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ ക്രൈം. 193/2007 എന്നിവ നിലവിൽ ഏതൊക്കെ കോടതികളിൽ ആണെന്നും പ്രസ്തുത കേസുകളുടെ സി.സി. നമ്പറുകളും അടുത്ത പോസ്റ്റിംഗ് ഡേറ്റും നിലവിലെ സ്ഥിതിയും അറിയിക്കുമോ?

## അട്ടപ്പാടിയിലെ പോലീസ് ഉദ്യോഗസ്ഥരുടെ ഭൂമാഫിയ ബന്ധം

112 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ പോലീസ് ഉദ്യോഗസ്ഥർക്ക് ഭൂമാഫിയ ബന്ധം ഉണ്ടെന്ന് ഡി.ജി.പിക്ക് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) മലപ്പുറം മുൻ എസ്.പി, പാലക്കാട് എസ് പി., തൃശ്ശൂർ ഡി.ഐ.ജി, സി.ആർ.പി.എഫ്. കമാൻഡന്റ് ഉടങ്ങിയവർ ആഭ്യന്തരവകുപ്പിന് നൽകിയ റിപ്പോർട്ടുകളിൽ എന്തെല്ലാം കാര്യങ്ങളാണ് ചൂണ്ടിക്കാണിച്ചിരുന്നതെന്ന് വിശദമാക്കുമോ; അതിന്മേൽ ആഭ്യന്തരവകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(സി) അട്ടപ്പാടിയിലെ ആദിവാസികൾ എസ്.സി- എസ്.ടി. അട്രോസിറ്റീസ് ആക്ട് പ്രകാരം നൽകുന്ന പരാതികളിൽ പോലീസ് കേസെടുക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: എങ്കിൽ കേസെടുക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് അട്ടപ്പാടിയിലെ പോലീസ് സ്റ്റേഷനുകളിൽ എസ്.സി- എസ്.ടി. അതിക്രമം തടയൽ നിയമപ്രകാരം എത്ര കേസെടുത്തുവെന്ന് അറിയിക്കുമോ?

## JFMC കോടതികളിൽ നിന്നും പിൻവലിച്ച കേസുകൾ

113 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ജനവരി മുതൽ 2025 ഡിസംബർ വരെയുള്ള കാലയളവിൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതികളിൽ നിന്നും പോലീസ് വാദിയായിട്ടുള്ള എത്ര കേസുകൾ സർക്കാർ നിർദേശപ്രകാരം പിൻവലിക്കപ്പെട്ടിട്ടുണ്ട്; ടി കാലയളവിൽ പോലീസ്

വാദിയായിട്ടുള്ള എത്ര കേസുകളിൽ ജഡ്ജ്മെന്റ് ഉണ്ടായിട്ടുണ്ട്; ഇതിന്റെ വിശദാംശം നൽകാമോ?

## സംസ്ഥാനത്തെ പോലീസ് കസ്റ്റഡി മരണങ്ങൾ

114 **ശ്രീ എം രാജഗോപാലൻ**
**ശ്രീ. എൻ. കെ. അക്ബർ**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയുടെ സേവനങ്ങൾക്ക് ജനകീയവും മാനവീയവുമായ മുഖം നൽകുന്നതിന് എന്തെല്ലാം ഇടപെടലുകളാണ് നടത്തിവരുന്നതെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് കസ്റ്റഡിമരണങ്ങൾ കുറയ്ക്കുന്നതിന് പ്രസ്തുത ഇടപെടലുകൾ സഹായകരമായിട്ടുണ്ടെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(സി) 2011-2016, 2016-2021, 2021-2025 എന്നിങ്ങനെ ഒരോ അഞ്ചു വർഷവും സംസ്ഥാനത്ത് സംഭവിച്ചിട്ടുള്ള പോലീസ് കസ്റ്റഡി മരണങ്ങളുടെ കണക്കുകൾ ലഭ്യമാണോ; മറുപടി നൽകുമോ;

(ഡി) പ്രസ്തുത കാലയളവുകളിൽ കസ്റ്റഡി മരണങ്ങളിൽ ആരോപണ വിധേയരായ പോലീസ് ഉദ്യോഗസ്ഥർക്കെതിരായി കൈക്കൊണ്ട നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാണോ;

(ഇ) 2021-2025 വരെ വിവിധ ആരോപണങ്ങൾ നേരിട്ട എത്ര പോലീസ് സേനാംഗങ്ങൾക്കെതിരായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ ?

## ശബരിമല സ്വർണ്ണകൊള്ളയുമായി ബന്ധപ്പെട്ട കേസുകൾ

115 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല സ്വർണ്ണകൊള്ളയുമായി ബന്ധപ്പെട്ട് കേരള പോലീസ് നാളിതുവരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഓരോ കേസിലും ആരെയൊക്കെയാണ് പ്രതിചേർത്തിട്ടുള്ളതെന്നും, എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും, എത്ര പേരെ ഇനി അറസ്റ്റ് ചെയ്യുവാൻ ഉണ്ടെന്നും അറിയിക്കുമോ; പ്രസ്തുത കേസുകളുടെ എഫ്.ഐ.ആർ. ന്റെ പകർപ്പുകളും ലഭ്യമാക്കാമോ?

## ആൾക്കൂട്ട ആക്രമണങ്ങൾ

116 **ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര ആൾക്കൂട്ട ആക്രമണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇപ്രകാരമുള്ള ആക്രമണങ്ങളിൽ എത്രപേർ കൊല്ലപ്പെട്ടിട്ടുണ്ട്; എത്രപേർക്ക് പരിക്കേറ്റിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) മേൽപ്പറഞ്ഞ ആൾക്കൂട്ട കൊലപാതക കേസുകളിൽ ഓരോന്നിലും എത്ര പേരെ പ്രതിചേർത്തിട്ടുണ്ടെന്നും എത്ര പേരെ കുറ്റവാളികളായി കണ്ടെത്തിയിട്ടുണ്ടെന്നും എത്രപേർക്ക് ശിക്ഷ ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) ആൾക്കൂട്ട ആക്രമണ കേസുകളിൽ എത്ര പേരെ നാളിതുവരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും ഏതൊക്കെ കേസുകളിൽ ആണ് അറസ്റ്റ് ചെയ്തിട്ടുള്ളതെന്നും എത്രപേർക്ക് ശിക്ഷ ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

## പോലീസ് സേനയിൽ നിന്നും പിരിച്ച് വിട്ട ഉദ്യോഗസ്ഥർ

117 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാന പോലീസ് സേനയിൽ നിന്നും എത്ര ഉദ്യോഗസ്ഥരെ പിരിച്ചു വിട്ടിട്ടുണ്ട്; ഇപ്രകാരം പിരിച്ചുവിടപ്പെട്ട ഉദ്യോഗസ്ഥരുടെ പേരും തസ്തികയും പിരിച്ചുവിടാൻ ഉണ്ടായ കാരണസഹിതം വിശദാംശങ്ങൾ വ്യക്തമാക്കാമോ?

## ഗർഭിണിയായ യുവതിയെ മർദ്ദിച്ച സംഭവം

118 **ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗർഭിണിയായ യുവതിയെ സ്റ്റേഷനിൽ വെച്ച് യൂണിഫോമിലല്ലാത്ത എസ്.എച്ച്.ഒ. മർദ്ദിക്കുന്നതിന്റെ ദൃശ്യങ്ങൾ പുറത്തുവന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) 2024 ജൂൺ 19-ന് നടന്ന സംഭവത്തിന്റെ സി.സി.ടി.വി. ദൃശ്യങ്ങൾ പുറത്തു വന്നതിനെ തുടർന്ന് എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചത്; വിശദമാക്കുമോ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

## ശബരിമല യുവതി പ്രവേശനവുമായി ബന്ധപ്പെട്ട് നടന്ന സമരങ്ങളിലെ കേസുകൾ

119 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല യുവതി പ്രവേശനവുമായി ബന്ധപ്പെട്ട് നടന്ന സമരങ്ങളിൽ എത്രപേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളിൽ എത്ര കേസുകൾ പിൻവലിച്ചിട്ടുണ്ടെന്നും ഇനി എത്ര കേസുകൾ പിൻവലിക്കാനുണ്ടെന്നും വ്യക്തമാക്കാമോ;

(സി) മേൽപ്പറഞ്ഞവയിൽ എത്ര കേസുകൾ കോടതിയിലേക്ക് റഫർ ചെയ്തിട്ടുണ്ടെന്നും ഇവയിൽ ഏതെല്ലാം വകുപ്പുകൾ ആണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് നടന്ന സമരങ്ങളിൽ രജിസ്റ്റർ ചെയ്ത കേസുകൾ പൂർണമായി പിൻവലിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

## <u>അതിജീവിതയ്ക്ക് വേണ്ടി സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ</u>

120 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലന്ധർ മുൻ ബിഷപ്പിനെതിരെ ബലാൽസംഗ ആരോപണമുന്നയിച്ച അതിജീവിത ഹൈക്കോടതിയിൽ കേസ് നടത്തുന്നതിനായി സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കണമെന്ന് ആവശ്യപ്പെട്ട് സർക്കാരിന് അപേക്ഷ നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കമോ;

(ബി) എന്നാണ് അപേക്ഷ സർക്കാരിന് ലഭിച്ചത്; ഈ അപേക്ഷയിന്മേൽ നാളിതുവരെ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) അപേക്ഷയുടെ അടിസ്ഥാനത്തിൽ അതിജീവിതക്ക് വേണ്ടി സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ സർക്കാർ നിയമിക്കുകയുണ്ടായോ; ഇല്ലെങ്കിൽ അതിജീവിത അപേക്ഷ നൽകിയിട്ടും നാളിതുവരെയും സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കാത്തതിന് കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) പീഡനത്തിന് ഇരയാകുന്നവരുടെ കാര്യത്തിൽ സർക്കാർ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കുന്നത് സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകളും ചട്ടങ്ങളും വിശദമാക്കാമോ;

(ഇ) പ്രസ്തുത വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ പീഡിപ്പിക്കപ്പെടുന്നവർക്ക് സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ അനുവദിക്കുന്ന കാര്യത്തിൽ സർക്കാർ നയപരമായി എന്തെങ്കിലും തീരുമാനങ്ങൾ എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(എഫ്) അതിജീവിതക്ക് ഹൈക്കോടതിയിൽ കേസ് വാദിക്കുന്നതിനായി അടിയന്തരമായി സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

## <u>എസ് സി -എസ് ടി ആക്ട് പ്രകാരമുള്ള കേസുകൾ</u>

121 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലത്ത് എസ് സി-എസ് ടി ആക്ട് പ്രകാരം ആകെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; അട്ടപ്പാടിയിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) മേൽ പറഞ്ഞ കാലയളവിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര പെൺകുട്ടികൾ പീഡനത്തിന് ഇരയായി; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

## <u>ആൾക്കൂട്ട ആക്രമണത്തിൽ ഇതര സംസ്ഥാന തൊഴിലാളി കൊല്ലപ്പെട്ടസംഭവം</u>

122 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീകണ്ഠപുരത്ത് യുപി സ്വദേശി നയിം സൽമാനി ആൾക്കൂട്ട ആക്രമണത്തിന് ഇരയായി കൊല്ലപ്പെട്ടത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടും കേസ് രജിസ്റ്റർ ചെയ്യാൻ പോലീസ് തയ്യാറാകാതിരുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ, വിശദമാക്കുമോ;

(ബി) നയിം സൽമാനിയെ ആക്രമിച്ച വ്യക്തികളെ യഥാസമയം കസ്റ്റഡിയിൽ എടുക്കുന്നതിനും കർശനമായ വകുപ്പുകൾ ചുമത്തി കേസ് രജിസ്റ്റർ ചെയ്യുന്നതിനും വീഴ്ചവരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര ഇതര സംസ്ഥാനക്കാർ ആൾക്കൂട്ട ആക്രമണത്തിനിരയായിട്ടുണ്ട്, എത്രപേർ കൊല്ലപ്പെട്ടിട്ടുണ്ട്; വിശദമാക്കുമോ?

## <u>പോലീസ് അക്കാദമി വളപ്പിലെ ചന്ദനമര മോഷണം</u>

123 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ രാമവർമ്മപുരത്തെ പോലീസ് അക്കാദമി വളപ്പിൽ നിന്നും ചന്ദനമരങ്ങൾ മുറിച്ചുകടത്തിയ കേസിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; പ്രതികളെ പിടികൂടിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകൾ ഉൾപ്പെടെ ആഭ്യന്തര വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര മോഷണക്കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഏതൊക്കെയെന്ന് വ്യക്തമാക്കുമോ; ഏതൊക്കെ കേസുകളിൽ പ്രതികളെ പിടികൂടിയിട്ടുണ്ട്; ഏതൊക്കെ കേസുകളിൽ പ്രതികളെ പിടികൂടുവാനുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(സി) കർശന സുരക്ഷാ മുൻകരുതലുകളോടുകൂടി പ്രവർത്തിക്കുന്ന ആഭ്യന്തര വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ പോലും മോഷണക്കേസുകൾ ആവർത്തിച്ച് റിപ്പോർട്ട് ചെയ്യപ്പെടുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഇപ്രകാരമുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## <u>കസ്റ്റഡി മരണങ്ങളും കസ്റ്റഡി മർദ്ദനങ്ങളും</u>

124 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര കസ്റ്റഡി മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; അവയിൽ എത്ര കേസുകളിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ കേസ് തിരിച്ചു വ്യക്തമാക്കുമോ;

(ബി) മേൽപ്പറഞ്ഞ കാലയളവിൽ എത്ര കസ്റ്റഡി മർദ്ദനങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; അവയിൽ എത്ര കേസുകളിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ കേസ് തിരിച്ചു വ്യക്തമാക്കുമോ;

(സി) കസ്റ്റഡി മരണങ്ങളും കസ്റ്റഡി മർദ്ദനവുമായി ബന്ധപ്പെട്ട കോടതി വിധികളെ തുടർന്ന് മേൽപ്പറഞ്ഞ കാലയളവിൽ എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെ

ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേര്, തസ്തിക എന്നിവ ഉൾപ്പെടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

## പോലീസ് മർദ്ദനത്തിന് ഇരയായവർ

125 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ കേരളത്തിലെ പോലീസ് സ്റ്റേഷനുകളിലും പുറത്തും പോലീസ് മർദ്ദനത്തിന് ഇരയായവരുടെ വിവരം പോലീസ് സ്റ്റേഷൻ തിരിച്ച് ലഭ്യമാക്കാമോ;

(ബി) മേൽപ്പറഞ്ഞ കാലയളവിൽ പോലീസ് സ്റ്റേഷനുകളിലും പുറത്തും പോലീസ് മർദ്ദനത്തിന് ഇരയായവർ സർക്കാരിനും പോലീസിനും കോടതികളിലും പരാതികൾ നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) മേൽപ്പറഞ്ഞ പരാതികളിൽ പരിഹരിക്കപ്പെട്ടവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) 2016 മുതൽ നാളിതുവരെ പോലീസ് മർദ്ദനത്തിന് വിധേയരായി മരണപ്പെട്ടവരുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത കാലയളവിൽ പോലീസ് മർദ്ദനത്തിന് ഇരയായി മരണപ്പെടുകയും പരിക്കേൽക്കുകയും ചെയ്തവർക്ക് സർക്കാർ നഷ്ടപരിഹാരം നൽകുകയോ മറ്റ് സമാശ്വാസ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(എഫ്) 2016 മുതൽ നാളിതുവരെ പോലീസ് സ്റ്റേഷനുകളിലും പുറത്തും ഉണ്ടായിട്ടുള്ള പോലീസ് മർദ്ദനത്തിന് കാരണക്കാരായ പോലീസുകാർക്ക് എതിരെ സ്വീകരിച്ച അച്ചടക്ക നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

## കസ്റ്റഡി മർദ്ദന കേസുകൾ

126 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ എത്ര കസ്റ്റഡി മർദ്ദന കേസുകളും, എത്ര കസ്റ്റഡി മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) മേൽപ്പറഞ്ഞ കാലയളവിൽ കസ്റ്റഡി മർദ്ദനവുമായി ബന്ധപ്പെട്ട് എത്ര പോലീസ് ഉദ്യോഗസ്ഥരെ പ്രതി ചേർത്തിട്ടുണ്ടെന്നും എത്ര പേർക്ക് ശിക്ഷ ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ?

## സൈബർ ക്രൈം

127 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൈബർ ക്രൈമുകൾ വലിയ തോതിൽ വർദ്ധിക്കുന്നതും വിർച്വൽ അറസ്റ്റ് പോലെയുള്ള തട്ടിപ്പിലൂടെ നിരവധി പേരുടെ പണം തട്ടിയെടുക്കുന്നതും

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ തടയുന്നതിന് എന്തെങ്കിലും നടപടികൾ പ്രത്യേകമായി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പോലീസിൽ സൈബർ വിംഗ് കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി പ്രത്യേക വിഭാഗമായി കൂടുതൽ സേനാംഗങ്ങളെ ഇതിനായി നിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## വ്യാജ സ്ക്രീൻഷോട്ട് സംബന്ധിച്ച പരാതി

128 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറവൂർ എം.എൽ.എ.യുടെ ഫേസ്ബുക്ക് ഐഡിയുടെ പേരിൽ വ്യാജ സ്ക്രീൻഷോട്ട് പ്രചരിപ്പിക്കുന്നു എന്ന് ആരോപിച്ച് 2020 മെയ് മാസത്തിൽ ആലുവ റൂറൽ എസ്.പി.യ്ക്ക് ആ കാലയളവിലെ സ്ഥലം എം.എൽ.എ. പരാതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പരാതിയുടെയും, വ്യാജമായി പ്രചരിപ്പിച്ചതായി പറയപ്പെടുന്ന സ്ക്രീൻഷോട്ടിന്റെയും കോപ്പി നൽകാമോ;

(ബി) പ്രതിയെ കണ്ടെത്താൻ പോലീസ് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(സി) ഈ കേസിൽ ഫേസ്ബുക്കിനോട് പോലീസ് വിശദീകരണം ചോദിച്ചിട്ടുണ്ടോ;

(ഡി) എം.എൽ.എ. നൽകിയ പരാതിയെന്ന നിലയിൽ അന്വേഷണം വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) പരാതിക്കാധാരമായ വിഷയവും, ഇതുവരെയുള്ള അന്വേഷണത്തിൽ കണ്ടെത്തിയ വിവരങ്ങളുടെയും വിശദാംശം വെളിപ്പെടുത്താമോ?

## സൈബർ കുറ്റകൃത്യങ്ങളും സാമ്പത്തിക തട്ടിപ്പുകളും

129 **ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങളും സൈബർ സാമ്പത്തിക തട്ടിപ്പുകളും വർധിച്ചു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ മൂന്നു വർഷ കാലയളവിൽ രജിസ്റ്റർ ചെയ്ത സാമ്പത്തിക ഇതര സൈബർ കുറ്റകൃത്യങ്ങളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(സി) കഴിഞ്ഞ മൂന്നു വർഷ കാലയളവിൽ രജിസ്റ്റർ ചെയ്ത സൈബർ സാമ്പത്തിക തട്ടിപ്പുകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത സാമ്പത്തിക തട്ടിപ്പുകൾ കാരണമുണ്ടായ സാമ്പത്തിക നഷ്ടത്തിന്റെ കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ഇ) മേൽപ്പറഞ്ഞ കാലയളവിൽ സൈബർ സാമ്പത്തിക തട്ടിപ്പുകളുമായി ബന്ധപ്പെട്ട കേസുകളിൽ എത്ര തുക തിരിച്ചു പിടിക്കാൻ സാധിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## പോലീസ് സ്റ്റേഷനുകളിലെ സി.സി.ടി.വി ദൃശ്യങ്ങൾ

130 **ശ്രീ. പി. സി. വിഷ്ണുനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിലെ സി.സി.ടി.വി ദൃശ്യങ്ങൾ വിവരാവകാശ നിയമപ്രകാരം നൽകുന്നതിന് നിലവിൽ ഏതെങ്കിലും നിയമപരമായ തടസ്സങ്ങൾ ഉണ്ടോ; വിശദമാക്കാമോ;

(ബി) മേൽപ്പറഞ്ഞ വിഷയത്തിൽ സർക്കാർ ഏതെങ്കിലും മാർഗ്ഗനിർദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) 2016 മുതൽ നാളിതുവരെ സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിലെ സി.സി.ടി.വി ദൃശ്യങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള എത്ര വിവരാവകാശ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; അവയിൽ എത്ര അപേക്ഷകളിൽ ദൃശ്യങ്ങൾ നൽകിയിട്ടുണ്ട്, എത്ര അപേക്ഷകൾ നിരസിച്ചിട്ടുണ്ട്, എത്ര അപേക്ഷകളിൽ വിവരാവകാശ കമ്മീഷന്റെ ഉത്തരവിനെ തുടർന്ന് ദൃശ്യങ്ങൾ നൽകിയിട്ടുണ്ട് എന്നതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

## കടുത്തുരുത്തി പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം

131 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി പോലീസ് സ്റ്റേഷൻ പുതിയ കെട്ടിട നിർമ്മാണപദ്ധതിയ്ക്ക് അനുവദിച്ചിരിക്കുന്ന അടങ്കൽ തുക എത്ര കോടി രൂപയാണ്;വ്യക്തമാക്കാമോ;

(ബി) പുതിയ കെട്ടിട നിർമ്മാണത്തിന്റെ ഡിസൈൻ/ഡ്രാഫ്റ്റ് പ്ലാൻ (ഡി.പി.ആർ.) തയ്യാറായിട്ടുണ്ടോ; ഡി.പി.ആർ-ന്റെ കോപ്പി ലഭ്യമാകുമോ;

(സി) പുതിയ സ്റ്റേഷന്റെ കെട്ടിട വിസ്തീർണം എത്രയാണ്; ഭൂമിശാസ്ത്ര പരിമിതികൾ പരിഗണിച്ചാണോ പദ്ധതി തയ്യാറാക്കിയിരിക്കുന്നത്; വ്യക്തമാക്കാമോ;

(ഡി) പോലീസ് ക്വാർട്ടേഴ്സ് നിർമ്മാണം പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഇ) പദ്ധതിയുടെ പൂർത്തീകരണ സമയരേഖ (ടൈംലൈൻ) എത്രകാലമാണ്; പദ്ധതി എന്നേക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ;

(എഫ്) പദ്ധതിക്ക് ടെക്നിക്കൽ സാങ്ഷൻ ലഭിച്ചിട്ടുണ്ടോ; ഇല്ലായെങ്കിൽ വിശദീകരണം നൽകാമോ?

## ഗർഭിണിയെ പോലീസ് സ്റ്റേഷനിൽ മർദ്ദിച്ച സംഭവം

132 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം നോർത്ത് പൊലീസ് സ്റ്റേഷനിലെ എസ്.എച്ച്.ഒ. സ്റ്റേഷനിൽ വച്ച് ഗർഭിണിയെ മർദ്ദിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയം

ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) പ്രസ്തുത സംഭവത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) സമാന സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## മങ്കട പോലീസ് സ്റ്റേഷന്റെ കെട്ടിട നിർമ്മാണം

133 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കമോ;

(ബി) മങ്കട പഞ്ചായത്ത് ഭരണസമിതി യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മങ്കട വില്ലേജിൽ കടന്നമണ്ണ അംശം ദേശത്ത് വെറ്റിനറി ഡിസ്പെൻസറി സ്ഥിതി ചെയ്യുന്ന മൃഗസംരക്ഷണ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം വിട്ടു കിട്ടുന്നതിന് ആഭ്യന്തര വകുപ്പ് എന്തെല്ലാം തരത്തിലുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(സി) ദീർഘകാലമായി യാതൊരു പുരോഗതിയും കൈവരിക്കാത്ത പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

## പോലീസ് എയ്ഡ് പോസ്റ്റ്

134 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ അതിയന്നൂർ ഗ്രാമപഞ്ചായത്തിലെ നെല്ലിമൂട്ടിൽ പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കാമോ;

(ബി) 2025-26 സാമ്പത്തിക വർഷത്തിൽ തന്നെ എയ്ഡ്പോസ്റ്റിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമോ; വ്യക്തമാക്കാമോ?

## പയ്യന്നൂർ മണ്ഡലത്തിലെ പദ്ധതികൾ

135 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആഭ്യന്തര വകുപ്പിന് കീഴിൽ പയ്യന്നൂർ മണ്ഡലത്തിൽ അനുവദിച്ച പദ്ധതികളുടെയും ചെലവഴിച്ച തുകയുടെയും വിശദാംശം ലഭ്യമാക്കാമോ?

## സ്ത്രീകൾക്ക് പരിരക്ഷ

136 **ശ്രീ പി എസ് സുപാൽ**
**ശ്രീ വി ശശി**
**ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യം, വിദ്യാഭ്യാസം, ഉപജീവനം തുടങ്ങിയ സാമൂഹ്യാവകാശങ്ങൾ സംബന്ധിച്ച് സംസ്ഥാനത്തെ സ്ത്രീസമൂഹം അഭിമുഖീകരിക്കുന്ന പുതിയ പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പൊതുസ്ഥലങ്ങളിലും സൈബർ ലോകത്തും സ്ത്രീകൾ നേരിടുന്ന പുതിയകാല പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവിടങ്ങളിൽ സ്ത്രീകൾക്ക് സുരക്ഷ ഒരുക്കുന്നതിന് പോലീസ് സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദമാക്കാമോ;

(സി) സ്ത്രീകൾക്ക് തുല്യനീതിയും ലിംഗസമത്വവും സുരക്ഷിതത്വവും ഉറപ്പാക്കുന്നതിനായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ കാലങ്ങളായി നിലനിൽക്കുന്ന സ്ത്രീസുരക്ഷിതത്വ ചിന്താഗതികളിൽ മാറ്റം വരുത്തുന്നതിന് സഹായകമായിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) നൂതന ആശയങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി രൂപീകരിച്ച സംസ്ഥാന സ്റ്റാർട്ടപ്പ് നയത്തിൽ വനിതാ സംരംഭകരുടെ സ്റ്റാർട്ടപ്പുകൾക്ക് പ്രത്യേക പിന്തുണ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

## വിജിലൻസ് അന്വേഷണത്തിന് ശിപാർശ

137 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് ഡിപ്പാർട്ട്മെന്റിലെ ഫയൽ നമ്പർ വി.ഐ.ജി.-എ2/590/2018-വി.ഐ.ജി.-ൽ, 2016-21 കാലയളവിലെ ഗുരുവായൂർ ക്ഷേത്രം അഡ്മിനിസ്ട്രേറ്റർക്കെതിരെ വിജിലൻസ് അന്വേഷണത്തിന് അഡീഷണൽ സെക്രട്ടറിയും അഡീഷണൽ ചീഫ് സെക്രട്ടറിയും ശിപാർശ ചെയ്തിരുന്നോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ശിപാർശ നടപ്പിലാക്കിയോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

## വിജിലൻസ് കേസുകളുടെ നിലവിലെ സ്ഥിതി

138 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാജ യാത്രാപ്പടി ഇനത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഫണ്ടിൽനിന്നും പണം തട്ടിയെടുത്തതിന് മുൻ ബോർഡ് അംഗങ്ങളായ ആർക്കെല്ലാമെതിരെയാണ് വിജിലൻസ് കേസുള്ളതെന്നും പ്രസ്തുത കേസുകളുടെ നിലവിലെ സ്ഥിതിയെന്താണെന്നും വ്യക്തമാക്കാമോ?

## വിജിലൻസ് അന്വേഷണം

139 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളിൽ ഏത് വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരെയാണ് ഏറ്റവും കൂടുതൽ വിജിലൻസ് അന്വേഷണം നടക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) വിജിലൻസ് അന്വേഷണത്തിൽ ഏറ്റവും മുൻപിലുള്ള പത്ത് വകുപ്പുകളുടെ പേരുകളും വിജിലൻസ് അന്വേഷണത്തിന്റെ എണ്ണവും മുൻഗണനാ ക്രമത്തിൽ വിശദമാക്കാമോ;

(സി) മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരെ അനധികൃത സ്വത്ത് സമ്പാദനവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ലകൾ തിരിച്ച് വിശദമാക്കാമോ?

## കൂത്തുപറമ്പ് മജിസ്ട്രേറ്റ് കോടതി സമുച്ചയ നിർമ്മാണം

140 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ൽ ഭരണാനുമതി ലഭിച്ച കൂത്തുപറമ്പ് മജിസ്ട്രേറ്റ് കോടതി സമുച്ചയ നിർമ്മാണം നാളിതുവരെ ആരംഭിക്കാൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കേരള കൺസ്ട്രക്ഷൻ കോർപ്പറേഷന് നിർമ്മാണ ചുമതലയുള്ള പ്രസ്തുത പ്രവൃത്തി അനന്തമായി നീണ്ടുപോകുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ;

(സി) നിർമ്മാണ ചുമതലയുള്ള കേരള കൺസ്ട്രക്ഷൻ കോർപ്പറേഷനെ പ്രസ്തുത പ്രവൃത്തിയുടെ ചുമതലയിൽ നിന്നും മാറ്റുന്നതിന് നിലവിൽ തടസ്സങ്ങളുണ്ടോ; ഇല്ലെങ്കിൽ പുതിയ ഏജൻസിയെ നിശ്ചയിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ?

## കാട്ടാക്കട കോടതി സമുച്ചയം

141 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട കോടതി സമുച്ചയത്തിനായി ആകെ അനുവദിച്ച തുക എത്രയെന്ന് അറിയിക്കാമോ; പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും പൂർത്തീകരണം സംബന്ധിച്ച വിശദാംശവും ലഭ്യമാക്കുമോ;

(ബി) ടി സമുച്ചയത്തിന് എത്ര നിലകളാണെന്നും അതിന്റെ വിസ്തീർണ്ണം, മറ്റ് സൗകര്യങ്ങൾ, അനുവദിച്ച കോടതികൾ എന്നിവ സംബന്ധിച്ചുള്ള പൂർണമായ വിവരങ്ങളും ലഭ്യമാക്കാമോ?

## കോടതികളിലെ ജീവനക്കാരുടെ അമിതജോലിഭാരം

142 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോടതി ജീവനക്കാരുടെ അമിതജോലിഭാരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോടതി ജീവനക്കാരുടെ വർക്ക് സ്റ്റഡി റിപ്പോർട്ട് നടപ്പാക്കൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(സി) ബഹു. ഹൈക്കോടതി സബോർഡിനേറ്റ് കോടതികളിലെ പ്രവർത്തനം സുഗമമാക്കുന്നതിനും, ജീവനക്കാരുടെ അമിത ജോലിഭാരം കുറയ്ക്കുന്നതിനുമായി കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതുൾപ്പെടെയുള്ള നടപടികൾ ശിപാർശ ചെയ്തു കൊണ്ട് സർക്കാരിന് മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ, പ്രസ്തുത ശിപാർശകൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**നാദാപുരം ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം**

143 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് എതിരെയുള്ള സ്വകാര്യ വ്യക്തിയുടെ കേസിൽ ഫയർ&റെസ്ക്യൂ വകുപ്പ് നാളിതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**നേര്യമംഗലത്ത് പുതിയ ഫയർ സ്റ്റേഷൻ അനുവദിക്കാൻ നടപടി**

144 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ നേര്യമംഗലത്ത് പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ഫയർ സ്റ്റേഷനായി കവളങ്ങാട് ഗ്രാമപഞ്ചായത്ത് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയ സാഹചര്യത്തിൽ പ്രസ്തുത ഫയർ സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

**കുറ്റ്യാടിയിലെ പുതിയ ഫയർ സ്റ്റേഷൻ**

145 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടിയിലും പരിസരത്തും തീപിടിത്തം ഉണ്ടാകുന്ന സാഹചര്യങ്ങളിൽ അഗ്നിശമന സേനാ വിഭാഗങ്ങൾക്ക് യഥാസമയം എത്തിച്ചേരാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ;

(ബി) കുറ്റ്യാടി ആസ്ഥാനമാക്കി പുതിയ ഫയർ സ്റ്റേഷൻ അനുവദിക്കുന്നത് പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ?

**കൊടുവള്ളി നിയോജകമണ്ഡലത്തിലെ ഫയർ സ്റ്റേഷൻ**

146 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന നരിക്കുനി ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് GO (Rt)No 2802/2025 Home dtd 15/08/2025 പ്രകാരം നൽകിയ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കൊടുവള്ളി നിയോജകമണ്ഡലത്തിൽ കൊടുവള്ളി കേന്ദ്രീകരിച്ച് പുതിയ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## അരൂർ ഫയർസ്റ്റേഷൻ നിർമ്മാണം

147 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ ഫയർസ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് തീരദേശ പരിപാലന അതോറിറ്റിയുടെ എൻ.ഒ.സി. ലഭിക്കുന്നതിനായി അരൂർ പഞ്ചായത്ത് സെക്രട്ടറി നൽകിയ അപേക്ഷയിൽ തീരദേശ പരിപാലന അതോറിറ്റി (കെ.സി.ഇസഡ്.എം.എ.) സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## ജയിൽ പുള്ളികൾക്ക് അനധികൃത സൗകര്യം ഒരുക്കൽ

148 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടി.പി. വധക്കേസ് പ്രതി കൊടി സുനിയിൽ നിന്നും ഉൾപ്പെടെ ഹെഡ് ക്വാർട്ടേഴ്സ് ഡി.ഐ.ജി. എം.കെ. വിനോദ് കുമാർ ലക്ഷങ്ങൾ കൈക്കൂലി വാങ്ങിയത് സംബന്ധിച്ച കേസിൽ അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; റിപ്പോർട്ടിലെ കണ്ടെത്തലുകൾ എന്തൊക്കെയാണ്; മേൽപ്പറഞ്ഞ ഉദ്യോഗസ്ഥനെതിരെ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) ഹെഡ് ക്വാർട്ടേഴ്സ് ഡി.ഐ.ജി.ക്ക് കൈക്കൂലി വാങ്ങുന്നതിന് എല്ലാ സഹായവും ചെയ്തു നൽകിയത് ജയിൽ മേധാവിയാണ് എന്ന് ഒരു മുൻ ജയിൽ വകുപ്പ് ഉദ്യോഗസ്ഥൻ വെളിപ്പെടുത്തിയത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; ഇക്കാര്യത്തിൽ സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ; കണ്ടെത്തലുകൾ എന്തൊക്കെയാണ്; എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചു; വ്യക്തമാക്കാമോ;

(സി) ജയിൽ പുള്ളികൾക്ക് അനധികൃത സൗകര്യം ഒരുക്കുകയും അവരിൽ നിന്ന് അനധികൃതമായി ആനുകൂല്യങ്ങൾ കൈപ്പറ്റുകയും കൈക്കൂലി വാങ്ങുകയും ചെയ്തത് സംബന്ധിച്ച എത്ര സംഭവങ്ങൾ മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; എത്ര സംഭവങ്ങളിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ട്; എത്ര സംഭവങ്ങളിൽ കുറ്റക്കാരെ ശിക്ഷിച്ചിട്ടുണ്ട്; കുറ്റക്കാരായ ഉദ്യോഗസ്ഥരുടെ പേരും തസ്തികയും ഉൾപ്പെടെ വിശദാംശങ്ങൾ നൽകാമോ?

## പരോൾ ലഭിക്കുന്നതിന് ഉദ്യോഗസ്ഥർ കൈക്കൂലി വാങ്ങുന്നതായ പരാതി

149 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിലിനുള്ളിൽ സൗകര്യങ്ങൾ ഒരുക്കുന്നതിനും പരോൾ ലഭിക്കുന്നതിനും ജയിൽ വകുപ്പ് ഉദ്യോഗസ്ഥർ കൈക്കൂലി വാങ്ങുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിശോധിച്ചിട്ടുണ്ടോ;

(ബി) പരാതിക്കാരായ ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നറിയിക്കാമോ;

(സി) കൊടും കുറ്റവാളികൾക്ക് പരോൾ അനുവദിക്കുന്നതിന് കൈക്കൂലി വാങ്ങിയ ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും നീക്കം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

**<u>ജയിൽ അന്തേവാസി ഉദ്യോഗസ്ഥ അനുപാതം</u>**

150 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ നിലവിൽ ആകെ എത്ര അന്തേവാസികൾ ഉണ്ടെന്ന് വിശദമാക്കുമോ;

(ബി) നിലവിലുള്ള അന്തേവാസികൾക്ക് ആനുപാതികമായി ഇവരെ സംരക്ഷിക്കുന്നതിനുള്ള ഉദ്യോഗസ്ഥർ ഉണ്ടോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ പുതിയ തസ്തികകൾ സൃഷ്ടിക്കുമോ; വിശദമാക്കുമോ?

**<u>തടവുകാരുടെ ദിവസവേതനം വർദ്ധിപ്പിച്ചതിന്റെ നിരക്കുകൾ</u>**

151 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലെ തടവുകാരുടെ ദിവസവേതനം വർദ്ധിപ്പിച്ചതിന്റെ നിരക്കുകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) തടവുകാരുടെ വേതന വർദ്ധനവ് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള ആധികാരിക പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ ഏത് പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നിലവിലെ നിരക്ക് വർദ്ധനവ് വരുത്തിയിട്ടുള്ളത്;

(സി) തടവുകാരുടെ ദിവസവേതനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ആരാണ് ശിപാർശ നൽകിയതെന്നും ഇതു സംബന്ധിച്ച് ജയിൽ വകുപ്പ് നൽകിയ ശിപാർശയിൽ ആവശ്യപ്പെട്ടിരുന്ന നിരക്കുകളുടെ ഇനം തിരിച്ചുമുള്ള വിശദാംശങ്ങളും ലഭ്യമാക്കുമോ;

(ഡി) ഇപ്പോൾ വരുത്തിയിട്ടുള്ള വരുമാന വർദ്ധനവ് സർക്കാരിന് ലഭിച്ച ശിപാർശയിലെ നിരക്കുകളേക്കാൾ അധികമാണോ; എങ്കിൽ ഈ അധിക വർദ്ധനവ് വരുത്താൻ ഇടയായ സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

**<u>കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികൾ</u>**

152 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 മുതൽ 2025-26 വരെയുള്ള സാമ്പത്തിക വർഷങ്ങളിലായി കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം നിയോജകമണ്ഡലം തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ വിശദ വിവരങ്ങളും ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, നിർവ്വഹണ ചുമതല നൽകിയിട്ടുള്ള വകുപ്പ്/ഏജൻസി, പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്നിവയും വ്യക്തമാക്കാമോ;

(സി) ഇതിൽ പൂർത്തീകരിക്കാൻ കഴിയാത്ത പദ്ധതികളുടെ വിശദ വിവരങ്ങളും

ആയതിന്റെ കാരണങ്ങളും വ്യക്തമാക്കാമോ?

**<u>ജപ്തി നടപടി നിർത്തിവയ്ക്കുന്നതിനുള്ള അപേക്ഷ</u>**

153 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ കണ്ടാണശ്ശേരി പഞ്ചായത്തിലെ കരിയാംപറമ്പിൽ ഹൗസിൽ സിനി ഗോപിയുടെ ഭർത്താവ് കാനറാ ബാങ്കിന്റെ അരികന്നിയൂർ ശാഖയിൽ നിന്നും എടുത്ത വായ്പ തിരിച്ചടവ് മുടങ്ങിയതിനെ തുടർന്നുണ്ടായ ജപ്തി നടപടികൾ നിർത്തിവെയ്ക്കണമെന്ന് അഭ്യർത്ഥിച്ച് സമർപ്പിച്ച നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അപേക്ഷകയുടെ ഭർത്താവ് മരണപ്പെടുകയും ഓട്ടിസം ബാധിച്ച ഒരു മകളും, വിദ്യാർത്ഥിയായ ഒരു മകനും മാത്രമുള്ളതും സാമ്പത്തികമായി വളരെ ബുദ്ധിട്ടുള്ളതുമായ പ്രസ്തുത കുടുംബത്തെ സഹായിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

**<u>സ്റ്റാറ്റിസ്റ്റിക്കൽ സെല്ലുകളിലെ ജീവനക്കാരുടെ ചുമതലകളുടെയും ഉത്തരവാദിത്വങ്ങളുടെയും പുനക്രമീകരണം</u>**

154 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകളിൽ ഡാറ്റാ മാനേജർ തസ്തിക, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലും സാമൂഹ്യനീതി വകുപ്പിലും സ്റ്റാറ്റിസ്റ്റിക്കൽ സെല്ലുകൾ, റവന്യൂ താലൂക്കുകൾക്ക് ആനുപാതികമായി താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസുകൾ, സാസയെ മഹലനോബിസ് നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ റിസർച്ച് അക്കാദമി എന്ന പേരിൽ പുനർനാമകരണം ചെയ്യുക, 41 വകുപ്പുകളിലെ സ്റ്റാറ്റിസ്റ്റിക്കൽ സെല്ലുകളിലെ ജീവനക്കാരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും പുനക്രമീകരിക്കുക, സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷണർ എന്ന പേരിൽ IES/ISS/IAS കേഡറിലെ ഉദ്യോഗസ്ഥനെ വകുപ്പ് ഡയറക്ടറായി നിയമിക്കുക എന്നീ ആവശ്യങ്ങൾ മുൻനിർത്തി സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ ചെയർമാന് 21/04/2025 ൽ നൽകിയ 143/2025/CRM കത്തിലെ വിഷയങ്ങൾ വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്ത് പരിഹാരം കണ്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

**<u>കോവളം നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ</u>**

155 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം നിയോജകമണ്ഡലത്തിൽ 2021 മുതൽ നാളിതുവരെ മുഖ്യമന്ത്രിയുടെ കീഴിലുള്ള വിവിധ വകുപ്പുകളിൽനിന്നും പണം അനുവദിച്ചതും പണി തുടങ്ങിയതും പൂർത്തിയാക്കിയതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്നും എത്ര രൂപ വീതം അനുവദിച്ചുവെന്നും വ്യക്തമാക്കാമോ?

**<u>കാസർഗോഡ് വികസന പാക്കേജ്</u>**

156 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് വികസന പാക്കേജിൽ നാളിതുവരെ എത്ര തുകയുടെ വികസന പ്രവൃത്തികൾ നടപ്പിലാക്കുന്നതിനാണ് പ്രഭാകരൻ കമ്മീഷൻ ശിപാർശ ചെയ്തതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര തുക ഇതുവരെ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) എത്ര തുകയുടെ പ്രവൃത്തികൾ ഇതുവരെ നടപ്പിലാക്കിയിട്ടുണ്ടെന്ന് നിയോജകമണ്ഡലം, വർഷം എന്നിവ തിരിച്ച് കണക്ക് ലഭ്യമാക്കാമോ?

## ഇടുക്കി പാക്കേജിലെ പ്രവൃത്തികളുടെ പുരോഗതി

157 **ശ്രീ. പി. ജെ. ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയുടെ സമഗ്ര വികസനത്തിനുള്ള ഇടുക്കി പാക്കേജിന്റെ പുരോഗതി വ്യക്തമാക്കാമോ; നാളിതുവരെ എത്ര പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്; ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഇടുക്കി പാക്കേജിൽ ഉൾപ്പെട്ടിട്ടുള്ള എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്; പൂർത്തീകരിച്ചിട്ടുള്ള പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) കഴിഞ്ഞ നാല് വർഷങ്ങളിലായി എത്ര നിർമ്മാണ പ്രവൃത്തികൾക്കാണ് അംഗീകാരം നൽകിയത്; വിശദാംശം ലഭ്യമാക്കാമോ;

(ഡി) നാളിതുവരെ പ്രസ്തുത പ്രവൃത്തികൾക്ക് എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## ഇൻലാൻഡ് കോസ്റ്റൽ റെഗുലേഷൻ സോൺ വ്യവസ്ഥകൾ

158 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലക്ഷദ്വീപ്, ആൻഡമാൻ-നിക്കോബാർ എന്നീ ദ്വീപുകളിലും മറ്റ് ചെറുദ്വീപുകളിലും പ്രത്യേക ഇൻലാൻഡ് കോസ്റ്റൽ റെഗുലേഷൻ സോൺ വ്യവസ്ഥകൾ ബാധകമാക്കിയിട്ടുള്ളതുപോലെ വൈപ്പിൻകാർക്കും സമാനമായ ചട്ടങ്ങൾ ബാധകമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

## കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി

159 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി (കെ.എ.എസ്.പി), കാരുണ്യ ബനവലന്റ് ഫണ്ട് എന്നിവ പ്രകാരം ചികിത്സയ്ക്ക് ലഭിക്കുന്ന പരമാവധി ധനസഹായം എത്ര രൂപ വീതമാണ്;

(ബി) പ്രസ്തുത പദ്ധതികൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും, എവിടെയാണ് അപേക്ഷ സമർപ്പിക്കേണ്ടതെന്നുമുള്ള വിശദാംശങ്ങൾ നൽകാമോ;

(സി) പ്രസ്തുത പദ്ധതികൾ പ്രകാരം മണലൂർ മണ്ഡലത്തിൽ നടപ്പ് സർക്കാരിന്റെ കാലത്ത് എത്ര പേർക്ക് എത്ര രൂപയുടെ സഹായം ലഭിച്ചിട്ടുണ്ടെന്ന് വർഷം തിരിച്ചുള്ള വിശദാംശങ്ങൾ നൽകാമോ?

## കല്ല്യാശ്ശേരി മണ്ഡലത്തിലെ വികസന പദ്ധതികൾ

160 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കല്ല്യാശ്ശേരി മണ്ഡലത്തിൽ ആരോഗ്യമേഖലയിലെ വികസന പദ്ധതികൾക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കല്ല്യാശ്ശേരി മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾക്കാണ് ഇത്തരത്തിൽ തുക അനുവദിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് കല്ല്യാശ്ശേരി മണ്ഡലത്തിൽ ആരോഗ്യ മേഖലയിൽ പുതുതായി ആരംഭിച്ച സേവനങ്ങളുടെയും സംവിധാനങ്ങളുടെയും വിശദവിവരങ്ങൾ നൽകാമോ; ഈ കാലയളവിൽ അപ്ഗ്രേഡ് ചെയ്യപ്പെട്ട ആരോഗ്യകേന്ദ്രങ്ങളുടെ വിശദവിവരങ്ങൾ നൽകാമോ?

## വണ്ടൂർ നിയോജകമണ്ഡലത്തിൽ ആരോഗ്യ വകുപ്പ് നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ

161 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-2021 സാമ്പത്തിക വർഷം മുതൽ നാളിതു വരെ വണ്ടൂർ നിയോജകമണ്ഡലത്തിൽ ആരോഗ്യവകുപ്പും നാഷണൽ ഹെൽത്ത് മിഷനും നടപ്പിലാക്കിയ വിവിധ വികസന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

## അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ ആരോഗ്യ വകുപ്പിന്റെ വികസന പദ്ധതികൾ

162 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ ആരോഗ്യ വകുപ്പ് മുഖാന്തിരം നടപ്പിലാക്കിയ വിവിധ വികസന പദ്ധതികളുടെ വിശദാംശം അവയ്ക്ക് ഓരോന്നിനും അനുവദിച്ച തുക സഹിതം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ ആലപ്പുഴ മെഡിക്കൽ കോളേജ് വികസനത്തിന് എന്തൊക്കെ പദ്ധതികളാണ് അനുവദിക്കപ്പെട്ടിട്ടുള്ളതെന്നും ഓരോന്നിനും അനുവദിക്കപ്പെട്ട തുക എത്രയാണെന്നും അവയുടെ ഇപ്പോഴത്തെ സ്ഥിതിയും വിശദമാക്കാമോ?

## കോങ്ങാട് മണ്ഡലത്തിലെ ആരോഗ്യ സ്ഥാപനങ്ങൾക്കായുള്ള പദ്ധതികൾ

163 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കോങ്ങാട് മണ്ഡലത്തിലെ വിവിധ ആരോഗ്യ സ്ഥാപനങ്ങൾക്കായി അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ വിശദ വിവരങ്ങൾ, ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, നിർവഹണ ചുമതലയുള്ള വകുപ്പ്, അവയുടെ നിലവിലെ പ്രവർത്തന പുരോഗതി എന്നിവ വിശദമാക്കാമോ?

## <u>പാറശ്ശാല നിയോജകമണ്ഡലത്തിൽ ആരോഗ്യ, വനിതാ-ശിശു വികസന വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ</u>

164 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മെയ് മുതൽ നാളിതു വരെ പാറശ്ശാല നിയോജക മണ്ഡലത്തിൽ ആരോഗ്യ വകുപ്പ്, വനിതാ ശിശുവികസന വകുപ്പ് എന്നിവ മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്നും പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക എത്രയെന്നും പദ്ധതി തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ പൂർത്തിയായവ ഏതെല്ലാമെന്നും, നിലവിൽ നിർമ്മാണ പുരോഗതിയിലുള്ളവ ഏതെല്ലാമെന്നും വിശദമാക്കാമോ;

(സി) നിർമ്മാണപുരോഗതിയിലുള്ള പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## <u>കാഞ്ഞങ്ങാട് മണ്ഡലത്തിലെ ആരോഗ്യവകുപ്പിന്റെ പദ്ധതികൾ</u>

165 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലയളവിൽ കാഞ്ഞങ്ങാട് മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങളുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) ആയതിന് ഓരോ ആരോഗ്യ കേന്ദ്രത്തിലും അനുവദിച്ച തുക സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(സി) കാഞ്ഞങ്ങാട് മണ്ഡലത്തിൽ പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

## <u>മലമ്പുഴ മണ്ഡലത്തിൽ ആരോഗ്യ വകുപ്പ് നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ</u>

166 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആരോഗ്യ വകുപ്പ് മുഖാന്തിരം മലമ്പുഴ മണ്ഡലത്തിൽ നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങളുടെ വിശദവിവരം ലഭ്യമാക്കാമോ; ഓരോ പദ്ധതിയുടെയും അടങ്കൽ തുക, നിലവിലെ സ്ഥിതി എന്നീ വിശദാംശം ലഭ്യമാക്കാമോ?

## സൗജന്യ സർക്കാർ പദ്ധതികളിലെ കുടിശ്ശിക

167 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, കാരുണ്യ ബെനവലന്റ് പദ്ധതി, ആർ. ബി. എസ്. കെ., ആരോഗ്യകിരണം, ഹൃദ്യം, ആവാസ്, അമ്മയും കുഞ്ഞും, സുകൃതം എന്നീ പദ്ധതികളിലായി സർക്കാർ നൽകാനുള്ള കുടിശ്ശിക തുക ഇനം തിരിച്ച് ലഭ്യമാക്കാമോ;വിവരം ;

(ബി) കാസ്പ് (കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി) പ്രകാരം സ്വകാര്യ ആശുപത്രികൾ, സർക്കാർ ആശുപത്രികൾ, എച്ച്. എൽ. എൽ., ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റികൾ എന്നീ സ്ഥാപനങ്ങൾക്ക് നൽകാനുള്ള കുടിശ്ശികയുടെ വിവരം ഇനം തിരിച്ച് ലഭ്യമാക്കാമോ?

## മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ വികസന പദ്ധതികൾ

168 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാറിന്റെ കാലത്ത് മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ ആരോഗ്യം, ആയുഷ്, വനിത - ശിശുക്ഷേമം എന്നീ വകുപ്പുകളുടെ നേതൃത്വത്തിൽ നടപ്പിലാക്കിയതും പ്രവൃത്തി തുടരുന്നതുമായ പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ വിശദവിവരങ്ങൾ, ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, നിർവ്വഹണ ഏജൻസി, നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കാമോ; ഫണ്ട് അനുവദിച്ചതിന്റെ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

## ആലപ്പുഴ മണ്ഡലത്തിൽ എൻ. എച്ച്. എം. മുഖേന ഫണ്ട് അനുവദിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികൾ

169 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ എൻ. എച്ച്. എം. മുഖേന ഫണ്ട് അനുവദിച്ച് നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) എൻ. എച്ച്. എം. ഫണ്ട് മുഖേന നിലവിൽ ഏതൊക്കെ ആശുപത്രികൾക്കാണ് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുള്ളതെന്നും അവയ്ക്കുവേണ്ടി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോയെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

## കുന്നത്തുനാട് മണ്ഡലത്തിൽ ആരോഗ്യവകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

170 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മെയ് മുതൽ നാളിതുവരെ കുന്നത്തുനാട് മണ്ഡലത്തിൽ ആരോഗ്യവകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ ഓരോ പദ്ധതിയ്ക്കും വേണ്ടി എത്ര തുക വീതമാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

## പുനലൂർ മണ്ഡലത്തിലെ ആരോഗ്യ വകുപ്പിന്റെ പദ്ധതികൾ

171 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുനലൂർ മണ്ഡലത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഹെൽത്ത് ഗ്രാന്റ്, എം. എൽ. എ. ഫണ്ട് എന്നിവ കൂടാതെ ആരോഗ്യ വകുപ്പ് അനുവദിച്ച വിവിധ പ്രവൃത്തികളുടെ/പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടേയും പേരും അനുവദിച്ച തുകയും പദ്ധതി നിർവഹണ ഏജൻസിയുടെ വിവരങ്ങളും ലഭ്യമാക്കാമോ;

(സി) പുനലൂർ നിയോജകമണ്ഡലത്തിൽ 2016-21 കാലയളവിൽ ആരോഗ്യ വകുപ്പ് അനുവദിച്ച വിവിധ പ്രവൃത്തികളുടെ/പദ്ധതികളുടെ വിശദാംശങ്ങൾ, അനുവദിച്ച തുക എന്നിവ ലഭ്യമാക്കാമോ;

(ഡി) പുനലൂർ നിയോജകമണ്ഡലത്തിലെ ആര്യങ്കാവിൽ കഴിഞ്ഞ സർക്കാർ അനുവദിച്ച ഭക്ഷ്യ സുരക്ഷാ ചെക്ക് പോസ്റ്റ് പ്രവർത്തനം ആരംഭിയ്ക്കുന്നതിന് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ?

## മാവേലിക്കര മണ്ഡലത്തിലെ ആരോഗ്യവകുപ്പിന്റെ പദ്ധതികൾ

172 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ മാവേലിക്കര മണ്ഡലത്തിൽ ആരോഗ്യ വകുപ്പ് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളുടെ പേരും തുകയും അവയുടെ തൽസ്ഥിതിയും വിശദമാക്കുമോ;

(ബി) 2016-17 മുതൽ മാവേലിക്കര മണ്ഡലത്തിൽ ആയുർവേദ ചികിത്സാ രംഗത്ത് ആരോഗ്യ വകുപ്പ് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളുടെ പേരും തുകയും അവയുടെ തൽസ്ഥിതിയും വിശദമാക്കുമോ;

(സി) 2016-17 മുതൽ മാവേലിക്കര മണ്ഡലത്തിൽ ആരോഗ്യ വകുപ്പിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഹോമിയോ ചികിത്സാ രംഗത്ത് അനുവദിച്ച പ്രവൃത്തികളുടെ പേരും തുകയും അവയുടെ തൽസ്ഥിതിയും വിശദമാക്കുമോ?

## ആരോഗ്യ ഇൻഷ്വറൻസ് കാർഡ്

173 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ ഇൻഷ്വറൻസ് കാർഡ് പുതുക്കാൻ കഴിയാത്തവർക്കും, പുതുതായി കാർഡ് എടുക്കാൻ വേണ്ടിയും സർക്കാർ ഇൻഷ്വറൻസ് കമ്പനിയുമായി ചർച്ച നടത്തിയിട്ടുണ്ടോ; നിലവിൽ ഇൻഷ്വറൻസ് കാർഡില്ലാത്ത രോഗികൾക്ക് ഏത് തരത്തിലുള്ള ചികിത്സാ ധനസഹായമാണ് നൽകുന്നത് ; വിശദമാക്കാമോ?

## ഏകാരോഗ്യ പദ്ധതി

174 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകാരോഗ്യ പദ്ധതിയുടെ ഭാഗമായി സെന്റർ ഫോർ വൺ ഹെൽത്ത് -ന്റെ കീഴിൽ എത്ര കമ്മ്യൂണിറ്റി വാളണ്ടിയർമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്;

(ബി) എന്തെല്ലാം പരിശീലനങ്ങളാണ് വാളണ്ടിയർമാർക്ക് നൽകി വരുന്നത്; വിശദാംശം ലഭ്യമാക്കാമോ?

## കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തിൽ ആർദ്രം പദ്ധതി

175 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തിൽ ആർദ്രം പദ്ധതി പ്രകാരം നടപ്പിലാക്കിയ പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

## സാന്ത്വന പരിചരണം, ആർദ്രം പദ്ധതി

176 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാന്ത്വന പരിചരണത്തിന് വിശദമായ പ്രവർത്തന മാർഗ്ഗരേഖ പുറത്തിറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായി ആർദ്രം മിഷനിലെ പ്രധാന മേഖലകളിലൊന്നായി 'പാലിയേറ്റിവ് കെയർ' തിരഞ്ഞെടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇതിന്റെ ഭാഗമായി സമഗ്ര പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാൻ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## ആലത്തൂർ മണ്ഡലത്തിൽ ആർദ്രം പദ്ധതി

177 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആലത്തൂർ മണ്ഡലത്തിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഏതൊക്കെ പി.എച്ച്.സി.കൾക്കാണ് ഫണ്ട് ലഭ്യമാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ?

## ഹൃദയശസ്ത്രക്രിയ ഉപകരണങ്ങൾ വാങ്ങിയ ഇനത്തിലെ കുടിശ്ശിക തുക

178 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലേക്ക് ഹൃദയശസ്ത്രക്രിയ ഉപകരണങ്ങൾ വാങ്ങിയ ഇനത്തിൽ നിലവിൽ വിതരണക്കാർക്ക് എത്ര തുക കുടിശ്ശിക നൽകുവാൻ ഉണ്ട് ; വിശദാംശങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമൊ;

(ബി) ഹൃദയശസ്ത്രക്രിയ ഉപകരണങ്ങളുടെ അഭാവം മൂലം സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ ശസ്ത്രക്രിയകൾ മാറ്റിവയ്ക്കുന്ന സാഹചര്യം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ അടിയന്തര പരിഹാര നടപടികൾ സ്വീകരിക്കുമോ വ്യക്തമാക്കുമോ;

(സി) സർക്കാർ ആശുപത്രികളിലെ ഡോക്ടർമാർ രോഗികളുടെ കുടുംബാംഗങ്ങളിൽ നിന്നും പണം പിരിച്ച് ശസ്ത്രക്രിയ ഉപകരണങ്ങളും അനുബന്ധസാമഗ്രികളും വാങ്ങി അടിയന്തര ചികിത്സ നല്കിയതായുള്ള മാധ്യമ വാർത്തകളുടെ നിജസ്ഥിതി വ്യക്തമാക്കുമോ; എങ്കിൽ സംസ്ഥാനത്തെ ഏതൊക്കെ മെഡിക്കൽ കോളേജുകളിലും സർക്കാർ ആശുപത്രികളിലും ആണ് ഇപ്രകാരം നടപടികൾ സ്വീകരിച്ചിട്ടുള്ളത് ; ഈ പ്രതിസന്ധി ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട് വ്യക്തമാക്കുമൊ ?

## കിടത്തി ചികിൽസ, മിഡ്‌വൈഫ് സേവനം

179 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിടത്തി ചികിൽസ ഇല്ലാത്ത എത്ര പഞ്ചായത്തുകളാണ് നിലവിൽ ഉള്ളതെന്ന് വിശദമാക്കാമോ;

(ബി) മിഡ്‌വൈഫിന്റെ സേവനം മാതൃ ആരോഗ്യത്തിന്റെ പ്രധാന കണ്ണിയാണെന്നിരിക്കെ പ്രസ്തുത തസ്തികയുടെ നിയമനം നിർത്തലാക്കിയത് മാതൃ ആരോഗ്യ രംഗത്തുണ്ടാക്കാവുന്ന ആഘാതത്തെപ്പറ്റി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കുമോ?

## സർക്കാർ ആശുപത്രികളിൽ ആധുനിക ചികിത്സാ ഉപകരണങ്ങൾ സ്ഥാപിയ്ക്കാൻ നടപടി

180 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ജില്ലകളിലായി ഏതൊക്കെ സർക്കാർ ആശുപത്രികളിലാണ് നിലവിൽ കാത്ത് ലാബ് സ്ഥാപിച്ചിട്ടുള്ളതെന്ന വിവരം അറിയിക്കാമോ; ആശുപത്രികളുടെയും സ്ഥാപിച്ച ഏജൻസികളുടെയും വിവരങ്ങളും, ചെലവഴിച്ച തുകയും വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ ഏതെങ്കിലും താലൂക്ക് ആശുപത്രിയിൽ കാത്ത് ലാബ് സ്ഥാപിച്ചിട്ടുണ്ടോ; വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) ഏതെങ്കിലും സർക്കാർ ആശുപത്രികളിൽ എം. ആർ. ഐ. ഉൾപ്പെടെയുള്ള ഡയഗ്നോസ്റ്റിക് ഉപകരണങ്ങൾ സ്വകാര്യ പങ്കാളിത്തത്തോടെ സ്ഥാപിച്ചിട്ടുണ്ടോ; വിവരങ്ങൾ ലഭ്യമാക്കാമോ; ആശുപത്രികളുടെയും സ്ഥാപിച്ച ഏജൻസികളുടെയും വിവരങ്ങൾ വ്യക്തമാക്കാമോ?

## ആരോഗ്യ വകുപ്പിൽ സൃഷ്ടിച്ച തസ്തികകളുടെ എണ്ണം

181 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2021 വരെയുള്ള കാലത്ത് എത്ര ഡോക്ടർമാരുടെയും നേഴ്സുമാരുടെയും പാരമെഡിക്കൽ സ്റ്റാഫിന്റെയും തസ്തികകളാണ് സൃഷ്ടിച്ചത്; ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) 2021 മുതൽ നാളിതുവരെ എത്ര ഡോക്ടർമാരുടെയും നേഴ്സുമാരുടെയും പാരമെഡിക്കൽ സ്റ്റാഫിന്റെയും പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; ഇതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

## മൂന്നാർ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി നിർമ്മാണം

182 **ശ്രീ. എ. രാജ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതി മുഖേന നടപ്പിലാക്കുന്ന മൂന്നാർ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിയുടെ നിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തി ദ്രുതഗതിയിൽ പൂർത്തിയാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

## പുതുക്കാട് താലൂക്ക് ആശുപത്രിയിലെ അടിസ്ഥാന സൗകര്യങ്ങൾ

183 **ശ്രീ. കെ.കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പുതുക്കാട് താലൂക്ക് ആശുപത്രിയിൽ എന്തെല്ലാം അടിസ്ഥാന- വികസന- സേവനസൗകര്യങ്ങളാണ് കൂടുതലായി ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ ഗൈനക്കോളജി ഐ.പി. ആരംഭിക്കുന്നതിനായി എന്തെല്ലാം ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും; പ്രസ്തുത ഐ.പി. എന്നത്തേക്ക് പ്രവർത്തന സജ്ജമാക്കാൻ കഴിയുമെന്നും അറിയിക്കാമോ;

(സി) പുതുതായി പണികഴിപ്പിച്ച സ്ത്രീകളുടെ വാർഡ്, ലാബ് ബ്ലോക്ക്, പൊതുജനാരോഗ്യവിഭാഗം ബ്ലോക്ക് എന്നിവയുടെ നിർമ്മാണവും, പ്രസ്തുത കെട്ടിടസമുച്ചയത്തിൽ ലിഫ്റ്റ് സ്ഥാപിക്കുന്ന പ്രവൃത്തിയും ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

## പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ സ്ട്രോക്ക് യൂണിറ്റ്

184 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ സ്ട്രോക്ക് യൂണിറ്റ് ആരംഭിക്കുമെന്ന പ്രഖ്യാപനം നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) സ്ട്രോക്ക് യൂണിറ്റ് ആരംഭിക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ആശുപത്രിയിൽ സജ്ജമാക്കിയിട്ടും ആവശ്യമായ ജീവനക്കാരുടെ നിയമനം ഉൾപ്പെടെയുള്ള നടപടികൾ എന്തുകൊണ്ടാണ് വൈകുന്നതെന്ന് വിശദമാക്കുമോ;

(സി) സ്ട്രോക്ക് യൂണിറ്റ് ആരംഭിക്കുന്നതിന് ന്യൂറോളജിസ്റ്റിനെ അടിയന്തരമായി നിയമിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## <u>ലാബ് ടെക്നീഷ്യൻ നിയമനം</u>

185 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലബോറട്ടറി സൗകര്യങ്ങൾ ഉണ്ടായിരുന്നിട്ടും ലാബ്-ടെക്നീഷ്യൻ സ്ഥിരം തസ്തികകൾ ഇല്ലാത്ത എത്ര ആരോഗ്യകേന്ദ്രങ്ങളാണ് സംസ്ഥാനത്ത് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ലബോറട്ടറി സൗകര്യങ്ങൾ ഉള്ള കുടുംബാരോഗ്യ കേന്ദ്രങ്ങളിലും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ലാബ് ടെക്നീഷ്യൻ സ്ഥിരം നിയമനം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് കൂടുതൽ ലാബ് ടെക്നീഷ്യൻ തസ്തികകൾ സൃഷ്ടിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>കാസർകോട് ജനറൽ ആശുപത്രിയിൽ നിർമ്മാണത്തിലിരിക്കുന്ന കെട്ടിടങ്ങൾ</u>

186 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജനറൽ ആശുപത്രി കോംപൗണ്ടിനകത്ത് നിർമ്മാണം പൂർത്തീകരിക്കാത്ത എത്ര കെട്ടിടങ്ങളുണ്ടെന്നും അവ ഓരോന്നിന്റെയും നിർമ്മാണം ആരംഭിച്ചിട്ടു എത്ര കാലമായെന്നും ഓരോന്നിന്റെയും എസ്റ്റിമേറ്റ് തുക എത്രയെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

## <u>കുളത്തൂപ്പുഴ കുടുംബാരോഗ്യ കേന്ദ്രത്തെ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്താൻ നടപടി</u>

187 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളത്തുപ്പുഴ കുടുംബാരോഗ്യ കേന്ദ്രത്തെ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തണമെന്ന സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവ് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ അറിയിക്കാമോ;

(ബി) ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിന്റെ നിലവാരത്തിലേക്ക് കുളത്തുപ്പുഴ ആരോഗ്യ കേന്ദ്രത്തെ ഉയർത്തുന്നതിനുള്ള സൗകര്യം നിലവിലുണ്ടോ; ആയതിനുള്ള സാധ്യതകൾ ആരായുമോ; വിശദമാക്കാമോ;

(സി) പ്രസ്തുത ആരോഗ്യ കേന്ദ്രത്തെ ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ആയി ഉയർത്തുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) അട്ടപ്പാടിയിൽ 25 വർഷത്തിലേറെയായി പ്രവർത്തിച്ചുവരുന്ന ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയുടെയും, കുളത്തുപ്പുഴ ആരോഗ്യ കേന്ദ്രത്തിന്റെയും അടിസ്ഥാന സൗകര്യങ്ങൾ താരതമ്യം ചെയ്തിട്ടുണ്ടോ; ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിക്ക് വേണ്ടുന്ന സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ഇ) അട്ടപ്പാടി ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയുടെ നിലവാരത്തിലേക്ക് കുളത്തുപ്പുഴ ആരോഗ്യ കേന്ദ്രത്തെ ഉയർത്തുന്നതിന് അധികമായി വേണ്ടി വരുന്ന ഘടകങ്ങൾ, സൗകര്യങ്ങൾ എന്നിവ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രിയിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്

188 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രിയിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുകയാണ് അനുവദിച്ചതെന്നും എന്നാണ് അനുവദിച്ചതെന്നുമുള്ള വിവരം അറിയിക്കാമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ; കാലതാമസം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയും എന്ന് അറിയിക്കാമോ;

(ഡി) കഴിഞ്ഞ 10 വർഷത്തിനുള്ളിൽ സംസ്ഥാനത്ത് ഏതൊക്കെ ആശുപത്രികളിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും അവയുടെ നിർമ്മാണം നടത്തിയ ഏജൻസി ഏതാണെന്നും മേൽനോട്ടം ആർക്കായിരുന്നെന്നുമുള്ള വിവരം അറിയിക്കാമോ?

## നെന്മാറ മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങളുടെ നിർമ്മാണ പുരോഗതി

189 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ നെല്ലിയാമ്പതി, എലവഞ്ചേരി പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലേക്ക് അനുവദിച്ച കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണം എന്ന് പൂർത്തികരിക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

**പട്ടാമ്പി താലൂക്ക് ആശുപത്രി ജനറൽ ആശുപത്രിയായി ഉയർത്തുന്നതിന് നടപടി**

190 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി താലൂക്കാശുപത്രിയിൽ ദിവസേന ആയിരത്തിലധികം ഒ.പി.യും നൂറിലധികം ഐ.പി.യും ഉൾപ്പെടെ വലിയ തിരക്ക് അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ തിരക്കിന് അനുസൃതമായി അടിസ്ഥാന സൗകര്യ വികസനത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പട്ടാമ്പി താലൂക്കാശുപത്രി ജനറൽ ആശുപത്രിയായി ഉയർത്തി ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

**വിവിധ ആശുപത്രികളുടെ നിർമ്മാണ പ്രവർത്തികളുടെ പുരോഗതി**

191 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ കിഫ്ബി മുഖേന നടന്നുവരുന്നതും ആസ്തി വികസന ഫണ്ട് മുഖേന നടന്നുവരുന്നതുമായ വിവിധ ആശുപത്രികളുടെ നിർമ്മാണ പ്രവർത്തികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിവരങ്ങൾ ആരായുന്നതിനായി വിളിച്ചു ചേർത്ത യോഗങ്ങളുടെ മിനിട്സ് ലഭ്യമാക്കാമോ;

(ബി) ചെട്ടികാട് ആശുപത്രിയുടെ നിർമ്മാണ പ്രവർത്തിയുടെ പുരോഗതി സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

**പേരാമ്പ്ര താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണം**

192 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര താലൂക്ക് ആശുപത്രിയുടെ പുതിയ കെട്ടിട നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തുക എത്രയാണെന്നും പ്രസ്തുത പ്രവൃത്തിയുടെ കരാറുകാരൻ ആരാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**എറണാകുളം ജനറൽ ആശുപത്രിയിൽ പുതിയ ഐ.പി. ബ്ലോക്ക് നിർമ്മാണം**

193 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജനറൽ ആശുപത്രിയിൽ കഴിഞ്ഞ 30 വർഷത്തിനിടയിൽ 2021 ൽ ഉദ്ഘാടനം ചെയ്ത ഒരു സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കല്ലാതെ മറ്റ് യാതൊരു

നിർമ്മാണ പ്രവർത്തനങ്ങളും പുതിയതായി നടന്നിട്ടില്ലെന്നതും, ബാക്കി സേവനങ്ങളെല്ലാം വർഷങ്ങൾ പഴക്കമുള്ള കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നതെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾക്ക് സാധാരണക്കാർ കൂടുതലായി ആശ്രയിക്കുന്ന ഇവിടെ ഏഴ് നിലകളുള്ള ഒരു ഐ. പി. ബ്ലോക്ക് നിർമ്മിക്കുന്നതിന് 104 കോടി രൂപ അടങ്കൽ തുക കണക്കാക്കുന്ന പ്രവർത്തിക്കുള്ള അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

**<u>ഹരിപ്പാട് താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റ്</u>**

194 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റിൽനിന്നും രോഗികൾക്ക് അണുബാധ ഉണ്ടായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എത്ര രോഗികൾക്കാണ് അണുബാധ ഉണ്ടായതെന്നും തുടർന്ന് ഏതെങ്കിലും രോഗികൾ മരണമടഞ്ഞിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് ആരോഗ്യവകുപ്പിന്റെ ഏതെല്ലാം സംഘങ്ങളാണ് പരിശോധന നടത്തിയതെന്നും പ്രസ്തുത അന്വേഷണ സംഘത്തിന്റെ കണ്ടെത്തലുകൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കൃത്യമായ സുരക്ഷാ മാനദണ്ഡങ്ങളും ശുചിത്വ പ്രോട്ടോക്കോളും പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

**<u>കയ്പമംഗലം മണ്ഡലത്തിലെ ആശുപത്രികളിലെ സൗകര്യങ്ങൾ</u>**

195 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം നിയോജക മണ്ഡലത്തിലെ പെരിഞ്ഞനം ഗ്രാമപഞ്ചായത്ത് കുടുംബാരോഗ്യ കേന്ദ്രവുമായി ബന്ധപ്പെട്ട് എക്സ്-റേ, ഇ.സി.ജി., എം.ആർ.ഐ. സ്കാൻ തുടങ്ങിയ പരിശോധനാ സംവിധാനങ്ങൾ ഒരുക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(ബി) കൊടുങ്ങല്ലൂർ താലൂക്കാശുപത്രിയിൽ രാത്രികാലങ്ങളിലും മറ്റും കൂടുതൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വ്യക്തമാക്കാമോ?

**<u>ഐസൊലേഷൻ വാർഡിന്റെ പ്രവൃത്തി പൂർത്തീകരണം</u>**

196 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ അതിയന്നൂർ ഗ്രാമപഞ്ചായത്തിലെ വെൺപകൽ കുടുംബാരോഗ്യ കേന്ദ്രത്തിൽ പ്രവൃത്തി പൂർത്തീകരിക്കാൻ

കാലതാമസം നേരിടുന്ന ഐസൊലേഷൻ വാർഡിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ;

(ബി) 2026 മാർച്ച് മാസത്തിനു മുൻപ് പ്രവൃത്തി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കാമോ?

**<u>കുട്ടനാട് പുളിങ്കുന്ന് താലൂക്ക് ആശുപത്രി നിർമ്മാണം</u>**

197 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പുളിങ്കുന്ന് താലൂക്ക് ആശുപത്രിയുടെ നിർമ്മാണം യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രിയുടെ നിർമ്മാണത്തിൽ ഇനി എന്തൊക്കെ തടസങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിർമ്മാണം ഏറ്റവും വേഗം പൂർത്തീകരിക്കുന്നതിനായി ഇനി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**<u>തൊടുപുഴ ജില്ലാ ആശുപത്രിയിലെ കാരുണ്യ ഫാർമസി</u>**

198 **ശ്രീ. പി. ജെ. ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ ജില്ലാ ആശുപത്രിയിൽ കാരുണ്യ ഫാർമസി ആരംഭിക്കാൻ നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

**<u>ഹരിപ്പാട് സർക്കാർ ആശുപത്രിയിലെ ചികിത്സാപിഴവ്</u>**

199 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് സർക്കാർ ആശുപത്രിയിൽ ഡയാലിസിസ് ചികിത്സയ്ക്ക് വിധേയരായ അഞ്ച് രോഗികളിൽ രണ്ടുപേർ ദിവസങ്ങൾക്കുള്ളിൽ മരിച്ച സംഭവത്തിൽ വകുപ്പുതല അന്വേഷണം നടത്തിയിട്ടുണ്ടോ; കണ്ടെത്തലുകൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ;

(ബി) ചികിത്സാ പ്രോട്ടോക്കോളുകൾ പൂർണമായും പാലിക്കുന്നതിലും അണുബാധ ഒഴിവാക്കുന്നതിലും ജല ഗുണനിലവാരം ഉറപ്പാക്കുന്നതിലും ഉപകരണങ്ങളുടെ സ്റ്റെറിലൈസേഷനിലും ഉൾപ്പെടെ വീഴ്ചകൾ സംഭവിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; ഉത്തരവാദികളായവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(സി) മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്കും ചികിത്സ പിഴവിന് ഇരയായവർക്കും നഷ്ടപരിഹാരം അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>കാട്ടാക്കട മണ്ഡലത്തിലെ പ്രൈമറി ഹെൽത്ത് സെന്ററുകളുടെ വികസനം</u>**

200 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിലെ ഏതൊക്കെ പ്രൈമറി ഹെൽത്ത് സെന്ററുകളാണ് കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തിയത്; പ്രസ്തുത കുടുംബാരോഗ്യകേന്ദ്രങ്ങളിൽ ഇതിന്റെ ഭാഗമായി നടത്തിയ സിവിൽ വർക്കുകൾക്ക് ചെലവായ തുക, ആരോഗ്യസംരക്ഷണത്തിനായി ഒരുക്കിയ മറ്റ് സംവിധാനങ്ങൾ എന്നിവ പ്രത്യേകമായി വിശദമാക്കാമോ?

## മങ്കട സി.എച്ച്.സി.-യിലെ വിവിധ പ്രവൃത്തികൾ

201 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട സി.എച്ച്.സി.യ്ക്കായി ബജറ്റിൽ വകയിരുത്തിയ പ്രകാരമുള്ള മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) പ്രവൃത്തി നടപ്പിലാക്കുന്നതിൽ കാലതാമസം വന്നിട്ടുള്ളത് ഗൗരവമായി കാണുന്നുണ്ടോ; ഉണ്ടെങ്കിൽ സമയപരിധി നിശ്ചയിച്ച് പ്രവൃത്തി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത സ്ഥാപനത്തിലെ ഐസൊലേഷൻ വാർഡ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ; എന്തെല്ലാം പ്രവൃത്തികളാണ് അവശേഷിക്കുന്നത്; പ്രവർത്തികളുടെ ചുമതല ഏറ്റെടുത്തിട്ടുള്ള ഏജൻസി നടപ്പിലാക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള അലംഭാവം കാണിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സമയബന്ധിതമായി പ്രവൃത്തി നടപ്പിലാക്കാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഡി) മങ്കട സി.എച്ച്.സി.യുമായി ബന്ധപ്പെട്ട് മറ്റെന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കി വരുന്നത്; എല്ലാ പ്രവൃത്തികളും സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

## മലപ്പുറം ജില്ലയിലെ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ തസ്തിക

202 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ സൂപ്പർ സ്പെഷ്യാലിറ്റി/സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ തസ്തിക സൃഷ്ടിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പുതിയതായി എത്ര തസ്തികകൾ ആണ് സൃഷ്ടിച്ചത്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇതിൽ ഒരോ ജില്ലയിലും ഏതെല്ലാം തസ്തികകൾ ഏതെല്ലാം ആശുപത്രികളിൽ സൃഷ്ടിച്ചുവെന്ന് ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ; ഈ തസ്തികകൾ സൃഷ്ടിച്ചത് ഏത് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള മലപ്പുറം ജില്ലയിൽ നാമമാത്ര തസ്തിക സൃഷ്ടിക്കാൻ ഇടയാക്കിയ സാഹചര്യം എന്താണെന്ന വിശദമാക്കുമോ;

(ഡി) മലപ്പുറം ജില്ലയിലെ ജില്ലാ/താലൂക്ക് ആശുപത്രികളിൽ തസ്തിക സൃഷ്ടിക്കുന്നതിന് ആരോഗ്യ വകുപ്പ് അധികൃതരിൽ നിന്നും പ്രൊപ്പോസൽ ലഭിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ എത്ര തസ്തികകളാണ് ആവശ്യപ്പെട്ടതെന്നും അവ പരിഗണിക്കാത്തതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കുമോ?

## തുറവൂർ താലൂക്ക് ആശുപത്രിയുടെ നിർമ്മാണം

203 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ തുറവൂർ താലൂക്ക് ആശുപത്രിയുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ മോർച്ചറി നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലമെടുപ്പിനായി ബഡ്ജറ്റിൽ അനുവദിച്ച തുക വിനിയോഗിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## കോഴിക്കോട് ചെറൂപ്പ ആരോഗ്യ കേന്ദ്രത്തിലെ തസ്തികകളുടെ വിശദാംശങ്ങൾ

204 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ചെറൂപ്പ ആരോഗ്യ കേന്ദ്രത്തിൽ ഡോക്ടർമാരുടേത് ഉൾപ്പെടെ നിലവിൽ എത്ര തസ്തികകളാണുള്ളത്; വിശദമാക്കാമോ;

(ബി) ഇവയിൽ ഏതെങ്കിലും തസ്തികയിലെ ഉദ്യോഗസ്ഥർ അന്യത്ര സേവന വ്യവസ്ഥയിൽ മറ്റേതെങ്കിലും സ്ഥാപനത്തിൽ ജോലി ചെയ്യുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## നെടുങ്കണ്ടം താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയാക്കി ഉയർത്തുന്നതിന് നടപടി

205 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുങ്കണ്ടം താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയാക്കി ഉയർത്തി കിഫ്ബി ഫണ്ട് പ്രയോജനപ്പെടുത്തി നടത്തിവരുന്ന കെട്ടിട നിർമ്മാണം ഏത് ഘട്ടത്തിലാണെന്നുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) 2022-ൽ നിർമ്മാണം പൂർത്തിയാക്കേണ്ട പ്രവൃത്തിയുടെ പൂർത്തീകരണം വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കുന്നതിന് നാളിതുവരെ നടത്തിയിട്ടുള്ള ഇടപെടലുകൾ സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിച്ച് ജില്ലാ ആശുപത്രിയുടെ സേവനം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

## പകർച്ചവ്യാധികൾ മൂലം ജീവൻ നഷ്ടപ്പെട്ടവരുടെ എണ്ണം

206 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ വർഷവും വിവിധ പകർച്ചവ്യാധികൾ മൂലം ജീവൻ നഷ്ടപ്പെട്ടവരുടെ എണ്ണം ഇനം തിരിച്ച് വ്യക്തമാക്കുമോ; ഏത് പകർച്ചവ്യാധി മൂലമാണ് ഏറ്റവും കൂടുതൽ ആളുകളുൾക്ക് ജീവൻ നഷ്ടപ്പെട്ടതെന്ന് അറിയിക്കാമോ;

(ബി) മുൻ കാലങ്ങളിൽ സംസ്ഥാനത്ത് നിന്നും പൂർണമായും നിർമ്മാർജനം ചെയ്ത ഏതെങ്കിലും പകർച്ചവ്യാധികൾ ഈ കാലയളവിൽ വീണ്ടും റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

**<u>മങ്കട നിയോജകമണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ</u>**

207 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ ആരോഗ്യ വകുപ്പിന് കീഴിൽ നടപ്പിലാക്കിയ വിവിധ വികസന പ്രവർത്തനങ്ങൾ എന്തെല്ലാം; ഓരോന്നിനും എത്ര തുക വീതം അനുവദിച്ചു; ഇതിൽ പൂർത്തിയായ പ്രവൃത്തികൾ ഏതെല്ലാം; പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ഏതെല്ലാം; ഇനിയും ആരംഭിക്കാത്ത പ്രവൃത്തികൾ ഏതെല്ലാം; വിശദാംശം ലഭ്യമാക്കുമോ;

(ബി) മങ്കട നിയോജകമണ്ഡലത്തിൽ കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ ആരോഗ്യ വകുപ്പിന് കീഴിൽ പുതിയതായി ആരംഭിച്ച സ്ഥാപനങ്ങൾ ഏതെല്ലാം; പുതിയതായി അനുവദിക്കുന്നതിന് പരിഗണനയിലുള്ള സ്ഥാപനങ്ങൾ ഏതെല്ലാം; വ്യക്തമാക്കുമോ;

(സി) മങ്കട നിയോജകമണ്ഡലത്തിൽ കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ ആരോഗ്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ പുതിയതായി അനുവദിച്ച തസ്തികകൾ എന്തെല്ലാം; ഓരോന്നിന്റെയും വിശദാംശം ലഭ്യമാക്കുമോ?

**<u>ഡയാലിസിസ് കേന്ദ്രങ്ങളിലെ അണുബാധ</u>**

208 **ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. പി. കെ. ബഷീർ**
**ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് രോഗികൾക്ക് അണുബാധ ഉണ്ടായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ഇതിന്റെ കാരണങ്ങൾ കണ്ടെത്താൻ നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്തെ സർക്കാർ/സ്വകാര്യ മേഖലകളിലെ ഡയാലിസിസ് സെന്ററുകൾ, ഐ.സി.യു (ICU) തുടങ്ങിയ തീവ്രപരിചരണ വിഭാഗങ്ങളിൽ കൃത്യമായ ഇടവേളകളിൽ 'ഇൻഫെക്ഷൻ കൺട്രോൾ ഓഡിറ്റ്' നടപ്പിലാക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) ഹരിപ്പാട് സംഭവത്തിന്റെ പശ്ചാത്തലത്തിൽ, സംസ്ഥാനത്തെ മുഴുവൻ ഡയാലിസിസ് യൂണിറ്റുകളിലും അടിയന്തരമായി സുരക്ഷാ ഓഡിറ്റും ഗുണനിലവാര പരിശോധനയും നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഡയാലിസിസ് ഉപകരണങ്ങളുടെ പരിപാലനം, അണുനശീകരണ പ്രക്രിയ എന്നിവയിൽ വീഴ്ച വരുത്തുന്ന സ്ഥാപനങ്ങൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) ഇത്തരം ചികിത്സാ പിഴവുകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ സംസ്ഥാനതലത്തിൽ ഏകീകൃത മാനദണ്ഡങ്ങൾ കർശനമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ?

## ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ എൻ.എച്ച്.എം. മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ

209 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ നാഷണൽ ഹെൽത്ത് മിഷൻ മുഖേന നടപ്പിലാക്കി വരുന്ന നിർമ്മാണ പ്രവൃത്തികൾ ഏതെല്ലാമാണെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

## ബി. ഡി. എസ്. പരീക്ഷയിൽ തിയറിക്കും പ്രാക്ടിക്കലിനും 50% മാർക്ക് വേണമെന്ന നിബന്ധന

210 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ആരോഗ്യ സർവകലാശാലയിലെ എം. ബി. ബി. എസ്., ബി. ഡി. എസ്. കോഴ്സുകളുടെ പരീക്ഷകളിൽ പ്രാക്ടിക്കലിനും തിയറിക്കും പ്രത്യേകം പ്രത്യേകം 50 ശതമാനം വീതം മാർക്ക് വാങ്ങണമെന്ന നിർദ്ദേശം നിലവിലുണ്ടോ; ഇക്കാര്യത്തിൽ വിദ്യാർത്ഥികൾക്കും അധ്യാപകർക്കുമുള്ള ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എം. ബി. ബി. എസ്. വിദ്യാർത്ഥികളുടെ പരീക്ഷയ്ക്ക് പ്രാക്ടിക്കലിനും തിയറിക്കും ഉൾപ്പെടെ മൊത്തം 50% മാർക്ക് മതിയെന്ന തീരുമാനം സർവകലാശാല എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രാക്ടിക്കലിനും തിയറിക്കും മൊത്തം 50% മാർക്ക് ലഭിക്കുന്ന ബി. ഡി. എസ്. വിദ്യാർത്ഥികളെ വിജയിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ;

(ഡി) മെഡിക്കൽ വിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും രക്ഷകർത്താക്കളുടെയും ആശങ്കകൾ പരിഹരിക്കുന്നതിന് അടിയന്തര നിർദ്ദേശം ആരോഗ്യ സർവകലാശാലക്ക് നൽകുമോ; വിശദമാക്കാമോ?

## പേരാമ്പ്ര നിയോജക മണ്ഡലത്തിൽ സർക്കാർ ആശുപത്രികൾക്ക് ചെലവഴിച്ച തുക

211 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പേരാമ്പ്ര നിയോജക മണ്ഡലത്തിൽ നാളിതുവരെ സർക്കാർ ആശുപത്രികൾക്ക് ചെലവഴിച്ച തുക, ആശുപത്രിയുടെ പേര് സഹിതം വെളിപ്പെടുത്താമോ;

(ബി) 2016 മുതൽ 2021 വരെ പേരാമ്പ്ര മണ്ഡലത്തിൽ ആരോഗ്യവകുപ്പ് ചെലവഴിച്ച തുക ഇനം തിരിച്ച് ലഭ്യമാക്കാമോ?

## <u>ഡയാലിസിസിനു വിധേയരായവരുടെ അണുബാധയേറ്റുള്ള മരണം</u>

212 **ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ഡയാലിസിസിനു വിധേയരായവർ അണുബാധയേറ്റു മരിക്കാനിടയായ സംഭവം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സംഭവത്തെക്കുറിച്ച് അന്വേഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത അന്വേഷണത്തിൽ എന്തെല്ലാം കാരണങ്ങളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## <u>ആശാ പ്രവർത്തകരുടെ വേതനം</u>

213 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആശാ പ്രവർത്തകർക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ആശാ പ്രവർത്തകരുടെ വേതനം പ്രതിദിനം 700 രൂപയാക്കാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

## <u>അമീബിക് മസ്തിഷ്ക ജ്വരം</u>

214 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അമീബിക് മസ്തിഷ്ക ജ്വരം ഉൾപ്പെടെയുള്ള രോഗങ്ങൾ വർധിച്ചുവരുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ചുള്ള മരണങ്ങൾ തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## മെഡിക്കൽ കോളേജുകളിലും മറ്റ് സർക്കാർ ആശുപത്രികളിലുമുള്ള കെട്ടിടങ്ങളുടെ ഫിറ്റ്നസ്

215 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും മറ്റ് സർക്കാർ ആശുപത്രികളിലുമുള്ള കെട്ടിടങ്ങളുടെ ഫിറ്റ്നസ് വർഷം തോറും പരിശോധിക്കാറുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും മറ്റ് സർക്കാർ ആശുപത്രികളിലുമുള്ള കെട്ടിടങ്ങളുടെ ഫിറ്റ്നസ് പരിശോധിക്കാൻ ചുമതലപ്പെടുത്തിയിരിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ആണോയെന്നു വ്യക്തമാക്കാമോ;

(സി) അല്ലെങ്കിൽ മറ്റേത് ഏജൻസിയെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും മറ്റ് സർക്കാർ ആശുപത്രികളിലുമുള്ള കെട്ടിടങ്ങളിൽ നിലവിൽ ഫിറ്റ്നസ് ഇല്ലാത്ത കെട്ടിടങ്ങളുടെ വിവരം ജില്ലയും ആശുപത്രിയും തിരിച്ച് ലഭ്യമാക്കാമോ;

(ഇ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും മറ്റ് സർക്കാർ ആശുപത്രികളിലും നിലവിൽ ഫിറ്റ്നസ് ഇല്ലാത്ത കെട്ടിടങ്ങളിൽ ആശുപത്രികളിലെ ഏതെങ്കിലും വിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാമോ;

(എഫ്) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും മറ്റ് സർക്കാർ ആശുപത്രികളിലുമുള്ള കെട്ടിടങ്ങളിൽ 2016 മുതൽ നാളിതുവരേക്കും പൂർണ്ണമായോ ഭാഗികമായോ തകർന്ന കെട്ടിടങ്ങളുടെ വിവരം ലഭ്യമാക്കാമോ;

(ജി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും മറ്റ് സർക്കാർ ആശുപത്രികളിലുമുള്ള കെട്ടിടങ്ങളിൽ 2016 മുതൽ നാളിതുവരേക്കും പൂർണ്ണമായോ ഭാഗികമായോ തകർന്ന സംഭവങ്ങളിൽ മരണപ്പെട്ടവരുടെയും പരിക്കേറ്റവരുടെയും വിവരം ലഭ്യമാക്കാമോ?

## എമിസിസുമാബ് പ്രൊഫൈലാക്സിസ്

216 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹീമോഫീലിയ ബാധിതയായ സ്ത്രീക്ക് രാജ്യത്താദ്യമായി എമിസിസുമാബ് പ്രൊഫൈലാക്സിസ് നൽകുന്നതിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

## വർക്കല നിയോജക മണ്ഡലത്തിലെ വിവിധ ആശുപത്രികളുടെ നവീകരണം

217 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിൽ 2016-21, 2021-2026 കാലയളവുകളിൽ വിവിധ ആശുപത്രികളുടെ നവീകരണത്തിനായി എം.എൽ.എ. ഫണ്ട് ഉൾപ്പെടെ എത്ര രൂപയുടെ ഫണ്ട് അനുവദിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും വിശദമാക്കാമോ;

(ബി) വർക്കല മണ്ഡലത്തിലെ ഏതെല്ലാം ആശുപത്രികൾക്കാണ് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുള്ളതെന്നും അവയുടെ പുരോഗതി സംബന്ധിച്ച വിവരങ്ങളും വിശദമാക്കാമോ?

## <u>ശസ്ത്രക്രിയ ഉപകരണങ്ങളുടെ ലഭ്യതക്കുറവ്</u>

218 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും സർക്കാർ ആശുപത്രികളിലും ശസ്ത്രക്രിയ ഉപകരണങ്ങൾ വാങ്ങിയ ഇനത്തിൽ കമ്പനികൾക്ക് നൽകുവാനുള്ള കുടിശ്ശിക എത്രയാണ്; വിശദാംശം നൽകാമോ;

(ബി) കുടിശ്ശിക തുക നൽകാത്തത് മൂലം വിതരണക്കാർ ഉപകരണങ്ങൾ നൽകാതിരിക്കുന്ന സ്ഥിതി സംജാതമായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) ശസ്ത്രക്രിയ ഉപകരണങ്ങളുടെ അഭാവം മൂലം മെഡിക്കൽ കോളേജുകളിലും സർക്കാർ ആശുപത്രികളിലും ശസ്ത്രക്രിയകൾ മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

## <u>കോഴിക്കോട് ജില്ലയിലെ മസ്തിഷ്ക ജ്വരം</u>

219 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ മസ്തിഷ്ക ജ്വരം വ്യാപിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് നിയന്ത്രിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

## <u>ഗൈനക്കോളജി-പ്രസവ ചികിത്സ</u>

220 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വടക്കെ ഭാഗങ്ങളിലെ തീരദേശവാസികൾ ഭൂരിപക്ഷവും ചികിത്സയ്ക്കായി ആശ്രയിക്കുന്ന തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിൽ ഗൈനക്കോളജി-പ്രസവ ചികിത്സ പുനരാരംഭിക്കാൻ കഴിയാതെ വന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവിടെ പ്രസവ സംബന്ധമായ അഡ്മിഷൻ എപ്പോൾ പുനരാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## ആരോഗ്യ രംഗത്ത് കേരളം കൈവരിച്ച നേട്ടങ്ങൾ

221 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ്**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ രംഗത്ത് കേരളം കൈവരിച്ച നേട്ടങ്ങൾ വിശദമാക്കാമോ;

(ബി) ആതുര ശുശ്രൂഷ രംഗം നവീകരിക്കുന്നതിന് എന്തെല്ലാം പുതിയ പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കാമോ;

(സി) സർക്കാർ സ്വകാര്യ മേഖലകളിൽ കൂടുതൽ ആരോഗ്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) സർക്കാർ - സ്വകാര്യ ആശുപത്രികളിൽ വിവിധ രോഗങ്ങൾക്കും ശസ്ത്രക്രിയകൾക്കും നിരക്ക് ഏകീകരണം നടപ്പാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കാമോ?

## കീമോതെറാപ്പി ഗുളികകൾ മാറി നൽകിയത്

222 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്വാസകോശ ക്യാൻസർ ബാധിതരായ രോഗികൾക്ക് നൽകേണ്ട കീമോതെറാപ്പി ഗുളികകൾ തലച്ചോറിൽ കാൻസർ ബാധിച്ചവർക്ക് തെറ്റായി നൽകിയ ഗുരുതരമായ വീഴ്ച ആർ.സി.സി.യിൽ ഉണ്ടായത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഏത് സാഹചര്യത്തിലാണ് ഇപ്രകാരമുള്ള ഒരു ഗുരുതര വീഴ്ച സംഭവിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) ഇത് സംബന്ധിച്ച് വകുപ്പ് തല അന്വേഷണം നടത്തിയിട്ടുണ്ടോ; അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണ്; ഉത്തരവാദികളായവർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

## ആന്റി റാബിസ് വാക്സിന്റെയും ഇമ്മ്യൂണോഗ്ലോബുലിന്റെയും അളവുകൾ

223 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ ഓരോ വർഷവും സംസ്ഥാനത്ത് വാങ്ങിയിട്ടുള്ള ആന്റി റാബിസ് വാക്സിന്റെയും ഇമ്മ്യൂണോഗ്ലോബുലിന്റെയും അളവുകൾ എത്രയാണെന്ന് വിശദമാക്കാമോ?

## തെരുവ് നായയുടെ കടിയേറ്റ് ചികിത്സ നേടിയവർ

224 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവ് നായകളുടെ കടിയേറ്റ് 2016 മുതൽ നാളിതുവരെ ഓരോ വർഷവും സംസ്ഥാനത്ത് എത്ര പേർ സർക്കാർ ആശുപത്രികളിൽ ചികിത്സ തേടിയെന്ന് വ്യക്തമാക്കാമോ?

## മരുന്ന് വിതരണം ചെയ്ത ഇനത്തിലുള്ള കുടിശ്ശിക

225 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മെയ് മുതൽ നാളിതു വരെ സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും മരുന്ന് വിതരണം ചെയ്ത ഇനത്തിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് സ്വകാര്യ മരുന്ന വിതരണ കമ്പനികൾക്ക് നൽകുവാനുള്ള തുകയുടെ വിവരം വർഷം തിരിച്ച് ലഭ്യമാക്കാമോ?

## സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനം

226 **ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളുടെ അടിസ്ഥാന ചികിത്സാ സേവനങ്ങളായ ഒ.പി., ഐ.പി., അടിയന്തര ചികിത്സ, ലാബ്, മരുന്ന് വിതരണം എന്നിവ സ്ഥിരമായി മുടങ്ങുന്ന സാഹചര്യം നിലനിൽക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് കാരണമാകുന്ന പ്രധാന ഘടകങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഡോക്ടർമാർ, നഴ്സുമാർ, പാരാമെഡിക്കൽ ജീവനക്കാർ, ശുചീകരണ തൊഴിലാളികൾ എന്നിവരുടെ അംഗീകൃത തസ്തികകളിലുള്ള നിലവിലെ ഒഴിവുകൾ നികത്താൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) സർക്കാർ ആശുപത്രികളിൽ മരുന്നുകളുടെ സ്ഥിരം ലഭ്യത ഉറപ്പാക്കുന്നതിൽ പരാജയപ്പെടുന്ന സാഹചര്യം ഉണ്ടാകുന്നുണ്ടോ; എങ്കിൽ കഴിഞ്ഞ മൂന്ന് വർഷത്തിനിടെ എത്ര തവണ മരുന്നുകളുടെ ക്ഷാമം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) കിടക്കകൾ, ശൗചാലയങ്ങൾ, കുടിവെള്ള സൗകര്യം, വൈദ്യുതി, ജനറേറ്റർ സംവിധാനം, ലിഫ്റ്റ്, മാലിന്യ നിർമാർജ്ജനം എന്നിവ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ നിലവാരത്തെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; നിലവാരക്കുറവുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## കോക്ലിയർ ഇംപ്ലാന്റ് ശസ്ത്രക്രിയ

227 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോക്ലിയർ ഇംപ്ലാന്റ് ശസ്ത്രക്രിയ നടത്തിയവർക്ക് ശസ്ത്രക്രിയയുടെ ഭാഗമായി സ്ഥാപിച്ച മെഷീനുകളും അനുബന്ധ ഉപകരണങ്ങളും കാലപ്പഴക്കം കൊണ്ട് ഉപയോഗിക്കുവാൻ സാധിക്കാത്ത സാഹചര്യത്തിൽ വലിയ പ്രതിസന്ധി നേരിടുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മെഷീനുകളും അനുബന്ധസാമഗ്രികളും സർജറി നടത്തിയ ആശുപത്രിയിൽ നിന്നോ അംഗീകൃത ഏജൻസികളിൽ നിന്നോ ലഭ്യമാകാത്തത് സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പരാതികളുടെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും കാലതാമസം കൂടാതെ പ്രസ്തുത പരാതികളിന്മേൽ പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ;

(സി) കാലപ്പഴക്കം കൊണ്ട് ഉപയോഗിക്കുവാൻ സാധിക്കാത്ത മെഷീനുകൾക്ക് പകരം കേൾവിശക്തി തിരിച്ച് കിട്ടുന്നതിനായി പുതിയ സാമഗ്രികൾ വാങ്ങുന്നതിന് മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ആനുകൂല്യം അനുവദിക്കുവാൻ തയ്യാറാകുമോ; വ്യക്തമാക്കുമോ?

**<u>ലീനിയർ ആക്സലറേറ്റർ മെഷീൻ വാങ്ങുന്നതിന് നടപടി</u>**

228 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ ലീനിയർ ആക്സലറേറ്റർ മെഷീൻ വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**<u>അത്യാധുനിക മെഷീനായ ജെൻ റോബോട്ടിക് ഉൾപ്പെടെയുള്ള സംവിധാനങ്ങളുള്ള ആശുപത്രികൾ</u>**

229 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ അത്യാധുനിക മെഷീനായ ജെൻ റോബോട്ടിക് ഉൾപ്പെടെയുള്ള സംവിധാനങ്ങളുള്ള എത്ര ആശുപത്രികൾ നിലവിലുണ്ട്; പ്രസ്തുത ആശുപത്രികളിൽ ഫിസിയോതെറാപ്പിസ്റ്റുകളുടെ ഒഴിവുകൾ എത്രയെന്ന് ആശുപത്രി തിരിച്ച് നൽകാമോ ;

(ബി) തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ഫിസിയോതെറാപ്പി സേവനത്തിനായി ദിവസേന എത്തുന്ന രോഗികളുടെ ശരാശരി എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ഇത്രയും രോഗികളെ കൈകാര്യം ചെയ്യുന്നതിനായി പ്രസ്തുത ആശുപത്രിയിൽ എത്ര സ്ഥിരം ഫിസിയോതെറാപ്പിസ്റ്റുകൾ ഉണ്ടെന്നു വ്യക്തമാക്കാമോ ;

(ഡി) തിരുവനന്തപുരം ജില്ലയിലെ മറ്റ് ജനറൽ ആശുപത്രികളിൽ സ്ഥിരം ഫിസിയോതെറാപ്പിസ്റ്റുകളുടെ പുതിയ തസ്തിക സൃഷ്ടിക്കാൻ നടപടികൾ സ്വീകരിക്കുമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ?

**<u>ചികിത്സാ പിഴവുകൾ മൂലം മരണപ്പെട്ടവർ</u>**

230 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ 2016 മെയ് മുതൽ നാളിതുവരെ ചികിത്സാ പിഴവുകൾ മൂലം എത്രപേർ മരണപ്പെടുകയോ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാവുകയോ ചെയ്തിട്ടുണ്ട്; വിശദാംശം വ്യക്തമാക്കാമോ;

(ബി) ചികിത്സ പിഴവുകൾക്ക് ഉത്തരവാദികളായ എത്ര ജീവനക്കാർക്കെതിരെ ഈ കാലയളവിൽ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കാമോ;

(സി) ചികിത്സാ പിഴവുകൾ മൂലം മരണപ്പെട്ടവരുടെ ആശ്രിതർക്കും ആരോഗ്യപ്രശ്നങ്ങൾ ഉണ്ടായവർക്കും നഷ്ടപരിഹാര ഇനത്തിൽ നൽകിയ തുകയുടെ വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കാമോ; എത്രപേർക്ക് ഈ ഇനത്തിൽ ഇനിയും നഷ്ടപരിഹാരം അനുവദിക്കാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കാമോ?

## <u>കോഴിക്കോട് മെഡിക്കൽ കോളേജ് കെട്ടിട നിർമ്മാണം</u>

231 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിലെ നഴ്സിംഗ് കോളേജ്, പി.ജി. ബ്ലോക്ക് കെട്ടിട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) പ്രസ്തുത കെട്ടിട നിർമ്മാണ പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജ്</u>

232 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-ൽ തറക്കല്ലിട്ട കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ആയതിന്റെ നിർമ്മാണ പ്രവൃത്തിയടക്കമുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

## <u>കാസർഗോഡ് മെഡിക്കൽ കോളേജ്</u>

233 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഗവൺമെന്റ് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം പൂർണ്ണതോതിൽ എന്നു മുതൽ ആരംഭിക്കാനാവുമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മെഡിക്കൽ കോളേജിൽ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ പൂർണ്ണ തോതിൽ ആരംഭിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

## <u>മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജ്</u>

234 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജിൽ സ്റ്റാഫിന്റെ കുറവുമൂലം രാത്രികാല പോസ്റ്റ്മോർട്ടം നിർത്തിവച്ചത് പുനരാരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജിൽ നാളിതുവരെ അനുവദിച്ച തസ്തികകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) ഈ കാലയളവിൽ മഞ്ചേരി മെഡിക്കൽ കോളേജിൽ ആരംഭിച്ച പദ്ധതികളും അതിനുവേണ്ടി അനുവദിച്ച തുകയും എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ന്യൂറോളജി, യൂറോളജി, കാർഡിയോളജി എന്നീ ഡിപ്പാർട്ട്മെന്റുകളിൽ ആവശ്യമായ സ്പെഷ്യലിസ്റ്റുകളെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) മഞ്ചേരി മെഡിക്കൽ കോളേജിൽ നെഫ്രോളജി വിഭാഗത്തിന്റെ പ്രവർത്തനം ആഴ്ചയിൽ ഒരു ദിവസമെന്നതിന് പകരം മൂന്നുദിവസം രോഗപരിശോധന നടത്തുന്ന വിധത്തിൽ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ഹൃദയ ശസ്ത്രക്രിയകളുടെ വിവരം

235 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 കാലയളവിൽ ഓരോ സർക്കാർ മെഡിക്കൽ കോളേജുകളിലും ശരാശരി ദിവസേന എത്ര ഹൃദയ ശസ്ത്രക്രിയകൾ നടന്നുവെന്ന് അറിയിക്കാമോ ;

(ബി) അപ്രകാരമുള്ള 2025-ലെ കണക്കും എത്രയാണെന്ന് അറിയിക്കാമോ;

(സി) ഹൃദയ ശസ്ത്രക്രിയകൾക്കാവശ്യമായ സർജിക്കൽ ഉപകരണങ്ങൾ വിതരണം ചെയ്ത വകയിൽ എത്ര തുകയാണ് വിതരണ കമ്പനിക്കാർക്ക് കൊടുത്തു തീർക്കാനുള്ളതെന്നും, ഓരോ സർക്കാർ മെഡിക്കൽ കോളേജുകൾക്കും എത്ര തുക വീതം കുടിശികയുണ്ടെന്നും അറിയിക്കാമോ?

## ഡോക്ടർമാരുടെയും നഴ്സുമാരുടെയും ഒഴിവുകൾ നികത്താൻ നടപടി

236 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ ചെർപ്പുളശ്ശേരി താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടെയും നഴ്സുമാരുടെയും നിലവിലെ ഒഴിവുകൾ എത്രയാണെന്നും അവ നികത്താൻ എടുത്ത നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയിലെ ഐ.സി.യു., ഡയാലിസിസ്, എക്സ്റേ, സി.ടി.സ്കാൻ പോലുള്ള സേവനങ്ങൾ പൂർണമായി പ്രവർത്തിക്കുന്നുണ്ടോയെന്നും ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ച് വരുന്നുവെന്നും വിശദമാക്കാമോ?

## ആരോഗ്യവകുപ്പിലെ കരാർ, ദിവസ വേതന ജീവനക്കാരുടെ നിയമന വിവരങ്ങൾ

237 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ആരോഗ്യവകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ എത്ര കരാർ, ദിവസ വേതന ജീവനക്കാരെ നിയമിച്ചിട്ടുണ്ട് ; വിശദാംശം സ്ഥാപനം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) മേൽപ്പറഞ്ഞവരിൽ എത്ര പേരെ നാളിതുവരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നിലവിൽ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

## ഡന്റൽ ഹൈജീനിസ്റ്റുകളുടെ ബോധവത്കരണ ക്ലാസ്സുകൾ

238 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ശതമാനം കുട്ടികളിലാണ് ദന്ത വദന രോഗം പിടിപ്പെട്ടിട്ടുള്ളത് എന്നത് സംബന്ധിച്ച കണക്കുകൾ വ്യക്തമാക്കാമോ;

(ബി) ആരോഗ്യ വകുപ്പിന്റെ തനത് ബോധവത്കരണ ക്യാമ്പുകൾക്ക് പുറമേ 2025-ൽ സംസ്ഥാനത്ത് ഡന്റൽ ഹൈജീനിസ്റ്റുകൾ മാത്രമായി സ്കൂൾ കുട്ടികൾക്ക് ബോധവത്കരണ ക്ലാസ്സുകൾ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ദന്തരോഗങ്ങൾ കൂടുന്നത് തടയാൻ മാസത്തിൽ ഒരു ഫീൽഡ് ബോധവത്കരണ ക്ലാസ്സ് ഡന്റൽ ഹൈജീനിസ്റ്റുകൾ നിർബന്ധമായി ചെയ്യണമെന്ന നിർദ്ദേശം നടപ്പിലാക്കുമോ ; വിശദമാക്കാമോ;

(ഡി) ആരോഗ്യ വകുപ്പിലെ ഡന്റൽ ഹൈജീനിസ്റ്റുകളെ കൂടുതൽ ജനോപകാരപ്രദമാക്കുന്നതിന് ഡന്റൽ ഹൈജീനിസ്റ്റുകളെ ഡന്റൽ ഹൈജീൻ ആഫീസർ എന്നാക്കി മാറ്റുന്നതിന് 2021-ൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ച ശിപാർശയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

## ആരോഗ്യ മേഖലയിലെ പുതിയ തസ്തികകൾ

239 **ഡോ. കെ. ടി. ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യമേഖലയിലെ പ്രവർത്തനങ്ങൾ സുഗമവും കാര്യക്ഷമവുമാക്കുന്നതിന്റെ ഭാഗമായി 2016-21, 2021-26 കാലഘട്ടത്തിൽ എത്ര തസ്തികകൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ?

## ആരോഗ്യവകുപ്പിലെ തസ്തികകളുടെ പുനർനാമകരണം

240 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ ഏതെല്ലാം കാറ്റഗറി സംഘടനകൾ ആണ് തസ്തിക പുനർനാമകരണവുമായി ബന്ധപ്പെട്ട് കത്ത് നൽകിയിട്ടുള്ളത്; എന്നാണ്

നൽകിയത്; വിശദമാക്കാമോ;

(ബി) ആരോഗ്യ വകുപ്പിലെ സാങ്കേതിക വിദഗ്ധരായ ഡന്റൽ ഹൈജീനിസ്റ്റുകളെ ഡന്റൽ ഹൈജീൻ ഓഫീസർ എന്നാക്കി പുനർനാമകരണം ചെയ്യാൻ നാല് വർഷം മുൻപ് ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ച ശിപാർശയിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) മേൽപ്പറഞ്ഞ വിഷയത്തിൽ ഹൈക്കോടതിയിൽ കേസ് നിലവിലുണ്ടോ ; എങ്കിൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദീകരിക്കുമോ;

(ഡി) ആരോഗ്യ വകുപ്പിൽ നഴ്സുമാരുടെ പേര് മാറ്റം നടപ്പാക്കിയത് പോലെ, പ്രമോഷൻ അവസരം ഇല്ലാത്ത ഡന്റൽ ഹൈജീനിസ്റ്റുകളുടെ പുനർനാമകരണം നടത്തണമെന്നാവശ്യം ഉന്നയിക്കുമ്പോൾ മറ്റ് കാറ്റഗറികളുടെ കൂടെ മാത്രമേ പുനർനാമകരണം ചെയ്യാൻ സാധ്യമാകു എന്ന നിലപാട് പുനഃപരിശോധിക്കാൻ നടപടി സ്വീകരിക്കുമോ?

## <u>സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി</u>

241 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള മലപ്പുറം ജില്ലയിലെ സർക്കാർ ആശുപത്രികളിൽ നിലവിൽ അനുവദിക്കപ്പെട്ടിട്ടുള്ള സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ തസ്തികകൾ എത്രയാണെന്നും അതിൽ എത്രയെണ്ണം ഒഴിവുണ്ടെന്നും താലൂക്ക് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) ജില്ലയിലെ വർദ്ധിച്ചുവരുന്ന രോഗികളുടെ എണ്ണത്തിന് ആനുപാതികമായി സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ലഭ്യമാകാത്തത് പൊതുജനാരോഗ്യത്തെ സാരമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഏറ്റവും ഒടുവിൽ സൂപ്പർ സ്പെഷ്യലിസ്റ്റ്, സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ തസ്തികകൾ സൃഷ്ടിച്ചപ്പോൾ മലപ്പുറം ജില്ലയിൽ നാല് തസ്തികകൾ മാത്രമാണ് അനുവദിച്ചതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്രയും കുറഞ്ഞ എണ്ണം തസ്തികകൾ അനുവദിക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ;

(ഡി) ജനസംഖ്യാടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ മെഡിക്കൽ കോളേജ്/ജില്ലാ/ താലൂക്ക് ആശുപത്രികളിൽ കൂടുതൽ കാർഡിയോളജി, ന്യൂറോളജി, ഓങ്കോളജി, നെഫ്രോളജി പോലെയുള്ള സ്പെഷ്യലിസ്റ്റ് തസ്തികകൾ സൃഷ്ടിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ഇ) ജില്ലയിലെ പ്രധാന ആശുപത്രികളെ സൂപ്പർ സ്പെഷ്യാലിറ്റി നിലവാരത്തിലേക്ക് ഉയർത്തുന്നതിനും മതിയായ സ്റ്റാഫ് പാറ്റേൺ നടപ്പിലാക്കുന്നതിനും നിലവിൽ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## <u>ഡോക്ടർമാരുടെ തസ്തിക</u>

242 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ ഏതെല്ലാം സർക്കാർ ആശുപത്രികളിലാണ് ഡോക്ടർമാരുടെ തസ്തിക ഒഴിഞ്ഞ് കിടക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത തസ്തികകളിൽ സ്ഥിരനിയമനം നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

**കുതിരവട്ടം മാനസികാരോഗ്യ കേന്ദ്രത്തിന്റെ വികസനത്തിന് പദ്ധതി**

243 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന കുതിരവട്ടം മാനസികാരോഗ്യ കേന്ദ്രത്തിന്റെ വികസനത്തിനും അന്തേവാസികളുടെ സുരക്ഷയ്ക്കും നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

**പയ്യന്നൂർ മണ്ഡലത്തിലെ പദ്ധതികൾ**

244 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെയായി ആരോഗ്യവകുപ്പ് മുഖേന പയ്യന്നൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളും ചെലവഴിച്ച തുകയും അതിന്റെ നിലവിലെ സ്ഥിതിയും 2021-22 മുതൽ 2025-26 വരെ ഓരോ സാമ്പത്തിക വർഷം തിരിച്ച് വിവരങ്ങൾ വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെയായി പയ്യന്നൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന ആരോഗ്യസ്ഥാപനങ്ങളിൽ പുതുതായി എത്ര തസ്തികകളാണ് സൃഷ്ടിച്ചതെന്നും അവയുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ?

**ആരോഗ്യ മേഖലയിൽ ലഭിച്ച നബാർഡ് വായ്പകൾ**

245 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മെയ് മുതൽ നാളിതു വരെ ആരോഗ്യ മേഖലയിൽ എത്ര കോടി രൂപയുടെ നബാർഡ് വായ്പകൾ ലഭിച്ചിട്ടുണ്ടെന്ന വിവരം ജില്ല, വർഷം തിരിച്ച ലഭ്യമാക്കാമോ?

**കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് (രജിസ്ട്രേഷൻ ആൻഡ് റെഗുലേഷൻ) നിയമം**

246 **ശ്രീ. ഇ കെ വിജയൻ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യമേഖലയിലെ പ്രതിസന്ധികളെ വസ്തുനിഷ്ഠമായി വിലയിരുത്തി ഭാവിയിലേക്കുള്ള പരിഹാരമാർഗത്തിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ചികിത്സാ നിരക്കുകൾ മലയാളത്തിലും ഇംഗ്ലീഷിലും എല്ലാവർക്കും കാണുംവിധം പ്രദർശിപ്പിക്കണം എന്നതടക്കമുള്ള വ്യവസ്ഥകളടങ്ങിയ 2018-ലെ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് (രജിസ്ട്രേഷൻ ആൻഡ് റെഗുലേഷൻ) നിയമവും ചട്ടങ്ങളും ഹൈക്കോടതി ശരിവെച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) 2018-ലെ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് (രജിസ്ട്രേഷൻ ആൻഡ് റെഗുലേഷൻ) നിയമവും ചട്ടവും ചോദ്യംചെയ്ത് നൽകിയ ഹർജികളിലെ ഹൈക്കോടതി ഉത്തരവ് പ്രകാരം സർക്കാർ സ്വീകരിക്കേണ്ട നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

## പാനൂർ താലൂക്ക് ആശുപത്രി നിർമ്മാണം

247 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-ൽ ഭരണാനുമതി ലഭിച്ച പാനൂർ താലൂക്ക് ആശുപത്രിയുടെ നിർമ്മാണപ്രവൃത്തി ആരംഭിക്കാൻ സാധിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ ;

(ബി) പാനൂർ താലൂക്ക് ആശുപത്രിയുടെ സ്ഥലമെടുപ്പിന് വേണ്ടി കിഫ്ബി അനുവദിച്ച തുക ഭൂവുടമക്ക് കൈമാറുന്നതിനുള്ള നടപടിക്രമങ്ങൾ ലഭ്യമാക്കാമോ;

(സി) പാനൂർ താലൂക്ക് ആശുപത്രിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുത്ത ശേഷം കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ, വിശദമാക്കാമോ;

(ഡി) പാനൂർ താലൂക്ക് ആശുപത്രിയുടെ കെട്ടിട നിർമ്മാണം എപ്പോൾ ആരംഭിക്കാനാവുമെന്ന് വ്യക്തമാക്കാമോ?

## മസ്തിഷ്കജ്വര വ്യാപനം

248 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മസ്തിഷ്കജ്വരം വ്യാപകമായി പടർന്നുപിടിക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് ഫലപ്രദമായി തടയാൻ എന്തെല്ലാം പ്രതിരോധ പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വിശദമാക്കാമോ;

(ബി) പാലാ നിയോജകമണ്ഡലത്തിൽ മസ്തിഷ്ക ജ്വരം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് മസ്തിഷ്ക ജ്വര വ്യാപനം മൂലം മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ജില്ലതിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

## നാഷണൽ സാമ്പിൾ സർവേ റിപ്പോർട്ടിലെ വിവരങ്ങൾ

249 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ സാമ്പിൾ സർവേ പ്രകാരം സംസ്ഥാനത്തെ കുടുംബ ചികിത്സാ ചെലവ് കഴിഞ്ഞ പത്തു വർഷത്തിനിടെ മൂന്നിരട്ടിയായി വർദ്ധിച്ചുവെന്ന കാര്യം

ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കണക്ക് പ്രകാരം സംസ്ഥാനത്ത് ഒരു കുടുംബം കിടത്തി ചികിത്സയ്ക്കായി ചെലവിടുന്ന ശരാശരി തുകയും ഒ. പി. ചികിത്സയ്ക്കായി ചെലവിടുന്ന ശരാശരി തുകയും എത്രയാണ്; വ്യക്തമാക്കുമോ;

(സി) ചികിത്സ ചെലവ് കുറയ്ക്കുന്നതിനും സാധാരണക്കാർക്ക് മെച്ചപ്പെട്ട ചികിത്സ പ്രാപ്തമാക്കുന്നതിനും അനുഗുണമായ നടപടികൾ സ്വീകരിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടുവെന്നുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന് ഇടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ; ചികിത്സ ചെലവ് കുറയ്ക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>സർക്കാർ ആശുപത്രികളിലെ സൗജന്യ ചികിത്സ</u>

250 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിലൂടെ നൽകിവരുന്ന സൗജന്യ ചികിത്സ സംബന്ധിച്ച് പരിശോധനകൾ നടത്തിയിട്ടുണ്ടെങ്കിൽ ആയത് വിശദമാക്കാമോ;

(ബി) 2011-16 കാലയളവിൽ നടത്തിയ സൗജന്യ ചികിത്സയുടെ എണ്ണവും, ഇതിനായി ചെലവഴിച്ച തുകയുടെ വിശദാംശവും ലഭ്യമാക്കാമോ;

(സി) 2016-21, 2021-26 കാലയളവുകളിലായി നടത്തിയ സൗജന്യചികിത്സയുടെ വിശദാംശവും ചെലവഴിച്ച തുകയും എത്ര വീതമാണെന്ന് വെളിപ്പെടുത്താമോ?

## <u>ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ</u>

251 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ആരോഗ്യ വകുപ്പ് നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ;

(സി) ഇത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

## <u>108 ആംബുലൻസ് പദ്ധതിക്ക് അനുവദിച്ച തുക</u>

252 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 108 ആംബുലൻസ് പദ്ധതിയിൽ 2019 മുതൽ നാളിതുവരെ ഓരോ വർഷവും ജി.വി.കെ.ഇ.എം. ആർ.ഐ ( ജി.വി.കെ. എമർജൻസി മാനേജ്മെന്റ് ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ) എന്ന സ്ഥാപനത്തിന് അനുവദിച്ച തുകയുടെ വിശദാംശം നൽകാമോ?

## അങ്കണവാടി ജീവനക്കാരുടെ വേതന വർദ്ധനവ്

253 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ സംസ്ഥാനത്തെ അങ്കണവാടി ജീവനക്കാരുടെ വേതനം എത്ര രൂപ വീതമായിരുന്നുവെന്ന് വിശദമാക്കുമോ;

(ബി) 2016 മെയ് മാസം മുതൽ ഇതുവരെ ജീവനക്കാരുടെ വേതനം എത്ര തവണ വർദ്ധിപ്പിച്ചിട്ടുണ്ടെന്നും എത്ര തുക വീതമായിരുന്ന വർദ്ധനവെന്നും വ്യക്തമാക്കാമോ;

(സി) അങ്കണവാടി ജീവനക്കാർക്ക് ആകെ നൽകുന്ന വേതനത്തിൽ എത്ര രൂപ വീതമാണ് കേന്ദ്രസർക്കാർ നൽകി വരുന്നതെന്നുള്ള വിവരം അറിയിക്കാമോ?

## ആന്റി റാബീസ് കുത്തിവെയ്പ്പ്

254 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആന്റി റാബീസ് കുത്തിവെയ്പ്പ് നടത്തിയിട്ടും ആളുകൾ മരണമടയുന്നതായുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ കാരണം പഠനവിധേയമാക്കിയിട്ടുണ്ടോ;

(സി) തെരുവുനായ ആക്രമണങ്ങൾക്ക് വിധേയരാകുന്നവർക്ക് നൽകുന്ന പ്രതിരോധ വാക്സിന്റെ ഗുണനിലവാരം ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

## പെരിറ്റോണിയൽ ഡയാലിസിസിന് വിധേയരാകുന്ന രോഗികൾക്കുള്ള ചികിത്സാ സഹായം

255 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകൾ ഉൾപ്പടെയുള്ള സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ പെരിറ്റോണിയൽ ഡയാലിസിസിന് വിധേയരാകുന്ന രോഗികൾക്കായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇത്തരം രോഗികൾക്ക് കഴിഞ്ഞ കുറെ മാസങ്ങളായി മരുന്നുകൾ ലഭ്യമാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പെരിറ്റോണിയൽ ഡയാലിസിസ് നടത്തുന്നതിന് നിലവിൽ മരുന്നുൾപ്പെടെ രോഗികൾക്ക് ചെലവാകുന്ന തുക എത്രയാണെന്നും ഇതിനായി വേണ്ട മരുന്നുകൾ നിലവിൽ എല്ലാ സർക്കാർ ആശുപത്രികളിലും ആവശ്യത്തിന് ലഭ്യമാണോയെന്നും പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) മരുന്നുകളുടെ അഭാവം മൂലം പെരിറ്റോണിയൽ ഡയാലിസിസ് നടത്താനാകാതെ അസുഖം മൂർച്ഛിക്കുന്ന രോഗികളെ പതിവായി സർക്കാർ ആശുപത്രികളിൽ അഡ്മിറ്റ്

ചെയ്യേണ്ടി വരുന്ന സാഹചര്യം ഉണ്ടാകുന്നുണ്ടോ; എങ്കിൽ വൃക്ക രോഗികളുടെ ജീവന് തന്നെ ഭീഷണിയാകുന്ന ഈ പ്രതിസന്ധി ഒഴിവാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാമോ?

## ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ടുള്ള ദേശീയ സൂചിക

256 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട് ഏതെല്ലാം ദേശീയ സൂചികകളിലാണ് കേരളം ഒന്നാം സ്ഥാനത്ത് എത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഒന്നാം സ്ഥാനത്ത് എത്തിച്ചേരുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയതെന്ന് വിവരിക്കാമോ?

## ഫോറിൻ മെഡിക്കൽ ഗ്രാജുവേഷൻ കഴിഞ്ഞ് ഇന്റേൺഷിപ്പ് ചെയ്യുന്നവർക്ക് സ്റ്റൈപ്പെന്റ്

257 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫോറിൻ മെഡിക്കൽ ഗ്രാജുവേഷൻ കഴിഞ്ഞ് ഇന്റേൺഷിപ്പ് ചെയ്യുന്നവർക്ക് എത്ര രൂപയാണ് സ്റ്റൈപ്പെന്റ് ആയി നൽകുന്നതെന്നും എന്ന് മുതലാണ് നൽകുന്നതെന്നുമുള്ള വിവരം ലഭ്യമാക്കാമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) മേൽ പ്രസ്താവിച്ചവർക്ക സ്റ്റൈപ്പെന്റ് നൽകണമെന്ന് നിരവധി കേസുകളുമായി ബന്ധപെട്ട് കേരള ഹൈക്കോടതി ഉത്തരവിറക്കിയിട്ടും തുടർനടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത കേസുകളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) മേൽ പ്രസ്താവിച്ചവർക്ക സ്റ്റൈപ്പെന്റ് കൊടുക്കുന്ന വിഷയം സംബന്ധിച്ച് സുപ്രീംകോടതിയിലെ കേസുകളിൽ നാഷണൽ മെഡിക്കൽ കമ്മീഷൻ ആവശ്യപ്പെട്ട പ്രകാരം മറുപടി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നിർദേശങ്ങൾ നാഷണൽ മെഡിക്കൽ കമ്മീഷനിൽ നിന്നും ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് തീരുമാനമാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

## കെ.എം.എസ്.സി.എൽ. വഴി സൗജന്യ മരുന്ന വിതരണം

258 **ഡോ. കെ. ടി. ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കെ.എം.എസ്.സി.എൽ. (കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ ലിമിറ്റഡ് ) വഴി എത്ര കോടി രൂപയുടെ മരുന്നുകളാണ് സൗജന്യമായി വിതരണം ചെയ്തതെന്ന് വ്യക്തമാക്കാമോ?

## കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിലെ ഓഡിറ്റ്

259 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ ഏതു സാമ്പത്തിക വർഷം വരെയുള്ള ഓഡിറ്റ് ആണ് നടന്നിട്ടുള്ളത്; വ്യക്തമാക്കാമോ?

## കാൻസർ രോഗികൾക്കു കീമോതെറാപ്പി

260 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൻസർ രോഗികൾക്കായി കീമോതെറാപ്പി സംവിധാനം നടപ്പിലാക്കുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; ഈ പദ്ധതിയ്ക്ക് എത്ര തുകയാണ് വേണ്ടതെന്ന വിവരം അറിയിക്കുമോ?

## മലപ്പുറം ഇന്റഗ്രേറ്റഡ് പബ്ലിക് ഹെൽത്ത് ലാബ് കെട്ടിട നിർമ്മാണം

261 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം പബ്ലിക് ഹെൽത്ത് ലാബിനെ ഇന്റഗ്രേറ്റഡ് പബ്ലിക് ഹെൽത്ത് ലാബ് ആയി ഉയർത്തുന്നതിന്റെ ഭാഗമായി നടക്കുന്ന നിർമ്മാണ നടപടികളുടെ പുരോഗതി വിശദീകരിക്കാമോ; കെട്ടിട നിർമ്മാണത്തിനു കോട്ടപ്പടിയിൽ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന വിശദാംശം നൽകുമോ;

(ബി) മലപ്പുറം താലൂക്ക് ആശുപത്രിക്കു സമീപം പൊതുജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമാകുന്ന സ്ഥലത്ത് ലാബിനു സ്വന്തം കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ; ആയതിനുള്ള സാങ്കേതിക തടസ്സങ്ങൾ എത്രയും വേഗം പരിഹരിക്കുമോ?

## മലപ്പുറം താലൂക്ക് ആശുപത്രിയിലെ പുതിയ കെട്ടിട നിർമ്മാണത്തിനുള്ള നടപടി

262 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ പി.എം.ജെ.വി.കെ. പദ്ധതിയിൽ ഉൾപ്പെടുത്തിയ അത്യാധുനിക കെട്ടിട നിർമ്മാണ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) ചീഫ് സെക്രട്ടറി അധ്യക്ഷൻ സംസ്ഥാന തല സമിതി യോഗം ചേർന്ന് പുതിയ പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാലതാമസത്തിനുള്ള കാരണം എന്താണ്; വിശദമാക്കാമോ;

(സി) പി.എം.ജെ.വി.കെ 972 ലക്ഷം രൂപയുടെ റിവൈസ്ഡ് പ്രൊപ്പോസൽ അംഗീകരിക്കുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ നിലവിലുണ്ടോ; വിശദാംശം നൽകുമോ?

## പാലിയേറ്റീവ് കേന്ദ്രങ്ങളിൽ ഓക്സിജൻ കോൺസന്റ്റേറ്ററുകൾ ഉപയോഗിക്കുന്നതിന് ആനുകൂല്യം.

263 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ആരോഗ്യകേന്ദ്രങ്ങളോട് ചേർന്ന് പ്രവർത്തിച്ചുവരുന്ന പാലിയേറ്റീവ് കേന്ദ്രങ്ങളിൽ ഓക്സിജൻ കോൺസന്റ്റേറ്ററുകൾ ഉപയോഗിക്കുന്നതിനുള്ള വൈദ്യുതി ചാർജ് ഒഴിവാക്കി കിട്ടുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പുതുക്കാട് മണ്ഡലത്തിലെ സുസ്ഥിര പാലിയേറ്റീവ് കെയർ സൊസൈറ്റി ഇതു സംബന്ധിച്ച് നൽകിയ അപേക്ഷയിൽ എന്ത് നടപടിയാണ് കൈക്കൊണ്ടതെന്നത് അറിയിക്കാമോ;

(സി) ഓക്സിജൻ കോൺസെന്റ്റേറ്ററുകൾ ഉപയോഗിക്കുന്നതിനുള്ള വൈദ്യുതി ചാർജ് ഒഴിവാക്കി നല്കണമെന്ന് ആവശ്യപ്പെട്ട് പുതുക്കാട്, സുസ്ഥിര പാലിയേറ്റീവ് കെയർ സൊസൈറ്റി നല്കിയ അപേക്ഷ പരിഗണിക്കുന്നതിനും ടി വൈദ്യുതിചാർജ് ഒഴിവാക്കി നല്കുന്നതിനും ആവശ്യമായ നടപടികൾ ആരോഗ്യവകുപ്പ് കൈക്കൊള്ളുമോ?

## ആരോഗ്യ വിദ്യാഭ്യാസമേഖലയിൽ കൈവരിച്ച നേട്ടങ്ങൾ

264 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആരോഗ്യ വിദ്യാഭ്യാസമേഖലയിൽ കൈവരിച്ച നേട്ടങ്ങൾ പ്രത്യേകമായി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ആരോഗ്യ സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും പുതിയ കോഴ്സുകളും കോളേജുകളും ഗവേഷണസ്ഥാപനങ്ങളും വ്യാപിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) 2016 മുതൽ 2026 വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ ആരോഗ്യമേഖലയിൽ കൈവരിച്ചിട്ടുള്ള അഭിമാനകരമായ നേട്ടങ്ങൾ അടയാളപ്പെടുത്തുന്ന തരത്തിൽ ലഭിച്ചിട്ടുള്ള അംഗീകാരങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(ഡി) രാജ്യത്തെ ഏറ്റവും മികച്ച സ്ഥാപനങ്ങളായി സംസ്ഥാനത്തെ ആരോഗ്യ വിദ്യാഭ്യാസ - ഗവേഷണ സ്ഥാപനങ്ങളെ ഉയർത്തികൊണ്ടു വരുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തു വരുന്നതെന്ന് വെളിപ്പെടുത്താമോ?

## ഫോറിൻ മെഡിക്കൽ ഗ്രാജുവേഷൻ കഴിഞ്ഞ് ഇന്റേൺ ഷിപ്പ് ചെയ്യുന്നവർക്ക് സ്റ്റൈപ്പെന്റ്

265 **ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോറിൻ മെഡിക്കൽ ഗ്രാജുവേഷൻ കഴിഞ്ഞ് സംസ്ഥാനത്തു ഇന്റേൺഷിപ്പ് ചെയ്യുന്നവർക്ക് എത്ര രൂപയാണ് സ്റ്റൈപ്പെന്റ് നൽകുന്നതെന്നും എന്നു മുതലാണ് ഇത് നൽകുന്നതെന്നും വ്യക്തമാക്കാമോ; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പെന്റ് കൊടുക്കണമെന്ന് നിരവധി കേസുകളിൽ ബഹു. കേരള ഹൈക്കോടതി ഉത്തരവിറക്കിയിട്ടും തുടർനടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; പ്രസ്തുത കേസുകളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഫോറിൻ മെഡിക്കൽ ഗ്രാജ്വേറ്റുകൾക്ക് സ്റ്റൈപ്പെന്റ് കൊടുക്കുന്ന വിഷയം സംബന്ധിച്ച് സുപ്രീംകോടതിയിലെ കേസുകളിൽ നാഷണൽ മെഡിക്കൽ കമ്മീഷൻ ആവശ്യപ്പെട്ട പ്രകാരം മറുപടി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പെന്റ് നൽകുന്ന വിഷയത്തിൽ നാഷണൽ മെഡിക്കൽ കമ്മീഷനിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് തീരുമാനമാണ് ഇതിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## മെഡിക്കൽ കോളേജുകളിലെ തസ്തികകൾ

266 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും ആശുപത്രികളിലുമായി എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്; വിശദമാക്കാമോ?

## അസിസ്റ്റന്റ് പ്രൊഫസർ നിയമന യോഗ്യത

267 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ നിയമനത്തിന് എം.ബി.ബി.എസ്., എം.ഡി./എം.എസ്. , സീനിയർ റെസിഡൻസി ഒരു വർഷം എന്ന വ്യവസ്ഥ മാറ്റി എം.ബി.ബി.എസ്., എം.ഡി./എം.എസ്. എന്ന് മാത്രമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## യുനാനി, സിദ്ധ ബിരുദധാരികൾക്ക് ആയുഷ് വിഭാഗത്തിന്റെ സംവരണ ക്വാട്ടയിൽ എം.ബി.ബി.എസ്. പ്രവേശനം .

268 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യുനാനി, സിദ്ധ ബിരുദധാരികളെയും എം.ബി.ബി.എസ്. പ്രവേശനത്തിലെ ആയുഷ് വിഭാഗത്തിന്റെ പ്രത്യേക റിസർവേഷനിൽ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും നിലവിലുള്ള സീറ്റുകളുടെ എണ്ണം ഉയർത്തിയിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഓരോ സർക്കാർ മെഡിക്കൽ കോളേജിലും ആയുഷ് വിഭാഗത്തിൽ നിന്നുള്ളവർക്കായ് കുറഞ്ഞത് രണ്ട് എം. ബി. ബി. എസ്. സീറ്റുകൾ അനുവദിക്കുന്നതിനും നിലവിൽ രണ്ട് സീറ്റുകൾ അനുവദിച്ചിരിക്കുന്ന സ്ഥാപനങ്ങളിൽ അത് മൂന്ന് സീറ്റുകളായി വർധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) പുതുതായി ആരംഭിക്കുന്ന വയനാട്, കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജുകളിൽ ആയുഷ് വിഭാഗത്തിന് കുറഞ്ഞത് മൂന്ന് എം. ബി. ബി. എസ്. സീറ്റുകൾ വീതം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## മാതൃശിശു മരണനിരക്ക്

269 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മാതൃശിശു മരണനിരക്ക് കുറച്ചുകൊണ്ടുവരുന്നതിനു എത്രമാത്രം കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ യു.എസ്. -ന്റെ മാതൃ-ശിശു മരണനിരക്കിന് താഴെയെത്താൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ ?

## കേരള സംസ്ഥാന ശിശുക്ഷേമ സമിതി

270 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ശിശുക്ഷേമ സമിതികളും ജുവൈനൽ ജസ്റ്റിസ് ബോർഡും പുനഃസംഘടിപ്പിക്കണമെന്ന് ഹൈക്കോടതി നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) കേരള സംസ്ഥാന ശിശുക്ഷേമ സമിതിയിയിലെ ജീവനക്കാരിൽ സൈക്കോ സോഷ്യൽ അസ്സസ്സ്മെന്റ് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശമാക്കാമോ;

(സി) കേരള സംസ്ഥാന ശിശുക്ഷേമ സമിതിയിൽ കുട്ടികളെ ഉപദ്രവിച്ച വിഷയത്തിൽ എത്ര ജീവനക്കാരെ ജോലിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെന്നും അവരിൽ ആരെയെല്ലാം തിരിച്ചെടുത്തിട്ടുണ്ടെന്നും വിശദമാക്കാമോ;

(ഡി) കേസുകളിൽ പ്രതികളായവർ കേരള സംസ്ഥാന ശിശുക്ഷേമ സമിതിയിൽ ജോലിയിൽ തുടരുന്നുണ്ടോ; എങ്കിൽ ജുവനൈൽ ജസ്റ്റീസ് ആക്ടിനു കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിൽ എങ്ങനെയാണ് ഇത്തരത്തിലുള്ളവർ തുടരുന്നത്; വിശദമാക്കാമോ?

## കുട്ടികളുടെ സമഗ്രമായ വികസനം മെച്ചപ്പെടുത്താൻ നടപടി

271 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ . മുഹമ്മദ് മുഹസിൻ**

**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനുഷിക വികസന സൂചികകളിൽ മുന്നിൽ നിൽക്കുന്ന സംസ്ഥാനമെന്ന നിലയിൽ കുട്ടികളുടെ സമഗ്രമായ വികസനം ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നഗരവത്കരണം, മാറിക്കൊണ്ടിരിക്കുന്ന കുടുംബഘടന, സ്ക്രീൻ ടൈമിലെ വർധനവ്, അക്കാദമിക് സമ്മർദ്ദം എന്നിവ കുട്ടികളുടെ സമഗ്ര വികസനത്തെ ബാധിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ ആത്മഹത്യ, ലഹരിമരുന്നുപയോഗം, മാനസികാരോഗ്യ പ്രശ്നങ്ങൾ എന്നിവ വർദ്ധിച്ചു വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വനിതാ ശിശുവികസന വകുപ്പിന്റെ നേതൃത്വത്തിൽ സ്കൂളുകളിൽ കൂടുതൽ സൈക്കോ സോഷ്യൽ കൗൺസിലർമാരെ നിയമിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ഡി) കൊലപാതക ശ്രമം, മയക്കുമരുന്ന് ഉപയോഗം അടക്കമുള്ള കേസുകളിൽ കുറ്റാരോപിതരായ കുട്ടികളെ കൗൺസിലിംഗിലൂടെയും നിരന്തര നിരീക്ഷണത്തിലൂടെയും ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

**<u>അടിമാലിയിലെ അമ്മയും കുഞ്ഞും ആശുപത്രി നിർമ്മാണം</u>**

272 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ അടിമാലിയിലെ അമ്മയും കുഞ്ഞും ആശുപത്രിയുടെ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തുക എത്രയെന്ന അറിയിക്കാമോ;

(ബി) ഇതിൽ എത്ര തുകയുടെ അനുമതി നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത നിർമ്മാണത്തിന് ഇടുക്കി പാക്കേജ് പദ്ധതിയിൽ നിന്നും തുക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുക അനുവദിച്ചിട്ടുണ്ട്; അറിയിക്കാമോ;

(ഡി) ആശുപത്രിയുടെ നിർമ്മാണത്തിന് കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കാമോ; നിർമ്മാണം വേഗത്തിൽ ആരംഭിക്കുന്നതിനു അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

**<u>കോഴിക്കോട് സൗത്ത് മണ്ഡലത്തിലെ അംഗനവാടികളുടെ സൗകര്യ വികസനം</u>**

273 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തിൽ എത്ര അംഗനവാടികൾ ഉണ്ടെന്നും അവയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത എത്ര അംഗനവാടികൾ പ്രവർത്തിക്കുന്നുണ്ടെന്ന വിവരം ലഭ്യമാക്കാമോ;

(സി) വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണത്തിനായി ഫണ്ട് അനുവദിച്ച അംഗനവാടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

## പോഷൺ ട്രാക്കർ

274 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പോഷൺ ട്രാക്കർ മൊഡ്യൂളുകൾ ഏകീകൃതമായി പരിചയപ്പെടുത്തുന്ന മലയാളത്തിലുള്ള ലളിതമായ യൂസർ മാനുവൽ ബുക്ക്ലെറ്റ് സ്റ്റേറ്റ് പ്ലാൻ മോണിറ്ററിങ് യൂണിറ്റ് പ്രസിദ്ധീകരിച്ച് സംസ്ഥാനത്തെ 258 ഐ.സി.ഡി.എസ് പ്രോജക്ടുകൾക്കും 14 ജില്ലാതല ഐ.സി.ഡി.എസ് സെല്ലുകൾക്കും വിതരണം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പോഷൺ ട്രാക്കറിലെ 11 മൊഡ്യൂളുകളുടെയും ജില്ല തിരിച്ചുള്ള ശതമാന കണക്ക് ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്തെ 258 ഐ.സി.ഡി.എസ് പ്രോജെക്ടുകളിൽ 100% പോഷൺ ട്രാക്കർ എൻട്രി ചെയ്യുന്ന എത്ര ഐ.സി.ഡി.എസ്. പ്രോജെക്ടുകൾ ഉണ്ട്; വ്യക്തമാക്കാമോ;

(ഡി) ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാര പ്രായത്തിലുള്ള കുട്ടികൾ, ആറ് വയസിൽ താഴെയുള്ള കുട്ടികൾ എന്നിവർ ഉൾപ്പെടുന്ന ഏകദേശം 22.5 ലക്ഷം ഗുണഭോക്താക്കളുടെ സേവനങ്ങൾ കൈകാര്യം ചെയ്യുന്നതിനായി സ്ഥിരം ജീവനക്കാരെ പോഷൺ അഭിയാൻ പദ്ധതിയിൽ സഹകരിപ്പിക്കരുതെന്ന് കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് കത്ത് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) അംഗൻവാടി വർക്കർമാർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ, ശിശു വികസന പദ്ധതി ഓഫീസർമാർ എന്നിവരെ ഉൾപ്പെടുത്തി സ്റ്റേറ്റ് പ്ലാൻ മോണിറ്ററിങ് യൂണിറ്റ് സെക്ടർ അടിസ്ഥാനത്തിൽ ട്രേയ്നിംഗ് ഓഫ് ട്രേയ്നേഴ്സിനെ (റ്റി.ഓ.റ്റി) നെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ത് കൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(എഫ്) മിനിസ്റ്റീരിയൽ ജീവനക്കാർ, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മോണിറ്ററിങ് & അനാലിസിസ് ജീവനക്കാർ, നയ രൂപീകരണം എന്നിവക്കായി നിയമിച്ചിട്ടുള്ള സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം ഉദ്യോഗസ്ഥർ, പ്രോഗ്രാം ഓഫീസർമാർ, ശിശു വികസന പദ്ധതി ഓഫീസർമാർ, ഐ.സി.ഡി.എസ് സൂപ്പർവൈസർമാർ, എൻ.എൻ.എം. കരാർ ജീവനക്കാർ എന്നിവരെ ഉൾപ്പെടുത്തി ചുമതലകളും ഉത്തരവാദിത്തങ്ങളും നൽകി സംസ്ഥാന -ജില്ലാ -ബ്ലോക്ക് തലങ്ങളിലുള്ള പ്ലാൻ മോണിറ്ററിങ് യൂണിറ്റുകൾ പുനഃസംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശം

275 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ മാവേലിക്കര മണ്ഡലത്തിൽ വനിത ശിശു വികസന വകുപ്പ് അനുവദിച്ച പ്രവൃത്തികളുടെ പേരും തുകയും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ?

## വാമനപുരം നിയോജക മണ്ഡലത്തിലെ സ്മാർട്ട് അംഗൻവാടി

276 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ വാമനപുരം നിയോജക മണ്ഡലത്തിലെ വിവിധ അംഗൻവാടികൾക്കായി നടപ്പിലാക്കിയ വിവിധ പദ്ധതികൾ എന്തെല്ലാമാണെന്നും ഓരോന്നിനും ചെലവാക്കിയ തുക, അവയുടെ നിലവിലെ സ്ഥിതി എന്നിവയും വിശദമാക്കാമോ;

(ബി) നിയോജക മണ്ഡലത്തിൽ സ്മാർട്ട് അംഗൻവാടി അനുവദിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എവിടെയെല്ലാമാണെന്നും ഇതിന്റെ പ്രത്യേകതകൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

## കുന്നത്തുനാട് മണ്ഡലത്തിൽ വനിത-ശിശു വികസന വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

277 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനു ശേഷം കുന്നത്തുനാട് മണ്ഡലത്തിൽ വനിത-ശിശു വികസന വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും എത്ര തുക വീതമാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

## പൂഞ്ഞാർ മണ്ഡലത്തിലെ അങ്കണവാടികളുടെ കെട്ടിട നിർമ്മാണം

278 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ 20% ടോക്കൺ പ്രൊവിഷനിൽ 10 കോടി രൂപ ഉൾപ്പെടുത്തിയിട്ടുള്ള പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടം ഇല്ലാത്ത മുഴുവൻ അംഗൻവാടികൾക്കും കെട്ടിട നിർമ്മാണത്തിന് "സമ്പൂർണ അംഗൻവാടി കെട്ടിട നിർമ്മാണ പദ്ധതി" (2024-25-ലേക്കുള്ള വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II ക്രമനമ്പർ 973) എന്ന പ്രവൃത്തി നടപ്പിലാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

## വർക്കല മണ്ഡലത്തിലെ വികസന പദ്ധതികൾ

279 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മെയ് മുതൽ നാളിതു വരെ വനിത ശിശുവികസന വകുപ്പ് മുഖേന വർക്കല മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോന്നിനും അനുവദിച്ച തുകയും വ്യക്തമാക്കാമോ?

## ചാത്തന്നൂർ മണ്ഡലത്തിലെ വനിത-ശിശുക്ഷേമ പ്രവർത്തനങ്ങൾ

280 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചാത്തന്നൂർ മണ്ഡലത്തിലെ ഏതെല്ലാം അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കാൻ തുക അനുവദിച്ചിട്ടുണ്ടെന്നും എത്ര രൂപ വീതമാണ് ഓരോ അങ്കണവാടികൾക്കും അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചാത്തന്നൂർ മണ്ഡലത്തിൽ വനിതാ ക്ഷേമപ്രവർത്തനങ്ങൾക്കായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും ഓരോ പദ്ധതിക്കും എത്ര രൂപ വീതം ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

## ശിശുമരണനിരക്ക് കുറയ്ക്കുന്നതിന് നടപടി

281 **ശ്രീമതി യു പ്രതിഭ**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ശിശുമരണനിരക്ക് ക്രമാനുഗതമായി കുറച്ചുകൊണ്ടുവരുന്നതിനും അതുവഴി യു.എസ്.എ.യുടെ ശിശുമരണനിരക്കിനേക്കാളും കുറവു രേഖപ്പെടുത്താനും കഴിഞ്ഞിട്ടുള്ളത് സംസ്ഥാനത്തെ ആരോഗ്യമേഖലയിൽ കൈവരിക്കാൻ കഴിഞ്ഞ അപൂർവ്വനേട്ടമായി വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ചരിത്ര നേട്ടത്തിൽ എത്തിച്ചേരുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ;

(സി) ദേശീയ നീതി ആയോഗ് സൂചികയിൽ, ആരോഗ്യമേഖലയിൽ എന്തെല്ലാം കാര്യങ്ങളിലാണ് കേരളം മുന്നിലെത്തിയതായി രേഖപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) മാതൃ ശിശു സൗഹൃദ ആശുപത്രി ഇനിഷ്യേറ്റീവ് പദ്ധതി രാജ്യത്താദ്യമായി നടപ്പാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## കൂത്തുപറമ്പ് റീജിയണൽ അനലിറ്റിക്കൽ ആന്റ് റിസർച്ച് ലബോറട്ടറി

282 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് വലിയവെളിച്ചത്ത് സർക്കാർ അനുവദിച്ച ഒരു ഏക്കർ സ്ഥലത്ത് നിർമ്മിക്കുന്ന റീജിയണൽ അനലിറ്റിക്കൽ ആൻഡ് റിസർച്ച് ലബോറട്ടറിയുടെ നിർമ്മാണ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത ലബോറട്ടറിയുടെ നിർമ്മാണത്തിന്റെ ഭരണാനുമതി നൽകിയ തുക എത്രയാണെന്നും ആയത് പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത ലബോറട്ടറി പൂർണ്ണതോതിൽ യാഥാർത്ഥ്യമാകുന്നതോടെ എന്തൊക്കെ സേവനങ്ങളാണ് സർക്കാരിനും പൊതുജനങ്ങൾക്കും ലഭ്യമാവുകയെന്ന് വിശദമാക്കുമോ?

## മദ്യത്തിന്റെ ഗുണനിലവാര പരിശോധന

283 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷയുടെ ഭാഗമായി സംസ്ഥാനത്ത് ബീവറേജ്സ് ഔട്ട് ലെറ്റുകൾ , കൺസ്യൂമർഫെഡ് എന്നിവ വഴി വിതരണം ചെയ്യുന്ന മദ്യത്തിന്റെ ഗുണനിലവാരം ഭക്ഷ്യ സുരക്ഷാ വകുപ്പ് പരിശോധിക്കാറുണ്ടോ; എങ്കിൽ ജില്ലാ തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) 2016 മുതൽ ഓരോ വർഷവും പരിശോധനയ്ക്കായി സ്റ്റാറ്റ്യൂട്ടറി ആയിട്ടും ഇൻഫോർമൽ ആയിട്ടും എത്ര സാമ്പിളുകൾ എടുത്തിട്ടുണ്ടെന്ന വിവരം നൽകാമോ;

(സി) നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കാത്തവ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദമാക്കാമോ?

## ഭക്ഷ്യ സുരക്ഷാ വകുപ്പിലെ ജീവനക്കാരുടെ കുറവ്

284 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സുരക്ഷാ വകുപ്പിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്തതുമൂലം പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നതായുള്ള മാധ്യമ റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വിവിധ ഭക്ഷ്യ സുരക്ഷാ ഡ്രൈവുകൾ നടപ്പിലാക്കുന്നതിൽ ജീവനക്കാരുടെ അഭാവം ബാധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എങ്ങനെയെന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

285 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോങ്ങാട് മണ്ഡലത്തിൽ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും നടപ്പിലാക്കിയ പദ്ധതികളും അനുവദിച്ച തുകയും വിശദമാക്കാമോ?

## വണ്ടൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തങ്ങൾ

286 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-
പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-2021 സാമ്പത്തിക വർഷം മുതൽ നാളിതു വരെ വണ്ടൂർ നിയോജക മണ്ഡലത്തിൽ ഭക്ഷ്യ- പൊതുവിതരണ വകുപ്പു മുഖേന നടപ്പിലാക്കിയ വിവിധ വികസന പ്രവർത്തനങ്ങളുടെ വിശദവിവരം ലഭ്യമാക്കാമോ?

**<u>പാറശ്ശാല മണ്ഡലത്തിൽ ഭക്ഷ്യസിവിൽ സപ്ലൈസ് വകുപ്പ് അനുവദിച്ചിട്ടുള്ള പദ്ധതികൾ</u>**

287 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെയും(2016-2021) നിലവിലെ സർക്കാരിന്റെയും (2021 മുതലുള്ള) കാലയളവിൽ പാറശ്ശാല മണ്ഡലത്തിൽ ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പേര്, ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, പദ്ധതികൾ നടപ്പിലാക്കുന്ന നിർവഹണ ഏജൻസി/വകുപ്പ് എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) മേൽപ്പറഞ്ഞ പദ്ധതികളുടെ നിലവിലെ സ്ഥിതി (പൂർത്തിയായവ, പുരോഗമിക്കുന്നവ, ടെണ്ടർ ഘട്ടത്തിലുള്ളവ) വ്യക്തമാക്കാമോ?

**<u>കൈപ്പമംഗലം നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ</u>**

288 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-
പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചുവർഷക്കാലം കൈപ്പമംഗലം മണ്ഡലത്തിൽ ഭക്ഷ്യ പൊതു വിതരണ വകുപ്പ് വഴി നടത്തിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമായ റിപ്പോർട്ട് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ കഴിഞ്ഞ അഞ്ചു വർഷക്കാലം പുതുതായി എത്ര കുടുംബങ്ങളെ ബിപിഎൽ കുടുംബങ്ങളായി മാറ്റിയിട്ടുണ്ട്; കണക്കും പേര് വിവരങ്ങളും ലഭ്യമാക്കാമോ?

**<u>ഭക്ഷ്യ - പൊതു വിതരണ വകുപ്പ് നടപ്പാക്കിയ പ്രധാന പദ്ധതികൾ</u>**

289 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-
പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിതുവരെയായി മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ ഭക്ഷ്യ - പൊതുവിതരണ വകുപ്പ് നടപ്പാക്കിയ പ്രധാന പദ്ധതികളുടെയും പരിപാടികളുടെയും വിശദ വിവരങ്ങൾ ലഭ്യമാക്കുമോ; ഇതിനായി അനുവദിച്ച തുക, ഭൗതിക നേട്ടം എന്നിവ വ്യക്തമാക്കുമോ;

(ബി) 2021 ജൂൺ മുതൽ 2026 ജനവരി 12 വരെ മഞ്ചേശ്വരം മണ്ഡലത്തിൽ എത്ര മുൻഗണനാ റേഷൻ കാർഡുകൾ അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

**<u>കെ-സ്റ്റോറുകൾ</u>**

290 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ നിലവിൽ എത്ര കെ-സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ വിശദമാക്കാമോ?

**ചാത്തന്നൂർ മണ്ഡലത്തിൽ ഭക്ഷ്യ – പൊതുവിതരണവകുപ്പ് നടപ്പാക്കിയ പദ്ധതികൾ**

291 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചാത്തന്നൂർ മണ്ഡലത്തിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പ് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും ഓരോ പദ്ധതിക്കും എത്ര രൂപ വീതം ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കാമോ;

(ബി) ചാത്തന്നൂർ മണ്ഡലത്തിൽ ഭക്ഷ്യ-പൊതുവിതരണവകുപ്പ് നാളിതുവരെ എത്ര കെ-സ്റ്റോറുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

**ഭക്ഷ്യ-പൊതുവിതരണ വകുപ്പിന് കീഴിൽ നടപ്പിലാക്കിയ പദ്ധതികൾ**

292 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെയായി ഭക്ഷ്യ-പൊതുവിതരണ വകുപ്പിന് കീഴിൽ പയ്യന്നൂർ മണ്ഡല പരിധിയിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും അനുവദിച്ച തുക എത്രയാണെന്നും പദ്ധതി തിരിച്ച് വിശദമാക്കാമോ?

**ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മുഖേന മലമ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

293 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നത് മുതൽ നാളിത് വരെ മലമ്പുഴ മണ്ഡലത്തിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മുഖേന നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

**ഭക്ഷ്യ പൊതുവിതരണ വകുപ്പ് കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

294 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2021 മെയ് മുതൽ നാളിതുവരെ ഭക്ഷ്യ പൊതുവിതരണ വകുപ്പ് മുഖേന കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദീകരിക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടേയും നിലവിലെ സ്ഥിതി വിശദീകരിക്കാമോ;

(സി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്ര വീതമാണെന്ന് വ്യക്തമാക്കാമോ?

**കുന്നത്തുനാട് മണ്ഡലത്തിലെ ബി.പി.എൽ., എ.എ.വൈ. റേഷൻ കാർഡുകൾ**

295 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്നത്തുനാട് മണ്ഡലത്തിൽ എത്ര പേർക്ക് ബി.പി.എൽ., എ.എ.വൈ. കാർഡുകൾ പുതിയതായി നൽകി എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ കുന്നത്തുനാട് മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകളാണ് ബി.പി.എൽ., എ.എ.വൈ. കാർഡുകളാക്കി മാറ്റുന്നതിനുവേണ്ടി ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇതിൽ എത്ര പേർക്കാണ് ബി.പി.എൽ., എ.എ.വൈ. കാർഡുകൾ നൽകിയതെന്നും വ്യക്തമാക്കാമോ;

(സി) ബി.പി.എൽ., എ.എ.വൈ. കാർഡുകളിലേയ്ക്ക് മാറ്റുന്നതിനായി ലഭിച്ചിട്ടുള്ള അപേക്ഷകളിൽ അർഹരായ മുഴുവൻ പേർക്കും വേഗത്തിൽ കാർഡുകൾ ലഭ്യമാക്കുമോ; വിശദമാക്കാമോ?

**<u>പാലക്കാട് ജില്ലയിൽ അനുവദിച്ച റേഷൻകടകളുടെ പേരുവിവരം</u>**

296 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പാലക്കാട് ജില്ലയിൽ അനുവദിച്ച റേഷൻകടകളുടെ പേരുവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ജില്ലയിൽ പുതുതായി റേഷൻകടകൾ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

**<u>മുൻഗണനാ കാർഡുകളുടെ വ്യാജ നിർമ്മാണം</u>**

297 **ശ്രീ. എൻ. ഷംസുദ്ദീൻ**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിലെ വെബ്സൈറ്റിൽ കടന്നു കയറി മുൻഗണനാ കാർഡുകൾ വ്യാജമായി നിർമ്മിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇത്തരം തട്ടിപ്പുകൾ നടത്തിയവർ ആരെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വെബ്സൈറ്റിന്റെ ഔദ്യോഗിക യൂസർനെയിമും പാസ് വേർഡും ദുരുപയോഗം ചെയ്തതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ഇത്തരം തട്ടിപ്പുകൾ തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

**<u>റേഷൻ കാർഡുകളുടെ എണ്ണം</u>**

298 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ നാളിതുവരെ വിതരണം ചെയ്തിട്ടുള്ള വിവിധ വിഭാഗം റേഷൻ കാർഡുകളുടെ എണ്ണം ഗ്രാമപഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ കീഴിൽ ഈ സർക്കാരിന്റെ കാലത്ത് വാമനപുരം മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രധാന പദ്ധതികളെന്തെല്ലാമാണെന്ന് വിശദമാക്കാമോ?

**<u>ചങ്ങനാശ്ശേരി മണ്ഡലത്തിൽ ഭക്ഷ്യ- പൊതുവിതരണ വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ</u>**

299 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മുഖാന്തരം എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ചങ്ങനാശ്ശേരി മണ്ഡലത്തിൽ എത്ര മുൻഗണന റേഷൻ കാർഡുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദ വിവരം നൽകുമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ റേഷൻ റൈറ്റ്സ് കാർഡ് വിതരണം ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

**<u>ഭക്ഷ്യ പൊതുവിതരണ വകുപ്പ് കല്ല്യാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ</u>**

300 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭക്ഷ്യ പൊതുവിതരണ വകുപ്പ് മുഖേന കല്ല്യാശ്ശേരി മണ്ഡലത്തിൽ അനുവദിച്ചതും നടപ്പിലാക്കിയതുമായ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ കല്ല്യാശ്ശേരി മണ്ഡലത്തിൽ എത്ര ബി.പി.എൽ. എ.എ.വൈ. കാർഡുകൾ പുതുതായി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കാർഡുകൾ തരംമാറ്റുന്നതിന് അവസരം ലഭിക്കാതിരുന്നവർക്ക് വീണ്ടും അവസരമൊരുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിലെ ഏതെല്ലാം റേഷൻ കടകളെയാണ് കെ-സ്റ്റോറുകളാക്കി മാറ്റുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് അറിയിക്കുമോ?

**<u>എ.പി.എൽ. വിഭാഗത്തിൽ നിന്ന് ബി.പി.എൽ. വിഭാഗത്തിലേയ്ക്ക് മാറ്റുന്നതിനുള്ള അപേക്ഷ</u>**

301 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആലപ്പുഴ നിയോജകമണ്ഡലത്തിൽ എ.പി.എൽ. വിഭാഗത്തിൽ നിന്ന് ബി.പി.എൽ. വിഭാഗത്തിലേയ്ക്ക് മാറ്റുന്നതിന് എത്ര

അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്നും എത്ര അപേക്ഷകളിലാണ് തീർപ്പു കൽപ്പിച്ചിട്ടുള്ളതെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ വിശദവിവരം ലഭ്യമാക്കാമോ;

(ബി) ബി.പി.എൽ. -ൽ നിന്നും എ.പി.എൽ. വിഭാഗത്തിലേയ്ക്ക് മാറുന്നതിന് എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്നും എത്ര അപേക്ഷകളിലാണ് തീർപ്പു കൽപ്പിച്ചിട്ടുള്ളതെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ വിശദവിവരം ലഭ്യമാക്കാമോ?

**<u>മുൻഗണന പട്ടികയിലേക്ക് മാറ്റി നൽകിയിട്ടുള്ള റേഷൻ കാർഡുകൾ</u>**

302 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-ൽ സംസ്ഥാനത്ത് എത്ര റേഷൻ കാർഡുകൾ മുൻഗണനേതര പട്ടികയിൽ നിന്നും മുൻഗണന പട്ടികയിലേക്ക് മാറ്റി നൽകിയിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(ബി) അനർഹമായി മുൻഗണന പട്ടികയിലുള്ള കാർഡ് ഉടമകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

**<u>വടക്കാഞ്ചേരി മണ്ഡലത്തിലെ മുൻഗണനാ റേഷൻ കാർഡുകൾ</u>**

303 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വടക്കാഞ്ചേരി മണ്ഡലത്തിലെ എത്ര കുടുംബങ്ങൾക്ക് പുതിയതായി മുൻഗണനാ റേഷൻ കാർഡുകൾ അനുവദിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് കോലഴി, അവണൂർ, മുളങ്കുന്നത്തുകാവ്, അടാട്ട്, കൈപ്പറമ്പ്, തോളൂർ, തെക്കുംകര ഗ്രാമപഞ്ചായത്തുകളിലെയും വടക്കാഞ്ചേരി നഗരസഭയിലെയും ഓരോ റേഷൻ കടകളിലും എത്ര വീതം മുൻഗണനാ റേഷൻ കാർഡുകൾ പുതിയതായി അനുവദിച്ചിട്ടുണ്ടെന്ന വിവരം ലഭ്യമാക്കാമോ;

(സി) 2021 മുതൽ ഭക്ഷ്യ-സിവിൽസപ്ലൈസ് വകുപ്പിന് കീഴിൽ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്നും ആയതിലേയ്ക്കായ് എത്ര തുക അനുവദിച്ചിട്ടുണ്ടെന്നുമുള്ള വിശദവിവരം ലഭ്യമാക്കാമോ?

**<u>വ്യാജമുൻഗണന കാർഡുകൾ</u>**

304 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ വകുപ്പിന്റെ ഓൺലൈൻ സംവിധാനമായ റേഷൻകാർഡ് മാനേജിംഗ് സിസ്റ്റത്തിൽ കടന്നുകയറി വ്യാജമുൻഗണനാ കാർഡുകൾ നിർമ്മിച്ച് വിതരണം നടത്തി റേഷൻ വിതരണത്തെ തകിടം മറിയ്ക്കുന്ന പ്രക്രിയ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത വ്യാജമുൻഗണന കാർഡ് നിർമ്മാണം സംബന്ധിച്ച അന്വേഷണം ഏത് ഘട്ടത്തിലാണ്; എത്രപേരെ കുറ്റക്കാരായി കണ്ടെത്തി; എന്തുനടപടികൾ ഇവർക്കെതിരെ സ്വീകരിച്ചു; എത്ര വ്യാജ കാർഡുകൾ കണ്ടെത്തി; ഇനി കണ്ടെത്താനുള്ളവ എത്ര; ഇതുവഴി വഴിവിട്ട് കൈപ്പറ്റിയ റേഷൻ സാധനങ്ങളുടെ അളവ് എത്ര; ഇവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(സി) ഇത്തരം പ്രവണതകൾ തടയുവാനും ഭക്ഷ്യ പൊതുവിതരണ രംഗം കുറ്റമറ്റതാക്കാനും സ്വീകരിച്ചു വരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

## പുതിയ റേഷൻ കടകൾ അനുവദിക്കുന്നതിനുള്ള നടപടികൾ

305 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ മണ്ഡലത്തിലെ കുറ്റിക്കോൽ പഞ്ചായത്തിലെ ആനക്കല്ലിൽ റേഷൻ ഷോപ്പ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പോർട്ടബിലിറ്റി സംവിധാനം ഉപയോഗപ്പെടുത്താൻ സാധിക്കാത്ത സ്ഥലങ്ങളിൽ പുതിയ റേഷൻ കട അനുവദിക്കുന്നത് പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

## പുതിയ റേഷൻ ഷോപ്പുകൾ

306 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിൽ പുതിയ റേഷൻ ഷോപ്പുകൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ടോ; പഞ്ചായത്ത്, മുനിസിപ്പാലിറ്റി, സ്ഥലം എന്നിവ സഹിതം വിശദമാക്കുമോ;

(ബി) നന്നമ്പ്ര പഞ്ചായത്തിലെ കാളം തിരുത്തി, കൊടിഞ്ഞി അൽ-അമീൻ നഗർ, കുണ്ടൂർ വടക്കേ അങ്ങാടി എന്നിവിടങ്ങളിൽ പുതിയ റേഷൻ ഷോപ്പുകൾ അനുവദിക്കുന്നതിന് നൽകിയ അപേക്ഷകളിൽ തീരുമാനമായോ;ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ഏത് വരെയായി; പ്രസ്തുത ഷോപ്പുകൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ;

(സി) ഈ സർക്കാർ വന്നതിനുശേഷം എത്ര പുതിയ റേഷൻ ഷോപ്പുകൾ അനുവദിച്ചുവെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ?

## കെ-സ്റ്റോറുകൾ

307 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളിൽ കെ-സ്റ്റോറുകൾ അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) കെ-സ്റ്റോറുകൾ വഴി ലഭിക്കുന്ന അധിക സേവനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) മണലൂർ മണ്ഡലത്തിൽ ഇതുവരെ എത്ര കെ-സ്റ്റോറുകൾ അനുവദിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കാമോ;

(ഡി) മണലൂർ മണ്ഡലത്തിൽ കൂടുതൽ കെ-സ്റ്റോറുകൾ അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## വിലക്കയറ്റം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ

308 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവശ്യ സാധനങ്ങളുടെ വിലക്കയറ്റം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ ഇത് നേരിടുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പച്ചക്കറി, പലവ്യഞ്ജനങ്ങൾ എന്നിവയുടെ വില നിയന്ത്രിക്കാൻ മാർക്കറ്റിൽ ആവശ്യമായ ഇടപെടൽ നടത്തുന്നതിന് എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇന്ത്യയിൽ വിലക്കയറ്റ നിരക്ക് ഏറ്റവും കൂടുതലുള്ള സംസ്ഥാനമായി കേരളം മാറുന്നതിന്റെ കാരണം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം

309 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർധിച്ച് വരുന്ന നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന് സർക്കാർ നടത്തിയ വിപണി ഇടപെടലുകൾ എന്തെല്ലാം; അവ ഫലപ്രദമായിരുന്നുവെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ;

(ബി) സപ്ലൈകോ ഔട്ട്‌ലെറ്റുകളിൽ സബ്സിഡി സാധനങ്ങളുടെ ലഭ്യതക്കുറവ് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) റേഷൻ കാർഡ് മുൻഗണനാ പട്ടിക പുതുക്കുന്നതിന്റെയും മസ്റ്ററിംഗിന്റെയും നിലവിലെ പുരോഗതി വിശദമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര അനർഹരെ മുൻഗണനാ പട്ടികയിൽ നിന്നും ഒഴിവാക്കിയെന്നും എത്ര കുടുംബങ്ങളെ പുതുതായി പട്ടികയിൽ ഉൾപ്പെടുത്തിയെന്നും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

## സപ്ലൈകോയ്ക്ക് വകയിരുത്തിയ തുകയും അനുവദിച്ച തുകയും

310 **ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും സപ്ലൈകോയ്ക്ക് വകയിരുത്തിയ തുകയും അനുവദിച്ച തുകയും ചെലവഴിച്ച തുകയും ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) സപ്ലൈകോയ്ക്ക് നിലവിൽ സർക്കാർ നൽകാനുള്ള ആകെ കുടിശ്ശിക എത്രയാണ്; ഏതൊക്കെ ഇനത്തിലാണ് കുടിശ്ശിക നൽകാനുള്ളത്; ഓരോ ഇനത്തിലും നൽകാനുള്ള കുടിശ്ശിക എത്രയാണ് എന്ന് വ്യക്തമാക്കാമോ;

(സി) സപ്ലൈകോ അവശ്യസാധനങ്ങൾ സംഭരിച്ച വകയിൽ കമ്പനികൾക്ക് എത്ര രൂപ കുടിശ്ശിക നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) സപ്ലൈകോ നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് എത്ര രൂപ കുടിശ്ശിക നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) സപ്ലൈകോ, കമ്പനികൾക്കും കർഷകർക്കും ഉൾപ്പെടെ നൽകാനുള്ള ആകെ കുടിശ്ശിക ഇനം തിരിച്ച് വ്യക്തമാക്കാമോ?

## മാവേലിസ്റ്റോറുകൾ

311 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ 2016-17 മുതൽ 2025-26 വരെ എത്ര മാവേലിസ്റ്റോറുകളാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; മാവേലിസ്റ്റോറുകൾ സ്ഥാപിച്ച പഞ്ചായത്ത്/നഗരസഭകളുടെ പേരു വിവരം ലഭ്യമാക്കാമോ?

## നെല്ല് സംഭരണം

312 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് നിലനിന്നിരുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ബി) പി.ആർ.എസ്. (പാഡി റെസീപ്റ്റ് ഷീറ്റ്) പദ്ധതി ഒഴിവാക്കി സഹകരണ സംഘങ്ങൾ വഴി കർഷകർക്ക് സംഭരണ സമയത്ത് തന്നെ നേരിട്ട് വില ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സംഭരിച്ച നെല്ലിന് കേന്ദ്രസർക്കാർ നൽകാനുള്ള കുടിശ്ശിക എത്രയാണ്; പ്രസ്തുത കുടിശ്ശിക തുക ലഭിക്കാനായി സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ അറിയിക്കാമോ?

## നെല്ല് സംഭരണം

313 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെല്ല് സംഭരണം കാര്യക്ഷമമായി നടത്തുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) കർഷകർക്ക് ലഭിക്കേണ്ട താങ്ങുവില കേന്ദ്രസർക്കാർ സമയബന്ധിതമായി നൽകുന്നുണ്ടോ ;നിലവിൽ കേന്ദ്ര കുടിശ്ശിക ഉണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) കർഷകർക്ക് നെല്ല് വില നൽകുന്നതിന് സംസ്ഥാന സർക്കാർ കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ കുടിശ്ശിക തീർപ്പാക്കുന്നതിന് എന്തെല്ലാം അടിയന്തര നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

## നെല്ലിന്റെ വില ലഭ്യമാക്കുന്നതിന് നടപടി

314 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്തെ നെൽക്കർഷകരിൽ നിന്ന് സംഭരിച്ച നെല്ലിന് യഥാസമയം വില കിട്ടുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; ഇത് പരിഹരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) നെല്ല് സംഭരിച്ച വകയിൽ ഏത് കാലയളവ് വരെയുള്ളവർക്ക് വില നൽകിയിട്ടുണ്ടെന്നും, ഇനിയും വില ലഭിക്കാത്ത കർഷകർക്ക് എന്നത്തേക്ക് വില നൽകാനാകുമെന്നും വ്യക്തമാക്കാമോ; വിശദവിവരം നൽകാമോ?

## നെല്ല സംഭരണം

315 **ശ്രീ. എം. എം. മണി**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. എച്ച്. സലാം**
**ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മില്ലുടമകൾ നെല്ലെടുക്കാൻ വൈകുന്നത് മൂലം കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ നടപ്പാക്കുന്ന ബദൽ സംവിധാനങ്ങളെക്കുറിച്ച് വിശദമാക്കാമോ;

(ബി) സെൻട്രൽ വേർ ഹൗസിംഗ് കോർപ്പറേഷനുമായി സഹകരിച്ച് നെല്ല സംഭരണം കാര്യക്ഷമമാക്കുന്നതിനായി സർക്കാർ രൂപീകരിച്ച പുതിയ കരാറിലെ (സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യർ) പ്രധാന നിബന്ധനകൾ എന്തെല്ലാമാണ്;

(സി) മില്ലുടമകളുടെ സമ്മർദ്ദത്തിന് വഴങ്ങാതെ കർഷകർക്ക് നെല്ലിന്റെ ഗുണനിലവാരത്തിനനുസരിച്ചുള്ള ന്യായമായ വില ലഭിക്കുന്നതിന് ഭക്ഷ്യ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ഡി) നെല്ല് സംഭരണവുമായി ബന്ധപ്പെട്ട സാമ്പത്തിക പ്രതിസന്ധികളും കർഷകർക്ക് നൽകാനുള്ള കുടിശ്ശികയും തീർക്കുന്നതിന് വേണ്ടി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗത്തിൽ കൈക്കൊണ്ട പ്രധാന തീരുമാനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ഇ) നെല്ല സംഭരണം കുറ്റമറ്റ നിലയിലും വേഗത്തിലും നടപ്പാക്കുന്നതിനായി സഹകരണ വകുപ്പുമായി ബന്ധപ്പെട്ട് പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

## കെ-സ്റ്റോറുകളുടെ വിവരം സംബന്ധിച്ച്

316 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇതുവരെ എത്ര കെ-സ്റ്റോറുകൾ അനുവദിച്ചിട്ടുണ്ട്; കെ-സ്റ്റോറുകളിലൂടെ എന്തൊക്കെ സേവനങ്ങളാണ് നൽകിവരുന്നതെന്ന് വിശദമാക്കാമോ;

(ബി) ബാലുശ്ശേരി നിയോജക മണ്ഡലത്തിൽ നാളിതുവരെയായി എത്ര കെ-സ്റ്റോറുകൾ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) കെ-സ്റ്റോറുകൾ അനുവദിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ?

## വിലക്കയറ്റം

317 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീമതി ഉമ തോമസ്**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിലക്കയറ്റം രൂക്ഷമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിലക്കയറ്റം തടയാൻ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ;

(ബി) സപ്ലൈകോയ്ക്ക് സർക്കാർ പണം നൽകാത്തതിനാൽ അവശ്യ സാധനങ്ങൾ ലഭ്യമാക്കാൻ സാധിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സപ്ലൈകോയ്ക്ക് നൽകാനുള്ള കുടിശ്ശിക എന്നത്തേയ്ക്ക് നൽകാൻ കഴിയും എന്നാണ് സർക്കാർ ഉറപ്പ് നൽകിയിട്ടുള്ളത്; വിശദമാക്കാമോ?

## ഇടുക്കി അടിമാലി ഇരുമ്പുപാലത്ത് ബിവറേജസ് ഔട്ട്‌ലെറ്റ്

318 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ അടിമാലി ഗ്രാമപഞ്ചായത്തിലെ ഇരുമ്പുപാലത്ത് ബിവറേജസ് ഔട്ട് ലെറ്റ് സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഔട്ട് ലെറ്റ് സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## മാവേലിക്കര മണ്ഡലത്തിൽ എക്സൈസ് വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

319 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ മാവേലിക്കര മണ്ഡലത്തിൽ എക്സൈസ് വകുപ്പ് അനുവദിച്ചതും നടപ്പിലാക്കിയതുമായ പദ്ധതികളുടെ വിശദ വിവരം ലഭ്യമാക്കുമോ; മണ്ഡലത്തിൽ ചെലവഴിച്ച തുക എത്രയെന്ന് അറിയിക്കാമോ?

## കുട്ടനാട്ടിൽ എക്സൈസ് വകുപ്പിന് കൂടുതൽ സൗകര്യങ്ങൾ

320 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ എക്സൈസ് വകുപ്പിന് കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കുട്ടനാടിന്റെ ഭൂപ്രകൃതി കണക്കിലെടുത്ത് പട്രോളിംഗിനായി സ്പീഡ് ബോട്ടുകൾ ലഭ്യമാക്കാൻ നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## ഉദുമ മണ്ഡലത്തിൽ എക്സൈസ് വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ

321 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉദുമ മണ്ഡലത്തിൽ എക്സൈസ് വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം നൽകാമോ?

## ലഹരി മാഫിയകളുടെ പ്രവർത്തനം തടയുന്നതിനായി സ്വീകരിച്ച നടപടികൾ

322 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എക്സൈസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന ലഹരി വിരുദ്ധ ക്യാമ്പയിനുകളുടെയും പദ്ധതികളുടെയും വിശദാംശം ലഭ്യമാക്കാമോ;

(ബി) സ്കൂളുകൾ കേന്ദ്രീകരിച്ചുള്ള ലഹരി മാഫിയകളുടെ പ്രവർത്തനം തടയുന്നതിനായി സ്വീകരിച്ച നടപടികളും പദ്ധതികളും വിശദമാക്കാമോ?

## വർക്കല മണ്ഡത്തിലെ എക്സൈസ് ഓഫീസുകളുടെ നിർമ്മാണവും പ്രവർത്തനവും

323 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവിൽ വർക്കല മണ്ഡത്തിലെ എക്സൈസ് ഓഫീസുകളുടെ നിർമ്മാണത്തിനായി എത്ര രൂപയുടെ ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) എക്സൈസ് ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

## പുനലൂർ മണ്ഡലത്തിൽ എക്സൈസ് വകുപ്പ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ

324 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിനു കീഴിൽ പുനലൂർ നിയോജക മണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ അനുവദിച്ചതും എന്നാൽ 2021 മാർച്ചിന് മുൻപ് പൂർത്തിയാക്കാൻ കഴിയാത്തതുമായ വിവിധ പ്രവൃത്തികളുടെ/പദ്ധതികളുടെ

വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത കാലയളവിൽ അനുവദിച്ച പ്രവൃത്തികളിൽ/ പദ്ധതികളിൽ നിലവിൽ നടപ്പിലുള്ളവയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് വകുപ്പിന് കീഴിൽ പുനലൂർ മണ്ഡലത്തിൽ അനുവദിച്ച വിവിധ പ്രവൃത്തികളുടെ വിശദാംശം, ഓരോ പ്രവൃത്തിയുടെയും പേരും അനുവദിച്ച തുകയും പദ്ധതി നിർവഹണ ഏജൻസിയുടെ വിവരങ്ങളും സഹിതം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തിയാക്കിയിട്ടുള്ളവയുടെ വിശദാംശവും നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും ആയവ എപ്പോൾ പൂർത്തിയാക്കാൻ സാധിക്കുമെന്നുമുള്ള വിവരവും ലഭ്യമാക്കുമോ;

(ഡി) എക്സൈസ് വകുപ്പിന് കീഴിൽ പുനലൂർ മണ്ഡലത്തിൽ പുതുതായി നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികൾ /പദ്ധതികൾ ഉണ്ടെങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കാമോ?

## <u>മയക്കുമരുന്ന് വ്യാപനം തടയുന്നതിന് നടപടി</u>

325 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 മുതൽ രജിസ്റ്റർ ചെയ്ത മയക്കുമരുന്ന് കേസുകളുടെ എണ്ണം ജില്ല തിരിച്ച് എത്രയാണെന്നും, ഇവയിൽ സംഘടിത മാഫിയ സംഘങ്ങളുടെ പങ്കാളിത്തം കണ്ടെത്തിയ കേസുകളുടെ എണ്ണം എത്രയാണെന്നും, യുവജനങ്ങൾ വിദ്യാർഥി വിദ്യാർഥിനികൾ ഉൾപ്പെട്ട കേസുകളുടെ എണ്ണം എത്രയാണെന്നും, ഏത് ജില്ലയിലാണ് കൂടുതൽ കേസുകൾ രജിസ്റ്റർ ചെയ്തിരിക്കുന്നതെന്നും, പിടിച്ചെടുത്ത ലഹരി വസ്തുക്കളുടെ വിപണി മൂല്യം എത്രയാണെന്നും അറിയിക്കാമോ;

(ബി) ഈ കേസുകളിൽ അന്തർസംസ്ഥാനമോ അന്തർദേശീയമോ ആയ ബന്ധങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(സി) 2016 മുതൽ ഇതുവരെ പോലീസ്, എക്സൈസ്, എൻസിബി എന്നിവയുടെ സംയുക്ത ഓപ്പറേഷനുകളിൽ പിടിച്ചെടുത്ത മയക്കുമരുന്നുകളുടെ തരം, അളവ്, കണക്കാക്കിയ വിപണി മൂല്യം എത്രയാണെന്നും, മയക്കുമരുന്ന് വ്യാപാരത്തിലൂടെ സമ്പാദിച്ചതായി കണ്ടെത്തിയ സ്വത്തുക്കൾ കണ്ടുകെട്ടിയ കേസുകളുടെ എണ്ണം എത്രയാണെന്നും അറിയിക്കാമോ;

(ഡി) സ്കൂളുകൾ, കോളേജുകൾ, ഹോസ്റ്റലുകൾ, സ്കൂൾ കോളേജ് പരിസരങ്ങളിലുള്ള കടകൾ എന്നിവ കേന്ദ്രീകരിച്ച് ലഹരി വ്യാപാരം നടക്കുന്നുവെന്ന പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഓൺലൈൻ പ്ലാറ്റ്ഫോമുകൾ, സോഷ്യൽ മീഡിയ, ഡാർക്ക് വെബ് തുടങ്ങിയവ വഴി നടക്കുന്ന ലഹരി വ്യാപാരം കണ്ടെത്തിയ കേസുകളുടെ എണ്ണം എത്രയാണെന്നും ഇവ തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും അറിയിക്കാമോ;

(ഇ) തുറമുഖങ്ങൾ, വിമാനത്താവളങ്ങൾ, അന്തർസംസ്ഥാന അതിർത്തികൾ വഴി നടക്കുന്ന ലഹരി കടത്തിനെ തടയാൻ സ്വീകരിച്ച പ്രത്യേക നടപടികൾ

എന്തൊക്കെയാണ്; വ്യക്തമാക്കാമോ;

(എഫ്) സംസ്ഥാനത്ത് ലഹരി വ്യാപനവും വിപണനവും തടയുന്നതിനും ലഹരി വിമുക്ത കേരളം പദ്ധതി നടപ്പിലാക്കുന്നതിനുമായി സർക്കാർ സ്വീകരിച്ച നടപടികൾ, ലഹരി സംബന്ധമായ നിയമങ്ങളിലെ പഴുതുകൾ ഇല്ലാതാക്കി നിയമം കർശനമാക്കാൻ കേന്ദ്രവുമായി യോജിച്ച് സ്വീകരിച്ച നടപടികൾ, അവയുടെ പുരോഗതി എന്നിവ അറിയിക്കാമോ?

## കോഴിക്കോട് നഗരത്തിൽ മയക്കുമരുന്ന് വിൽപനയും ഉപയോഗവും തടയാൻ നടപടി

326 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ മാളുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും കേന്ദ്രീകരിച്ച് മയക്കുമരുന്ന് വിൽപ്പനയും ഉപയോഗവും വർദ്ധിച്ചു വരുന്നു എന്ന ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇത് തടയുന്നതിന്/കുറച്ചു കൊണ്ട് വരുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ?

## പാലക്കാട് എലപ്പുള്ളിയിലെ ബ്രൂവറിയുടെ അംഗീകാരം റദ്ദാക്കിയ സംഭവം

327 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ. സജീവ് ജോസഫ്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് എലപ്പുള്ളിയിലെ ബ്രൂവറിക്ക് നൽകിയ അംഗീകാരം റദ്ദാക്കിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാരിന്റെ ഭാഗത്തു നിന്നുമുണ്ടായ വീഴ്ചകൾ കാരണമാണോ പാലക്കാട് എലപ്പുള്ളിയിലെ ബ്രൂവറിക്ക് നൽകിയ അംഗീകാരം ഹൈക്കോടതി റദ്ദാക്കിയത്; എങ്കിൽ പ്രസ്തുത വീഴ്ചകൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(സി) നടപടിക്രമങ്ങൾ പാലിക്കാതെ പാലക്കാട് എലപ്പുള്ളിയിലെ ബ്രൂവറിക്ക് അനുമതി നൽകി എന്ന് പറയപ്പെടുന്ന സംഭവത്തിൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## എക്സൈസ് വകുപ്പിലെ നിയമനങ്ങൾ

328 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എക്സൈസ് വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ എത്ര കരാർ, ദിവസ വേതന ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്ന് സ്ഥാപനം തിരിച്ചു വിശദമാക്കാമോ;

(ബി) മേൽപ്പറഞ്ഞവരിൽ എത്ര പേരെ നാളിതുവരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നിലവിൽ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

## എൻ ഡി പി എസ് നിയമവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകൾ

329 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് എക്സൈസ് വകുപ്പ് മുഖാന്തരം പിടിച്ചെടുത്ത ലഹരി ഉല്പന്നങ്ങളും അവയുടെ അളവും ഇനം തിരിച്ച് വിശദമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് എൻ ഡി പി എസ് നിയമവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്രപേർ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും വിശദമാക്കാമോ?

## മദ്യഷാപ്പുകളുടെ എണ്ണം

330 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ൽ നിലവിലുണ്ടായിരുന്ന സർക്കാരിന്റെ കാലാവധി കഴിയുന്ന സമയത്ത് സംസ്ഥാനത്ത് എത്ര കള്ള്ഷാപ്പ്, ബിവറേജസ് ഔട്ട്ലെറ്റുകൾ, ബാറുകൾ എന്നിവയുണ്ടായിരുന്നെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് നിലവിൽ കള്ള്ഷാപ്പ്, ബീവ്റേജസ് ഔട്ട്ലെറ്റുകൾ, ബാറുകൾ എന്നിവ എത്രയെണ്ണമെന്ന് വ്യക്തമാക്കുമോ;

(സി) 2016 മുതൽ നാളിതുവരെ മദ്യ ഷാപ്പുകൾ തുടങ്ങുന്നതിന് അനുവാദം നൽകാൻ തദ്ദേശസ്ഥാപനങ്ങൾക്കും മറ്റുമുണ്ടായിരുന്ന നിയന്ത്രണങ്ങളിൽ ഏതെല്ലാം ഇളവുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

331 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) കേന്ദ്ര സർക്കാരിന്റെ പരിഷ്കരിച്ച നിയമ പ്രകാരം ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിനുണ്ടായ ആശങ്കകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) പുതിയ നിയമ പ്രകാരം കുറയുന്ന കേന്ദ്രവിഹിതം എത്രയാണെന്ന വിശദാംശം ലഭ്യമാക്കാമോ;

(ഡി) തൊഴിലുറപ്പ് പദ്ധതി പൂർണ്ണമായും ഇല്ലാതാക്കാനുള്ള കേന്ദ്ര സർക്കാർ നയം പുതിയ നിയമത്തിലൂടെ ആസൂത്രിതമായി നടപ്പാക്കാൻ ശ്രമിക്കുന്നത് തടയുന്നതിലേക്കായി

വിവിധ സംസ്ഥാനങ്ങളുമായി സഹകരിച്ച് സംസ്ഥാന സർക്കാർ ഏതെല്ലാം തുടർനടപടികളാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ?

## മലമ്പുഴ മണ്ഡലത്തിലെ ലൈഫ് പദ്ധതി

332 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ മലമ്പുഴ മണ്ഡലത്തിൽ ലൈഫ് പദ്ധതി പ്രകാരം ആകെ എത്ര വീടുകൾ അനുവദിച്ചിട്ടുണ്ട് എന്നതിന്റെ വിശദാംശം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഇതിൽ എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയാക്കിയെന്നും എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയാക്കാനുണ്ടെന്നും അറിയിക്കാമോ?

## കോഴിക്കോട് പീപ്പിൾസ് റോഡ് നവീകരണം

333 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബഡ്ജറ്റിൽ ഫണ്ട് വകയിരുത്തിയ കോഴിക്കോട് പീപ്പിൾസ് റോഡ് നവീകരണത്തിനു തദ്ദേശസ്വയംഭരണ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

(ബി) പ്രസ്തുത പദ്ധതിയുടെ തുടർനടപടികൾ സ്വീകരിക്കുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കാലതാമസം പരിഹരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

## ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ലൈഫ് ഭവന പദ്ധതികൾ

334 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പരവൂർ നഗരസഭയിലും പൂതക്കുളം, ചിറക്കര, കല്ലുവാതുക്കൽ, ചാത്തന്നൂർ, ആദിച്ചനല്ലൂർ, പൂയപ്പള്ളി എന്നീ ഗ്രാമപഞ്ചായത്തുകളിലും ലൈഫ് ഭവന പദ്ധതി വഴി എത്ര വീടുകൾ അനുവദിച്ചിട്ടുണ്ടെന്ന വിശദാംശം തദ്ദേശ സ്വയംഭരണസ്ഥാപന അടിസ്ഥാനത്തിൽ അറിയിക്കാമോ;

(ബി) മേൽപ്പറഞ്ഞ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് വസ്തുവും വീടും അനുവദിച്ചിട്ടുണ്ടെന്നും എത്രപേർക്ക് വീട് മാത്രം അനുവദിച്ചിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ അറിയിക്കാമോ?

## ആലത്തൂർ മണ്ഡലത്തിലെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി

335 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി നടന്നുവരുന്ന പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ ഒഴിവുകൾ**

336 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ്, കണ്ണൂർ ജില്ലകളിലായി തദ്ദേശസ്വയംഭരണ വകുപ്പുകളിലെ വിവിധ ഓഫീസുകളിലായി എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് അറിയിക്കുമോ;

(ബി) അതിൽ പി.എസ്.സി. വഴി നികത്താനുള്ള എത്ര ഒഴിവുകളുണ്ടെന്നും താൽക്കാലികമായി നികത്തിയത് എത്ര ഒഴിവുകളാണെന്നും അറിയിക്കാമോ?

**കല്ല്യാശ്ശേരി മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ**

337 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കല്ല്യാശ്ശേരി മണ്ഡലത്തിൽ റോഡുകളുടെ വികസനത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആകെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ആകെ എത്ര കിലോമീറ്റർ റോഡ് നവീകരിച്ചിട്ടുണ്ട്; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് വിവരം ലഭ്യമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് കല്ല്യാശ്ശേരി മണ്ഡലത്തിലെ പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ജില്ലാ പഞ്ചായത്ത് ഉൾപ്പെടെ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും ആകെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിദ്യാലയങ്ങൾ തിരിച്ച് വിശദാംശം നൽകാമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് കല്ല്യാശ്ശേരി മണ്ഡലത്തിലെ ആരോഗ്യകേന്ദ്രങ്ങളുടെ അടിസ്ഥാന - പശ്ചാത്തല സൗകര്യ വികസനത്തിനായി ജില്ലാ പഞ്ചായത്ത് ഉൾപ്പെടെ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും ആകെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ആശുപത്രി അടിസ്ഥാനത്തിൽ വിശദാംശം നൽകാമോ?

**കാട്ടാക്കട നിയോജക മണ്ഡലത്തിലെ അതിദാരിദ്ര്യ നിർമ്മാർജ്ജനം**

338 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിദരിദ്രരില്ലാത്ത കേരളം എന്ന പ്രഖ്യാപനത്തിന്റെ ഭാഗമായി സംസ്ഥാനത്താകെ എത്ര കുടുംബങ്ങളുടെ സംരക്ഷണമാണ് ഉറപ്പാക്കാനായതെന്ന് വ്യക്തമാക്കുമോ; അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ ലക്ഷ്യങ്ങളും രീതികളും നടത്തിയ പ്രവർത്തനങ്ങളും വിശദമാക്കാമോ;

(ബി) കാട്ടാക്കട നിയോജക മണ്ഡലത്തിലെ ആറ് പഞ്ചായത്തുകളിലായി എത്ര അതിദരിദ്രരെ കണ്ടെത്തി സംരക്ഷണം ഉറപ്പാക്കാനായെന്ന് പഞ്ചായത്ത് തിരിച്ച് വിവരം ലഭ്യമാക്കാമോ?

## വർക്കല നിയോജക മണ്ഡലത്തിലെ ആസ്തി വികസന പദ്ധതി

339 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജക മണ്ഡലത്തിൽ എം.എൽ.എ.യുടെ ആസ്തി വികസന പദ്ധതി പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിനെ നിർവഹണ ഏജൻസിയായി ചുമതലപ്പെടുത്തിയ പ്രവൃത്തികളുടെ ടെന്റർ സേവിംഗ്സ് തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ആയതിൽ എത്ര രൂപയ്ക്ക് പുതിയ പദ്ധതികൾ നിർദ്ദേശിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ?

## കരാർ, ദിവസ വേതന നിയമനം

340 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ എത്ര കരാർ, ദിവസ വേതന ജീവനക്കാരെ നിയമിച്ചിട്ടുണ്ട്; വിശദാംശം സ്ഥാപനം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) മേൽപ്പറഞ്ഞവരിൽ എത്ര പേരെ നാളിതുവരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ; കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നിലവിൽ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

## മലമ്പുഴ മണ്ഡലത്തിലെ പ്രധാനമന്ത്രി ഗ്രാമസഡക് യോജന പദ്ധതി

341 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ പ്രധാനമന്ത്രി ഗ്രാമ സഡക് യോജന പദ്ധതിയിൽ ഉൾപ്പടുത്തി മലമ്പുഴ മണ്ഡലത്തിലെ ഏതെല്ലാം റോഡുകളാണ് നവീകരിക്കുന്നതെന്ന് അറിയിക്കാമോ; ഇതിനായി വകയിരുത്തിയിട്ടുള്ള തുക, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്നീ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## മാവേലിക്കര നിയോജകമണ്ഡലത്തിലെ റോഡ് പുനരുദ്ധാരണ പദ്ധതി

342 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ തദ്ദേശസ്വയംഭരണ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര നിയോജകമണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെ പേരും അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ;

(ബി) 2016 മുതൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര നിയോജകമണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെ പേരും അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ?

## ലൈഫ് മിഷൻ പദ്ധതി

343 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരും നിലവിലെ സർക്കാരും ലൈഫ് മിഷൻ പദ്ധതിയിലൂടെ നാളിതുവരെ എത്ര കുടുംബങ്ങൾക്ക് പാർപ്പിട സൗകര്യം നൽകിയെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ കണക്കുകൾ പ്രകാരം ഇത്തരത്തിൽ സംസ്ഥാനത്ത് ഇനിയും പാർപ്പിട സൗകര്യം ഉറപ്പാക്കേണ്ട കുടുംബങ്ങളുടെ എണ്ണം എത്രയെന്നും ഇവർക്കായുള്ള പാർപ്പിട സൗകര്യം സമയബന്ധിതമായി ഉറപ്പാക്കാൻ സ്വീകരിച്ചു വരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

## കാട്ടാക്കട നിയോജക മണ്ഡലത്തിലെ ലൈഫ് ഭവന പദ്ധതി

344 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജക മണ്ഡലത്തിലെ ആറു പഞ്ചായത്തുകളിലായി ലൈഫ് ഭവന പദ്ധതി പ്രകാരം പൂർത്തിയാക്കിയ വീടുകൾ, ഇനിയും പൂർത്തിയാക്കാനുള്ളവ, ലഭിച്ച അപേക്ഷകൾ എന്നിവ പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ;

(ബി) കാട്ടാക്കട പഞ്ചായത്തിൽ നിർമ്മിച്ച ലൈഫ് ഭവന സമുച്ചയത്തിന് എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭ്യമായത്; നിർമ്മാണം ആരംഭിച്ചതും പൂർത്തിയാക്കിയതും എന്നാണ്; എത്ര കുടുംബങ്ങൾക്കാണ് അവിടെ താമസമൊരുക്കിയത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## മാലിന്യ സംസ്കരണത്തിന് ശാസ്ത്രീയ സംവിധാനം

345 **ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിൽ എത്ര ശതമാനം പ്രദേശങ്ങളിലാണ് ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കുന്നത്; വിശദാംശം നൽകുമോ;

(ബി) മാലിന്യ ശേഖരണം, വേർതിരിക്കൽ, സംസ്കരണം എന്നിവയിൽ പരാജയപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) ജൈവ മാലിന്യവും അജൈവ മാലിന്യവും ഉറവിടത്തിൽ തന്നെ വേർതിരിക്കാൻ ജനങ്ങളെ ബോധവത്കരിക്കുന്നതിനായി സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ ഏതെല്ലാമാണ്; പ്രസ്തുത പദ്ധതികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്, ഹരിത കർമ്മ സേന മുഖേനയുള്ള മാലിന്യ സംസ്കരണ പദ്ധതികൾക്കായി അനുവദിച്ച സാമ്പത്തിക സഹായത്തിന്റെ

വിശദാംശം നൽകുമോ; ഫണ്ട് വിനിയോഗത്തിൽ ഉണ്ടായ അപാകതകൾ കണ്ടെത്തിയിട്ടുണ്ടോ;

(ഇ) മാലിന്യ പ്രശ്നം മൂലം ഉണ്ടാകുന്ന ആരോഗ്യ പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ ആസൂത്രണം ചെയ്തിരിക്കുന്ന അടിയന്തരവും ദീർഘകാലവുമായ നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

## അതിദാരിദ്ര്യനിർമാർജന പദ്ധതി

346 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിദാരിദ്ര്യമെന്നത് വരുമാനത്തിന്റെ അഭാവം മാത്രമല്ലെന്നും ശേഷികളുടെ അഭാവം മൂലം അടിസ്ഥാന സ്വാതന്ത്ര്യം തന്നെ നിഷേധിക്കപ്പെടുന്ന അവസ്ഥയാണെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കഴിഞ്ഞ അര നൂറ്റാണ്ടിനിടയിൽ ദാരിദ്ര്യം ഗണ്യമായി കുറയ്ക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടോ; അവശേഷിച്ചവരെക്കൂടി കണ്ടെത്തി അതിദാരിദ്ര്യം നിർമാർജനം ചെയ്യാനുള്ള പദ്ധതിയിലൂടെ കേരളം ചരിത്രനേട്ടം കൈവരിച്ചതായി കണക്കാക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(സി) വിവിധ വകുപ്പുകൾ നൽകുന്ന നിലവിലുള്ള എല്ലാ സാമൂഹ്യക്ഷേമ പദ്ധതികളെയും സേവനങ്ങളെയും അതിദാരിദ്ര്യനിർമാർജന പദ്ധതിയുടെ കുടക്കീഴിൽ കൊണ്ടുവരുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

## കാട്ടാക്കട മണ്ഡലത്തിലെ സി.എം.എൽ.ആർ.ആർ.പി. പദ്ധതി

347 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.എം.എൽ ആർ.ആർ.പി. പദ്ധതി പ്രകാരം കാട്ടാക്കട നിയോജക മണ്ഡലത്തിലെ 6 പഞ്ചായത്തുകളിലായി അനുവദിച്ച റോഡുകളുടെ പേരും, തുകയും നിലവിലെ സ്ഥിതിയും വിശദമാക്കാമോ;

(ബി) തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി (2024-25) പ്രകാരം കാട്ടാക്കട മണ്ഡലത്തിലെ 6 പഞ്ചായത്തുകളിലായി അനുവദിച്ച റോഡുകളും, തുകയും നിലവിലെ സ്ഥിതിയും പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

## കെ-സ്മാർട്ട് മുഖേനയുള്ള സേവനങ്ങൾ

348 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-സ്മാർട്ട് മുഖേന എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കുന്നത് എന്ന് വിശദമാക്കാമോ;

(ബി) കെ-സ്മാർട്ട് മുഖേന സംസ്ഥാനത്ത് എത്ര ഉപഭോക്താക്കൾക്ക് സേവനം ലഭ്യമാക്കിയിട്ടുള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ ജില്ല തിരിച്ച് കണക്കുകൾ വിശദമാക്കാമോ?

## <u>തെരുവുനായ ആക്രമണം</u>

349 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് തെരുവു നായ്ക്കളുടെ കടിയേറ്റതിനാലും പേവിഷബാധ മൂലവും മരിച്ചവരുടെയും ചികിത്സ തേടിയവരുടെയും ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) തെരുവു നായ ആക്രമണത്തിന് ഇരയാകുന്നവർക്കും കടിയേറ്റ് വളർത്തു മൃഗങ്ങൾ ചത്ത കർഷകർക്കും നൽകി വരുന്ന നഷ്ടപരിഹാര തുകയുടെ മാനദണ്ഡം വ്യക്തമാക്കാമോ; ഇത്തരത്തിൽ എത്ര ആളുകൾക്ക് നഷ്ടപരിഹാരം നല്കിയിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം നൽകാമോ; സുപ്രീം കോടതി നിർദ്ദേശിച്ച ജസ്റ്റിസ് സിരിജഗൻ കമ്മിറ്റി മുഖേന ഇതുവരെ എത്ര പേർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) തെരുവു നായ്ക്കളുടെ വന്ധ്യംകരണത്തിനായി നടപ്പിലാക്കുന്ന അനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി) പദ്ധതി നിലവിൽ എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സജീവമായി നടക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ; പല ജില്ലകളിലും എ.ബി.സി. സെന്ററുകൾ സാങ്കേതിക കാരണങ്ങളാൽ അടഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ പുനരാരംഭിക്കാൻ സ്വീകരിച്ച അടിയന്തര നടപടികൾ എന്തെല്ലാമാണ്; അറിയിക്കാമോ;

(ഡി) കുടുംബശ്രീ യൂണിറ്റുകളെ വന്ധ്യംകരണ ചുമതലയിൽ നിന്ന് ഒഴിവാക്കിയ ഹൈക്കോടതി ഉത്തരവിനെ തുടർന്ന് പകരം സംവിധാനങ്ങൾ പൂർണ്ണതോതിൽ പ്രവർത്തന സജ്ജമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## <u>മാലിന്യ സംസ്കരണം</u>

350 **ശ്രീ. ഇ കെ വിജയൻ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയ ഇടപെടലിലൂടെ വികസന നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുള്ള സംസ്ഥാനമെന്ന നിലയിൽ മാലിന്യ നിർമാർജ്ജനത്തിന് ലോകത്തിന് മാതൃകയാകുന്ന പ്രവർത്തനങ്ങൾ കേരളം ഏറ്റെടുക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ മാലിന്യ നിർമാർജ്ജന രംഗത്ത് സ്റ്റാർട്ടപ്പുകൾക്കും നിക്ഷേപകർക്കും അവസരമൊരുക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വീടുകളിലും സ്ഥാപനങ്ങളിലും ഉണ്ടാകുന്ന അജൈവ പാഴ് വസ്തുക്കൾ നേരിട്ട് കൈമാറുന്നതിനായി ക്ലീൻ കേരള കമ്പനിയുടെ "ഇക്കോ ബാങ്ക്സ് " എന്ന പുതിയ സംരംഭത്തിന് തുടക്കമായിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സംസ്ഥാനത്ത് ശാസ്ത്രീയ ദ്രവ മാലിന്യ പരിപാലന സംവിധാനങ്ങളൊരുക്കി മുഴുവൻ ജലാശയങ്ങളേയും മാലിന്യ മുക്തമായി സംരക്ഷിക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

## തെരുവുനായ്ക്കളെ വന്ധ്യംകരിക്കുന്നതിന് സഞ്ചരിക്കുന്ന യൂണിറ്റുകൾ

351 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവുനായ്ക്കളെ വന്ധ്യംകരിക്കുന്നതിനുള്ള സഞ്ചരിക്കുന്ന യൂണിറ്റുകൾ സംസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; സംസ്ഥാനം മുഴുവൻ ഇതിന്റെ പ്രവർത്തനം വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരം യൂണിറ്റുകളുടെ പ്രവർത്തന ഫലമായി തെരുവുനായ ശല്യം എത്രത്തോളം കുറയ്ക്കാൻ കഴിഞ്ഞു എന്നു വിശദമാക്കാമോ?

## ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ

352 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തദ്ദേശസ്വയംഭരണ വകുപ്പിന്റെ വിവിധ ഫണ്ടുകൾ വിനിയോഗിച്ച് ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം നൽകാമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്വതന്ത്ര ഓഡിറ്റ് കമ്മീഷൻ

353 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അഴിമതി ഒഴിവാക്കുന്നതിനായി സ്വതന്ത്ര ഓഡിറ്റ് കമ്മീഷനെ നിയോഗിക്കണമെന്ന ധനകമ്മീഷൻ റിപ്പോർട്ടിലെ ശിപാർശ നടപ്പാക്കുന്നതിലെ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതിനായി വകുപ്പുതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) ഇത്തരത്തിൽ സ്വതന്ത്ര ഓഡിറ്റ് സംവിധാനം കൊണ്ടുവരുന്നതിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അഴിമതി നിർമ്മാർജനം ചെയ്യാൻ

കഴിയുമെന്ന് കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

**എലപ്പുള്ളിയിൽ ഒയാസിസ് കമ്പനിക്ക് നൽകിയ അംഗീകാരം**

354 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എലപ്പുള്ളിയിൽ ഒയാസിസ് കമ്പനി പെട്രോളിൽ ചേർക്കാനുള്ള ആൽക്കഹോൾ നിർമ്മാണത്തിനാണോ അനുമതി തേടിയത് എന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകാമോ;

(ബി) ഒയാസിസ് കമ്പനിക്ക് നൽകിയ പ്രാഥമിക അംഗീകാരം റദ്ദാക്കിയ കോടതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

**ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള ജീവനക്കാരുടെ ശമ്പള വിതരണം**

355 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ (ഡെവലപ്പ്മെന്റ്) വകുപ്പ്പുറപ്പെടുവിച്ച 05/06/2025 തീയതിയിലെ ഉത്തരവ് പ്രകാരം (File No: 5022/2025/) ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള എല്ലാ വിഭാഗം ജീവനക്കാരുടെയും ശമ്പളവിതരണം തടസ്സമില്ലാതെ നടത്തുന്നതിനായി 5 അംഗ കമ്മിറ്റി രൂപീകരിച്ചതായി സർക്കാർ വ്യക്തമാക്കിയിട്ടുണ്ടോ; ഇതിന്റെ ലക്ഷ്യം എന്തൊക്കെയാണ്; വ്യക്തമാക്കാമോ;

(ബി) 05.01.2025, 04.02.2025 എന്നീ തീയതികളിലെ LSGD/PD/67428/2023-AE. നമ്പർ കത്തുകൾ പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നൽകിയ ശിപാർശകളിന്മേൽ പ്രധാനമായി ഉന്നയിച്ച പ്രശ്നങ്ങൾ എന്തെല്ലാമായിരുന്നു; വിശദമാക്കാമോ;

(സി) ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിലെ ജീവനക്കാരുടെ ശമ്പള വിതരണവുമായി ബന്ധപ്പെട്ട് നിലവിൽ നേരിടുന്ന പ്രധാന തടസ്സങ്ങൾ എന്തൊക്കെയാണെന്ന് സർക്കാർ തിരിച്ചറിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ; മേൽ ഉത്തരവ് പ്രകാരം രൂപീകരിച്ച കമ്മിറ്റിയിൽ ആരൊക്കയാണ് അംഗങ്ങൾ; ഈ കമ്മിറ്റി എത്ര പ്രാവശ്യം മീറ്റിംഗ് നടത്തി; ആയതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) ശമ്പളവിതരണവുമായി ബന്ധപ്പെട്ട വിഷയങ്ങളോടൊപ്പം 'SPARK' സംവിധാനവുമായി ബന്ധപ്പെട്ട മറ്റ് സാങ്കേതിക/ഭരണപരമായ പ്രശ്നങ്ങളും കമ്മിറ്റി പരിശോധിക്കുമെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ടോ; അങ്ങനെയെങ്കിൽ ഏതെല്ലാം വിഷയങ്ങളാണ് പരിഗണനയിൽ ഉള്ളത്; ആയതിന്റെ വിശദാംശം നൽകാമോ;

(ഇ) പ്രസ്തുത കമ്മിറ്റി മൂന്ന് ആഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണെന്ന് ഉത്തരവിൽ പറയുന്നതിനാൽ ടി സമയപരിധി പാലിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന മേൽനോട്ട സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(എഫ്) കമ്മിറ്റി റിപ്പോർട്ട് ലഭിച്ച ശേഷം ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള ജീവനക്കാരുടെ ശമ്പളവിതരണം സ്ഥിരവും ഏകീകൃതവുമായ രീതിയിൽ ഉറപ്പാക്കുന്നതിനായി സർക്കാർ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്ന തുടർ നടപടികൾ ഏതൊക്കെയാണ്; വിശദമാക്കാമോ?

## കെ സ്മാർട്ട്

356 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 'കെ സ്മാർട്ട്' വഴി എന്തൊക്കെ സേവനങ്ങളാണ് നൽകുന്നത്;

(ബി) ഈ സേവനങ്ങൾ നൽകുന്ന ആപ്ലിക്കേഷനുകൾ ആമസോൺ ക്ലൗഡിലാണോ ഹോസ്റ്റ് ചെയ്തിരിക്കുന്നത്;

(സി) എങ്കിൽ ' കെ സ്മാർട്ടിന് 'വേണ്ടി എത്ര രൂപയാണ് പ്രതിമാസ ബിൽ വരുന്നത്; 2026 ജനുവരി വരെയുള്ള കണക്ക് മാസം തിരിച്ച് ലഭ്യമാക്കാമോ;

(ഡി) ആമസോണിന് എത്ര രൂപയുടെ ബിൽ കുടിശ്ശികയായി നൽകാനുണ്ട്;

(ഇ) എന്തുകൊണ്ടാണ് ഈ ആപ്ലിക്കേഷനുകൾ സ്റ്റേറ്റ് ഡാറ്റ സെന്ററിൽ ഹോസ്റ്റ് ചെയ്യാതിരുന്നത്?

## തെരുവുനായ ശല്യം തടയാൻ നടപടി

357 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവുനായ ശല്യം രൂക്ഷമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഹൈക്കോടതിയുടെയും സുപ്രീംകോടതിയുടെയും ഭാഗത്തു നിന്ന് രൂക്ഷ വിമർശനം ഉണ്ടായിട്ടും തെരുവുനായ ശല്യം പരിഹരിക്കാൻ നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) തെരുവുനായ ശല്യം രൂക്ഷമാകുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

358 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചുവർഷക്കാലം തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിയമനങ്ങൾ

359 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ വകുപ്പിനും കില, റീജിയണൽ ഡെവലപ്മെന്റ് അതോറിറ്റീസ്, ടൗൺ പ്ലാനിങ് തുടങ്ങിയവയുടെയും കീഴിലുള്ള സ്ഥാപനങ്ങളിലും 2016 മുതൽ നാളിതുവരെ കരാർ അടിസ്ഥാനത്തിലും ദിവസവേതനാടിസ്ഥാനത്തിലും മറ്റ് ഏതെങ്കിലും രീതിയിൽ താൽക്കാലികമായും ജീവനക്കാർ നിയമിക്കപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് ഏതെല്ലാം തസ്തികകളിലാണെന്നും ഓരോ തസ്തികയിലും നിയമിക്കപ്പെട്ടവരുടെ എണ്ണം എത്രയാണെന്നും വകുപ്പ്, ജില്ല, തസ്തിക എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഇപ്രകാരം നിയമിക്കപ്പെട്ടിട്ടുള്ള ജീവനക്കാരിൽ ആരെയെങ്കിലും സ്ഥിരപ്പെടുത്തിയിട്ടുണ്ടെങ്കിൽ അവർ ആരെല്ലാമാണെന്നും ഏതെല്ലാം തസ്തികകളിലാണെന്നും അവരെ സ്ഥിരപ്പെടുത്തിയതിന്റെ അടിസ്ഥാനം എന്തെന്നും വകുപ്പ്, ജില്ല, തസ്തിക എന്നിവ തിരിച്ച് അറിയിക്കാമോ;

(സി) മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ 2016 മുതൽ നാളിതുവരെ ഡെപ്യൂട്ടേഷൻ നിയമനങ്ങൾ ഏതെല്ലാം തസ്തികകളിലാണെന്നും പ്രസ്തുത തസ്തികകളിൽ നിയമിക്കപ്പെട്ടവർ ആരെല്ലാമാണെന്നും അവർ ഏത് തസ്തികകളിൽ നിന്നാണ് ഡെപ്യൂട്ടേഷൻ തസ്തികകളിലേക്ക് നിയമിതരായതെന്നുമുള്ള വിവരം വകുപ്പ്, ജില്ല, തസ്തിക എന്നിവ തിരിച്ച് ലഭ്യമാക്കാമോ?

**<u>മട്ടന്നൂർ നിയോജക മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. പദ്ധതി</u>**

360 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിൽ പ്രധാനമന്ത്രി ഗ്രാം സഡക് യോജന പദ്ധതിയിൽ പുതുതായി ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ?

**<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കെ-സ്മാർട്ട് സേവനങ്ങൾ</u>**

361 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കെ-സ്മാർട്ട് മുഖേനയുള്ള സേവനങ്ങൾ വിജയകരമായി ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കെ-സ്മാർട്ട് മുഖേന ഏതൊക്കെ സേവനങ്ങളാണ് ലഭ്യമായിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

**<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ വികസന ക്ഷേമ പ്രവർത്തനങ്ങൾ</u>**

362 **ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ ജി സ്റ്റീഫൻ**

**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ വി കെ പ്രശാന്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കിയ വിജയകരമായ പ്രവർത്തനങ്ങൾ കേരളീയ സാമൂഹ്യ ജീവിതത്തെ പുതിയ ഉയരങ്ങളിൽ എത്തിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന വിലയിരുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രാദേശിക സർക്കാർ എന്ന നിലയിൽ സംസ്ഥാന സർക്കാരിന്റെ വിവിധ വികസന ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും തനതു പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിനും കഴിഞ്ഞിട്ടുണ്ടോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനതയ്ക്ക് ലഭ്യമാക്കേണ്ട സേവന പ്രവർത്തനങ്ങൾ വേഗത്തിലും സുഗമമായും നടപ്പിലാക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

<u>**പാറശ്ശാല മണ്ഡലത്തിലെ ലൈഫ് ഭവന പദ്ധതി**</u>

363 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതി ആരംഭിച്ചത് മുതൽ ഇതുവരെ പാറശ്ശാല മണ്ഡലത്തിൽ ആകെ എത്ര ഗുണഭോക്താക്കളെയാണ് തിരഞ്ഞെടുത്തതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ഇതുവരെ എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി താക്കോൽ കൈമാറിയിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(സി) നിലവിൽ എത്ര വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നുവെന്നും നിർമ്മാണം തടസ്സപ്പെട്ട വീടുകൾ ഉണ്ടെങ്കിൽ അവ പൂർത്തിയാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്നും വ്യക്തമാക്കാമോ;

(ഡി) ഭൂമിയില്ലാത്ത ഭവനരഹിതർക്കായി പാറശ്ശാല മണ്ഡലത്തിൽ പുതിയതായി ലൈഫ് ഭവന സമുച്ചയങ്ങൾ (ലൈഫ് ടവേർസ്) നിർമ്മിക്കാൻ പദ്ധതിയുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>**മാവേലിക്കര മണ്ഡലത്തിലെ ലൈഫ് ഭവന പദ്ധതി**</u>

364 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതി ആരംഭിച്ചതിനുശേഷം നാളിതുവരെ മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ചതും പൂർത്തിയാക്കിയതുമായ ഭവനങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ?

<u>**എൽ.എസ്.ജി.ഡി. പൊതുസർവ്വീസിലെ വിവിധ വിഷയങ്ങൾ**</u>

365 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ എത്ര പ്രൊവിഷണൽ സെക്രട്ടറിമാർ എൽ.എസ്.ജി.ഡി. പൊതുസർവ്വീസിൽ മുനിസിപ്പൽ സെക്രട്ടറിമാരുടെ (ഗ്രേഡ് III) ഒഴിവിൽ നിലനിൽക്കുന്നുവെന്ന് വ്യക്തമാക്കാമോ; ഇവർ ഓരോരുത്തരുടേയും പേരു വിവരങ്ങളും റിട്ടയർ ചെയ്യുന്ന വർഷവും മാസവും ഉൾപ്പെടെ ലഭ്യമാക്കാമോ; പ്രസ്തുത പ്രൊവിഷണൽ സെക്രട്ടറിമാർ ഓരോരുത്തരും മുൻ മുനിസിപ്പൽ കോമൺ സർവ്വീസിലെ ഏതെല്ലാം തസ്തികകളിലാണ് ജോലി ചെയ്തിരുന്നതെന്ന് ഓരോരുത്തരുടെയും പേരു വിവരങ്ങൾ ഉൾപ്പെടെ ലഭ്യമാക്കാമോ;

(ബി) എൽ.എസ്.ജി.ഡി. പൊതുസർവ്വീസ് നിലവിൽ വന്നതിന് ശേഷം ടി പ്രൊവിഷണൽ സെക്രട്ടറിമാർ തുടരുന്നത് ഏത് നിയമത്തിന്റെ പരിരക്ഷ പ്രകാരമാണെന്ന് അറിയിക്കാമോ; നിലവിലെ എൽ.എസ്.ജി.ഡി. സെക്രട്ടറി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരെയും ബൈട്രാൻസ്ഫർ ഫ്രം കാറ്റഗറി 1 എൽ.എസ്.ജി.ഡി. സബോർഡിനേറ്റ് സർവ്വീസിൽ നിന്നുമുള്ളവരെയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഇ.ആർ.എ2/53/2023/ത.സ്വ.ഭ.മ. നമ്പർ കത്തിലെ നിർദ്ദേശ പ്രകാരം മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III യുടെ ഒഴിവിലേക്ക് നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ആയതു പ്രകാരം പ്രൊവിഷണൽ സെക്രട്ടറിമാരെ റിവർട്ട് ചെയ്യുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ; നിലവിൽ പ്രൊവിഷണൽ സെക്രട്ടറിമാർക്ക് നിയമനം നൽകിയിരിക്കുന്നത് താൽക്കാലികമാണോ അതോ സ്ഥിരനിയമനമാണോ എന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ പ്രൊവിഷണൽ സെക്രട്ടറിമാരായി പ്രവർത്തിക്കുന്നവരെ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III ആയി സ്ഥിരപ്പെടുത്താൻ കഴിയുമോ; നിലവിൽ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III എൽ.എസ്.ജി.ഡി. സെക്രട്ടറിയുടെ തസ്തികയ്ക്ക് തുല്യമായ തസ്തിക ആയതിനാൽ പ്രൊവിഷണൽ സെക്രട്ടറിമാർ പ്രവർത്തിക്കുന്ന മുനിസിപ്പൽ ഗ്രേഡ് III സെക്രട്ടറിയുടെ അടക്കമുള്ള ഒഴിവുകളുടെ 40% തസ്തികകൾ എൽ.എസ്.ജി.ഡി. സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂളിന്റെ റൂൾ 5 ഗ്രൂപ്പ് 1 ജനറൽ വിംഗിൽ സീരിയൽ നമ്പർ 5ന് താഴെയുള്ള നോട്ട് 1 പ്രകാരം എൽ.എസ്.ജി.ഡി. സെക്രട്ടറി റാങ്ക് ലിസ്റ്റിൽ അനുവദിക്കുന്നതിന് നിയമ തടസ്സമുണ്ടോ;

(ഡി) നിലവിൽ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III എൽ.എസ്.ജി.ഡി. സെക്രട്ടറിയുടെ തസ്തികയിൽ പ്രൊവിഷണൽ സെക്രട്ടറിമാർ പ്രവർത്തിക്കുന്ന മുനിസിപ്പൽ ഗ്രേഡ് III സെക്രട്ടറിയുടെ ഒഴിവിലേക്ക് എൽ. എസ്. ജി.ഡി. സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂളിന്റെ റൂൾ 5 ഗ്രൂപ്പ് 1 ജനറൽ വിംഗിൽ സീരിയൽ നമ്പർ 5 ന താഴെയുള്ള നോട്ട് 2 പ്രകാരം ആനുപാതികമായി ബൈട്രാൻസ്ഫർ നിയമനം നടത്തുന്നതിന് എന്തെങ്കിലും നിയമ തടസ്സമുണ്ടോ; വ്യക്തമാക്കാമോ;

(ഇ) പ്രിൻസിപ്പൽ ഡയറക്ടറുടെ 02.03.2023 ലെ പി. ഡി. എൽ. എസ്. ജി. ഡി/6/2023 സി2 നമ്പർ കത്തിൽ ആവശ്യപ്പെട്ടതുപ്രകാരം മുനിസിപ്പൽ സർവ്വീസുമായി ഉണ്ടാകേണ്ടുന്ന മാറ്റങ്ങൾ സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഇ.ആർ.എ2/53/2023/തസ്വഭമ നമ്പർ കത്തിൽ ക്രമനമ്പർ 5, 6 എന്നിവ സംബന്ധിച്ച് നടപടികൾ സ്വീകരിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ;

(എഫ്) നിലവിൽ മുനിസിപ്പൽ കോമൺ സർവീസിൽ ഉണ്ടായിരുന്ന ഡെപ്യൂട്ടി സെക്രട്ടറി തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നതിന് സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കാമോ; മുനിസിപ്പൽ കോമൺ സർവീസിൽ ഉണ്ടായിരുന്ന റവന്യൂ ഓഫീസർ ഗ്രേഡ് 2 തസ്തികയിൽ ഒഴിവുകൾ ഉണ്ടോയെന്നും ഉണ്ടെങ്കിൽ ആയത് നികത്തുന്നതിന് സ്വീകരിച്ച നടപടികളും ലഭ്യമാക്കാമോ;

(ജി) മുനിസിപ്പൽ കോമൺ സർവീസിൽ ഉണ്ടായിരുന്നവരും എൽ. എസ്. ജി. ഡി. വകുപ്പ് രൂപീകരണത്തെ തുടർന്ന് ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസുകളിലേക്ക് സ്ഥലം മാറ്റം ലഭിച്ച് 2024-ൽ അതേ ഓഫീസിൽ നിന്നും റിട്ടയർ ചെയ്തവർക്ക് സ്പാർക്ക് സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയ സാഹചര്യത്തിൽ ഇ.എൽ. ടെർമിനൽ സറണ്ടർ അനുവദിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ; ഇത്തരത്തിൽ ആർക്കെങ്കിലും ഇനി ഇ.എൽ. ടെർമിനൽ സറണ്ടർ അനുവദിക്കാനുണ്ടോ എന്ന് വിശദമാക്കാമോ?

## കോട്ടായി പി.എച്ച്.സി. നവീകരണം

366 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 ബജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയ കോട്ടായി പ്രൈമറി ഹെൽത്ത് സെന്റർ നവീകരണ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്നും പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

## കോങ്ങാട് മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ പദ്ധതികൾ

367 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കോങ്ങാട് മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ പ്രവർത്തന പുരോഗതി അറിയിക്കുമോ; പഞ്ചായത്ത് തിരിച്ച് മേൽ പദ്ധതികളുടെ വിശദാംശം നൽകാമോ;

(ബി) 2021-22 സാമ്പത്തിക വർഷം മുതലുള്ളതും 20% ബജറ്റ് പ്രൊവിഷൻ ലഭിച്ചതും തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന കോങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കുന്നതുമായ പ്രവൃത്തികളുടെ പേര്, തുക എന്നിവ തരം തിരിച്ച് വിശദമാക്കാമോ; പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ?

## മങ്കട നിയോജകമണ്ഡലത്തിൽ ലൈഫ് ഭവന പദ്ധതി

368 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജക മണ്ഡലത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലൈഫ് ഭവന പദ്ധതി പ്രകാരം നാളിതുവരെ എത്ര വീടുകൾ അനുവദിച്ചിട്ടുണ്ട്; അതിൽ എത്രയെണ്ണം പൂർത്തിയായിട്ടുണ്ട്; പൂർത്തീകരിക്കുവാൻ എത്രയെണ്ണം ബാക്കിയുണ്ട്; തദ്ദേശസ്വയംഭരണ സ്ഥാപനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) മങ്കട നിയോജക മണ്ഡലത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അവശേഷിക്കുന്ന ഭവന രഹിതർ എത്രയെന്ന് തദ്ദേശസ്വയംഭരണസ്ഥാപനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

## അറവ് മാലിന്യ സംസ്കരണ പ്ലാന്റ്

369 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിയമാനുസരണം പ്രവർത്തിക്കുന്ന ആട്, മാട്, കോഴി ഇറച്ചി സംസ്കരണ പ്ലാന്റുകളുടെ ഇനം, ജില്ല എന്നിവ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പഞ്ചായത്ത്, നഗരസഭ, കോർപ്പറേഷൻ എന്നിവയുടെ നേതൃത്വത്തിൽ നേരിട്ട് അറവ് മാലിന്യ സംസ്കരണ പ്ലാന്റുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) അറവ് മാലിന്യ സംസ്കരണ പ്ലാന്റുകൾ ആരംഭിക്കുന്നതിന് അനുമതി ലഭിക്കുന്നതിനായി ഓരോ ജില്ലയിലും നിലവിൽ ലഭിച്ചിട്ടുള്ള അപേക്ഷകളുടെ ഇനം, ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത അപേക്ഷകളിന്മേൽ എന്തു കൊണ്ടാണ് തീർപ്പ് കൽപ്പിക്കാത്തതെന്ന് വിശദമാക്കുമോ;

(ഇ) സംസ്ഥാനത്ത് ഏതെങ്കിലും ജില്ലയിൽ പ്രവർത്തിക്കുന്ന സ്വകാര്യ കോഴി, ഇറച്ചി (ആട്, മാട്) സംസ്കരണ പ്ലാന്റുകളിൽ നിന്നുള്ള എൻ.ഒ.സിയോ, മറ്റ് സർട്ടിഫിക്കറ്റുകളോ, രേഖകളോ, ലഭ്യമായിട്ടുള്ള കോഴി, ഇറച്ചി (ആട്, മാട്) കച്ചവട സ്ഥാപനങ്ങൾക്ക് മാത്രമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് അനുവദിക്കാൻ പാടുള്ളൂ എന്ന സർക്കാർ ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സ്ഥാപനങ്ങളുടെ വിശദാംശവും പ്രസ്തുത ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുമോ?

## അത്തിപ്പൊറ്റ വാതക ക്രിമറ്റോറിയം

370 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 ബഡ്ജറ്റിൽ തരൂർ നിയോജകമണ്ഡലത്തിലെ അത്തിപ്പൊറ്റ വാതക ക്രിമറ്റോറിയത്തിന് ഒരു കോടി വകയിരുത്തിയിരുന്ന പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്നും പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

## ചക്കംപുറം-മണിമല-അത്താണിമുക്ക് റോഡ് നിർമ്മാണം

371 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 ബജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയ ചക്കംപുറം- മണിമല- അത്താണിമുക്ക് റോഡ് നിർമ്മാണ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണ്; പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയും; വ്യക്തമാക്കാമോ?

## തരൂർ മേരിഗിരി-രക്കാണി-പ്രാത്ത് ചാടി റോഡ്

372 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ നിയോജകമണ്ഡലത്തിലെ മേരിഗിരി-രക്കാണി-പ്രാത്ത് ചാടി റോഡിന്റെ (2023-24 ബജറ്റ്) പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്നും പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുവാനാകുമെന്നും വ്യക്തമാക്കാമോ?

## സർക്കാർ നൽകിയ വീട് വിൽക്കുന്നതിനുള്ള അനുമതി

373 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ എളവള്ളി പഞ്ചായത്തിലെ കുന്നംപുള്ളി ഹൗസിൽ സെയ്തു മുഹമ്മദ് എന്നയാൾ അസുഖബാധിതനായി ചികിത്സയിലായിരുന്നെന്നും സാമ്പത്തിക പ്രയാസങ്ങൾ മൂലം ബാങ്ക് വായ്പ തിരിച്ചടയ്ക്കാനാകുന്നില്ലെന്നും അതിനാൽ സർക്കാർ നൽകിയ വീട് വിൽക്കുന്നതിന് അനുമതി നൽകണമെന്നും അഭ്യർത്ഥിച്ച് നൽകിയ അപേക്ഷ (9750180/2025/O/o മിനിസ്റ്റർ ഓഫ് എൽ.എസ്.ജി.ഡി.) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രോഗബാധിതനായി മരണപ്പെട്ട സെയ്തു മുഹമ്മദിന്റെ കടബാധ്യത തീർക്കാൻ സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന ടിയാന്റെ കുടുംബത്തിന് വീട് വിൽപ്പനയ്ക്ക് അനുമതി നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നുമുള്ള വിശദാംശം നൽകാമോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## നഗരസഭകളിലെ ഇ-മാലിന്യശേഖരണം

374 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരഞ്ഞെടുത്ത നഗരസഭകളിൽ ആരംഭിച്ച ഇ-മാലിന്യ ശേഖരണം നിലവിൽ ഏതു ഘട്ടത്തിലാണ്; എത്ര നഗരസഭകളിൽ പ്രവർത്തനം ആരംഭിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതിനായി ക്ലീൻ കേരള കമ്പനിയും ശുചിത്വ മിഷനും നടപ്പാക്കി വരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(സി) സംസ്ഥാനമൊട്ടാകെ ഇത് നടപ്പാക്കാനായി സ്വീകരിച്ചു വരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയെന്നും ആയതു എപ്പോൾ പ്രാവർത്തികമാകുമെന്നും വ്യക്തമാക്കുമോ?

## വൈപ്പിൻകരയിലെ ക്രിസ്ത്യൻ പെന്തക്കോസ്ത് വിഭാഗക്കാർക്ക് പൊതുശ്മശാനം

375 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ പൊതുശ്മശാനങ്ങൾ ഏതൊക്കെയാണെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) വൈപ്പിൻകരയിലെ ക്രിസ്ത്യൻ പെന്തക്കോസ്ത് വിശ്വാസികളുടെ മൃതശരീരം മറവുചെയ്യുവാൻ വിദൂര സ്ഥലങ്ങളിൽ ഇവർക്കായി അനുവദിച്ചിട്ടുള്ള ശ്മശാനങ്ങളെ ആശ്രയിക്കേണ്ടിവരുന്നതിലെ ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് വൈപ്പിൻകരയിലെ ഏതെങ്കിലും പൊതുശ്മശാനത്തിൽ ഇവർക്കായി സ്ഥലം ലഭ്യമാക്കുന്നതിനോ സ്ഥലം അനുവദിക്കുന്നതിനോ നടപടി സ്വീകരിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ;

(സി) ഇതുസംബന്ധിച്ച് വൈപ്പിൻ മണ്ഡലത്തിൽ പ്രവർത്തിക്കുന്ന യുണൈറ്റഡ് പെന്തക്കോസ്തൽ ഫെല്ലോഷിപ്പ്, എം.എൽ.എ. മുഖാന്തരം 24.06.2025-ന് ബഹു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്ക് സമർപ്പിച്ചതും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് E 9731455-2025 നമ്പരായി അയച്ചുകൊടുത്തതുമായ അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണാധികാരത്തിൻ കീഴിലുള്ള ആരോഗ്യ കേന്ദ്രങ്ങളിലെ നിയമനങ്ങൾ

376 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയന്ത്രണാധികാരം കൈമാറി നൽകിയ ആരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ് മുതലായവരെ നിയമിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയന്ത്രണമേർപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന് ഇടയാക്കിയ സാഹചര്യം വ്യക്തമാക്കാമോ;

(സി) ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും പരിധിയിൽ വരുന്ന ആരോഗ്യ കേന്ദ്രങ്ങളിൽ ആവശ്യം വേണ്ട സൗകര്യങ്ങളൊരുക്കാൻ ബന്ധപ്പെട്ട സ്ഥാപനത്തിന് സാധിക്കാതെ വരുന്നത് പ്രാദേശികമായി പ്രതിഷേധങ്ങൾക്കിടയാക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ ഒരു പുനഃവിചിന്തനത്തിന് സന്നദ്ധമാവുമോ?

## അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ വിവിധ വികസന പദ്ധതികൾ

377 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലയളവിൽ തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ വിവിധ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ഓരോ പദ്ധതിക്കും അനുവദിച്ച തുക സഹിതം ലഭ്യമാക്കുമോ?

## വയോജന ക്ഷേമ പ്രവർത്തനങ്ങൾക്ക് വയോജന കൗൺസിലുകൾ

378 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026 -ാം ആണ്ടോടെ കേരളത്തിലെ വയോജനങ്ങളുടെ എണ്ണം ആകെ ജനസംഖ്യയുടെ 25 % അധികം വരുമെന്ന 2023 ലെ പ്ലാനിംഗ് ബോർഡിന്റെ ഇക്കണോമിക് സൂചന പ്രകാരം സംസ്ഥാന, ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത്, വാർഡ് തലങ്ങളിൽ വയോജന ക്ഷേമ പ്രവർത്തനങ്ങളുടെ നടപ്പാക്കലും മോണിറ്ററിംഗും ഉറപ്പാക്കുന്ന വയോജന കൗൺസിലുകൾ സർക്കാർ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇല്ലെങ്കിൽ സങ്കീർണ്ണമായ ഒട്ടേറെ സാമൂഹ്യ സാമ്പത്തിക ആരോഗ്യ പ്രശ്നങ്ങളുടെ നടുവിൽപ്പെട്ട് ഏറെ ക്ലേശകരവും പ്രശ്നഭരിതവുമായ ജീവിതം നയിക്കുവാൻ നിർബന്ധിക്കപ്പെടുന്ന വയോജനങ്ങൾക്കുവേണ്ടി വയോജന കൗൺസിലുകൾ രൂപീകരിച്ച് ടി വിഭാഗം ആളുകളുടെ ക്ഷേമം ഉറപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>ലൈഫ് ഭവന പദ്ധതി</u>

379 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം നിയോജക മണ്ഡലത്തിൽ ലൈഫ് ഭവന പദ്ധതി പ്രകാരം ആകെ എത്ര വീടുകൾ അനുവദിച്ചെന്നും അതിൽ പൂർത്തീകരിച്ചവയെത്രയെന്നും ഇനിയും പൂർത്തീകരിക്കാനുള്ളവയെത്രയെന്നുമുള്ള കണക്കുകൾ പഞ്ചായത്ത്, നഗരസഭ എന്നിവ തിരിച്ച് ലഭ്യമാക്കാമോ?

## <u>ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയിലെ അമൃത് കുടിവെള്ള പദ്ധതി</u>

380 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയിൽ നടപ്പാക്കുന്ന അമൃത് കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## <u>ആലപ്പുഴ മണ്ഡലത്തിൽ അമൃത് പദ്ധതി</u>

381 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ മണ്ഡലത്തിൽ അമൃത് പദ്ധതി പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് എന്തൊക്കെ പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഏതൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളതെന്നും അവ എന്ന് പൂർത്തീകരിക്കാനാകുമെന്നും പൂർത്തീകരിക്കാനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്നുമുള്ള വിശദവിവരം ലഭ്യമാക്കാമോ?

## <u>കായംകുളം മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്രവൃത്തികൾ</u>

382 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിലും ഈ സർക്കാരിന്റെ ഇതുവരെയുള്ള കാലയളവിലും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വിവിധ ഫണ്ടുകൾ വിനിയോഗിച്ച് കായംകുളം മണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികൾ എന്തൊക്കെയെന്നും ഓരോ പ്രവൃത്തികൾക്കും അനുവദിച്ച തുക എത്രയെന്നും ഓരോ പ്രവൃത്തികളുടെയും പുരോഗതി എന്തൊക്കെയാണെന്നും വിശദമാക്കാമോ?

**<u>തരൂർ ചൂണ്ടക്കാട് -കുംഭാരതറ റോഡ്, കാവശ്ശേരി അംഗൻവാടി പ്രവൃത്തി</u>**

383 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയിരുന്ന തരൂർ നിയോജകമണ്ഡലത്തിലെ ചൂണ്ടക്കാട്- കുംഭാരതറ റോഡിന്റെയും കാവശ്ശേരി ഗ്രാമപഞ്ചായത്തിലെ മൂന്ന് അംഗൻവാടികളുടെയും പ്രവൃത്തി പുരോഗതി നിലവിൽ ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**<u>അതിദാരിദ്ര്യ നിർമ്മാർജ്ജനം</u>**

384 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നടത്തിയ സർവ്വേയിൽ ഏതെല്ലാം തരത്തിലുള്ള ദാരിദ്ര്യാവസ്ഥകളാണ് കണ്ടെത്തിയിട്ടുള്ളതെന്നത് വിശദമായി വ്യക്തമാക്കാമോ ;

(ബി) അതിദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും ഏതെല്ലാം കാര്യങ്ങളിലാണ് തുടർ നടപടികൾ ആവശ്യമായിവരുന്നതെന്നും അറിയിക്കാമോ;

(സി) സംസ്ഥാനത്ത് അതിദരിദ്രർ ഉണ്ടാകാതിരിക്കുന്നതിനാവശ്യമായ എന്തെല്ലാം തുടർ നടപടികളും കരുതലുമാണ് സർക്കാർ സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ?

**<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന ഗ്രാന്റ്</u>**

385 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന ഗ്രാന്റുകൾ പൂർണമായും വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഇനി എത്ര തുക വിതരണം ചെയ്യാനുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും സംസ്ഥാന ബജറ്റിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി വകയിരുത്തിയ തുകയും അനുവദിച്ച തുകയും വർഷം തിരിച്ചു വ്യക്തമാക്കുമോ?

## കെ സ്മാർട്ട് വഴിയുള്ള അപേക്ഷ സമർപ്പണത്തിലെ ബുദ്ധിമുട്ട്

386 **ശ്രീ. കെ. എം. സച്ചിൻദേവ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് ബിൽഡിംഗ് റൂൾ പരിഷ്കരണത്തിനു ശേഷം സർക്കാർ വകുപ്പുകളിലെ നിർമ്മാണ പ്രവൃത്തികൾക്ക് അനുമതി ലഭിക്കുന്നതിന് നിലവിൽ കെ സ്മാർട്ടിലൂടെ അപേക്ഷ സമർപ്പിക്കാൻ കഴിയുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാമോ?

## ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്രവൃത്തികൾ

387 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷം മുതൽ 2025-26 സാമ്പത്തിക വർഷം വരെ ബഡ്ജറ്റിൽ 20% തുക വകയിരുത്തിയിട്ടുള്ളതും തദ്ദേശസ്വയംഭരണ വകുപ്പിന് നിർവഹണ ചുമതല ലഭിച്ചിട്ടുള്ളതുമായ ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾ ഏതെല്ലാമെന്ന് വർഷം തിരിച്ച് വിശദമാക്കാമോ;

(ബി) തദ്ദേശ സ്വയംഭരണ വകുപ്പിന് നിർവഹണ ചുമതലയുള്ള പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) നാളിതുവരെ ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് സമർപ്പിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമാണെന്നും അങ്ങനെ ഉണ്ടെങ്കിൽ എന്തുകൊണ്ട് ഇത്രയും കാലതാമസം സംഭവിച്ചുവെന്നും വ്യക്തമാക്കാമോ?

## പുഴകളിലെ മാലിന്യ നിർമ്മാർജ്ജനം

388 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പുഴകളിലെ മാലിന്യം നീക്കം ചെയ്യുന്നതിന് നിലവിൽ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പദ്ധതികളുടെ വിവരങ്ങളും നാളിതുവരെ പ്രസ്തുത പദ്ധതി നടപ്പിലാക്കിയ പുഴകളുടെ പേരും അതിനായി ചെലവഴിച്ച തുകയും വർഷം, ജില്ല എന്നിവ തിരിച്ചു ലഭ്യമാക്കാമോ;

(സി) മാലിന്യം നിമിത്തം പുഴകളിലെ വെള്ളം ഉപയോഗയോഗ്യമല്ലാതായത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) പുഴകളിലും തോടുകളിലും മറ്റു ജലാശയങ്ങളിലും മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ ചുമത്തുന്ന വകുപ്പുകൾ ഏതെല്ലാം; പ്രസ്തുത വകുപ്പുകൾ പ്രകാരം ലഭിക്കുന്ന ശിക്ഷകൾ എന്തെല്ലാം; വിശദമാക്കാമോ;

(ഇ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ഇത്തരത്തിൽ എത്രപേർക്കെതിരെ കേസുകൾ ചുമത്തിയിട്ടുണ്ടെന്ന വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

## കോഞ്ചുരുത്തിപ്പുഴയുടെ കരകളിൽ താമസിച്ചിരുന്നവരുടെ പുനരധിവാസം

389 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്തുരുത്തിപ്പുഴ പൂർവ്വ സ്ഥിതിയിലാക്കുന്നത് സംബന്ധിച്ച പൊതു താൽപര്യ ഹർജിയിന്മേൽ 2026 ഏപ്രിൽ 16-നകം അവിടെ താമസിക്കുന്ന 126 കുടുംബങ്ങളെ പോലീസ് സഹായത്തോടെ കുടിയൊഴിപ്പിച്ച് എല്ലാ കയ്യേറ്റങ്ങളും നീക്കം ചെയ്യാൻ ബഹു. ഹൈക്കോടതി നിർദേശിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ അവിടെ കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് വേണ്ടി എപ്രകാരമുള്ള പുനരധിവാസ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ;

(സി) പുഴയുടെ ഇരുവശങ്ങളിലുമായി ഏതാണ്ട് 126 കുടുംബങ്ങൾ 45 വർഷത്തിലധികമായി വീടുകൾ കെട്ടി താമസിക്കുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരുടെ വീടുകൾക്ക് വൈദ്യുതി കണക്ഷൻ, നഗരസഭ കെട്ടിട നമ്പർ എന്നിവ ലഭിച്ചിട്ടുള്ളതും താമസക്കാർക്ക് റേഷൻകാർഡ്, ആധാർ കാർഡ്, വോട്ടർ ഐ.ഡി. എന്നിങ്ങനെയുള്ള തിരിച്ചറിയിൽ രേഖകളും കോർപ്പറേഷന്റെ കൈവശാവകാശ രേഖയും ഉണ്ടെന്നുമുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സർക്കാർ തലത്തിൽ പ്രസ്തുത പ്രദേശത്ത് പുനരധിവാസത്തിന് ഭൂമി കണ്ടെത്താൻ ബുദ്ധിമുട്ടായ സാഹചര്യത്തിൽ, ഗുണഭോക്താക്കൾക്ക് സ്വന്തം രീതിയിൽ ഭൂമി കണ്ടെത്താമെന്നും ഈ പദ്ധതിക്ക് വേണ്ടി സർക്കാർ കോടതിയിൽ അറിയിച്ച തുകയായ 24.82 കോടി രൂപ, ഗുണഭോക്താക്കൾക്ക് ഇതിനായി വീതിച്ച് നൽകാമെന്നും സമ്മതിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കുമോ;

(ഇ) കോവളം - ബേക്കൽ വെസ്റ്റ് കോസ്റ്റ് കനാൽ ജലപാതയുമായി ബന്ധപ്പെട്ട് കനാൽ പുറമ്പോക്കിൽ നിന്നും സമാനരീതിയിൽ കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് സ.ഉ. (സാധാ)നം.22/2022/സി.എസ്.ഐ.എൻ.ഡി. തീയതി, 24-11-2022 പ്രകാരം പ്രത്യേക പാക്കേജ് അനുവദിച്ച് നൽകിയിട്ടുള്ളതുപോലെ ഒരു സ്പെഷ്യൽ പാക്കേജ് കോന്തുരുത്തി നിവാസികൾക്ക് കൂടി അനുവദിക്കുമോ; വിശദാംശം അറിയിക്കുമോ?

**<u>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - ഓംബുഡ്സ് പേഴ്സൺ നിയമനം</u>**

390 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ജില്ലാ ഓംബുഡ്സ് പേഴ്സൺ നിയമന നടപടികൾ പൂർത്തിയായിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത നിയമനം എന്നത്തേക്ക് നടത്താൻ കഴിയുമെന്ന് അറിയിക്കാമോ; നിയമനവുമായി ബന്ധപ്പെട്ട് കോടതി വ്യവഹാരങ്ങൾ ഉണ്ടോ;

(സി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; കോടതി വ്യവഹാരങ്ങൾ ഇല്ലാത്ത ജില്ലകളിൽ ഓംബുഡ്സ് പേഴ്സൺമാരെ നിയമിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വ്യക്തമാക്കുമോ?

**<u>ഇൻഫർമേഷൻ കേരള മിഷൻ</u>**

391 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ കേരള മിഷന്റെ പ്രവർത്തനം ആരംഭിച്ചത് ഏത് വർഷമാണ്; നിലവിൽ എത്ര ജീവനക്കാരാണ് ഇൻഫർമേഷൻ കേരള മിഷനിൽ പ്രവർത്തിക്കുന്നത്; ഇതിൽ എത്ര സ്ഥിരം ജീവനക്കാർ ഉണ്ട്;

(ബി) സ്ഥിരം ജീവനക്കാരല്ലെങ്കിൽ അവരുടെ ജോലി സ്വഭാവമെന്താണ്; ഇതിൽ പത്ത് വർഷത്തിൽ അധികമായി ജോലിചെയ്യുന്നവർ എത്ര പേരുണ്ട്; അവർ ആരൊക്കെ എന്ന് വ്യക്തമാക്കുക;

(സി) ജീവനക്കാർക്ക് സർവ്വീസ് റൂൾസ് ബാധകമാക്കണമെന്ന ആവശ്യം ആരെങ്കിലും ഉന്നയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരാണ് ആവശ്യം ഉന്നയിച്ചത്; പ്രസ്തുത ആവശ്യത്തിന് ഗവൺമെന്റ് തീരുമാനം എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് തീരുമാനം എടുക്കും; വിശദമാക്കുമോ;

(ഡി) ഇൻഫർമേഷൻ കേരള മിഷൻ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## നായ്ക്കളെ വളർത്തുന്നതിന് ലൈസൻസ്

392 **ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവു നായ്ക്കളുടെ എണ്ണം വർദ്ധിക്കുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) വളർത്തു നായകളെ തെരുവിൽ ഉപേക്ഷിക്കുന്ന പ്രവണത വർദ്ധിച്ചു വരുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) നായകളെ വളർത്തുന്നതിന് ലൈസൻസ് നേടിയിരിക്കണമെന്ന നിർദ്ദേശം പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) നായകളെ വളർത്തുന്നതിന് എന്തെല്ലാം നിബന്ധനകളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## വികസന പ്രവർത്തികൾ നടപ്പിലാക്കുന്നതിനായി മുറിച്ച് മാറ്റേണ്ടിവരുന്ന മരങ്ങളുടെ വിലനിർണ്ണയം

393 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വികസന പ്രവർത്തികൾ നടപ്പാക്കുന്നതിനായി മുറിച്ചു മാറ്റേണ്ട മരങ്ങളുടെ വില നിശ്ചയിച്ചു കിട്ടുന്നതിന് വലിയ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) സോഷ്യൽ ഫോറസ്റ്റി വകുപ്പ് മുഖേന മുൻകാലത്ത് നടപ്പാക്കിയിരുന്ന പ്രസ്തുത മൂല്യനിർണ്ണയം ഇപ്പോൾ എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗത്തിന് കൈമാറിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഉണ്ടെങ്കിൽ മരങ്ങളുടെ വില നിശ്ചയിച്ചു നൽകുന്നതിനാവശ്യമായ സാങ്കേതിക പരിശീലനങ്ങളോ മാർഗ്ഗനിർദ്ദേശങ്ങളോ ഇതിനായി നൽകിയിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ഡി) വികസന പ്രവർത്തികളുടെ കാലതാമസം ഒഴിവാക്കുന്നതിനായി മരങ്ങളുടെ വില നിശ്ചയിക്കൽ അതിവേഗം ലഭ്യമാക്കുന്നതിനാവശ്യമായ സത്വരനടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി

394 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തും തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ കായംകുളം മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള റോഡുകൾ, അനുവദിച്ച തുക, പദ്ധതികളുടെ പുരോഗതി എന്നിവ പഞ്ചായത്തുകൾ, നഗരസഭ എന്നിങ്ങനെ തരം തിരിച്ച് വിശദമാക്കുമോ?

## തെരുവ് നായ ആക്രമണം

395 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവ് നായ ആക്രമണം മൂലം നിരവധി പേർക്ക് പരുക്ക് ഏൽക്കുകയും മരണപ്പെടുകയും ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ തെരുവ് നായ്ക്കളുടെ പെരുകി വരുന്ന എണ്ണം നിയന്ത്രിക്കുന്നതിന് എന്തെല്ലാം പരിഹാര മാർഗ്ഗങ്ങളാണ് നടപ്പിലാക്കി വരുന്നത് എന്ന് വിശദമാക്കാമോ;

(ബി) തെരുവ് നായ ആക്രമണത്തിന് ഇരയാകുന്നവരുടെ ചികിത്സാ ചെലവ് വഹിക്കുന്നത് സർക്കാർ ആണോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ എത്ര രൂപ ചികിത്സാ ചെലവ് ഇനത്തിൽ നൽകിയിട്ടുണ്ട് എന്ന് അറിയിക്കാമോ; നഷ്ടപരിഹാരമായി എത്ര രൂപ വിതരണം ചെയ്തിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(സി) അനധികൃതമായി തെരുവോരങ്ങളിൽ പെരുകി വരുന്ന ഭക്ഷണശാലകൾ, അലക്ഷ്യമായി തള്ളുന്ന ഭക്ഷണാവശിഷ്ടങ്ങൾ തുടങ്ങിയവ തെരുവ് നായകളുടെ എണ്ണത്തിൽ ഭീമമായ വർദ്ധനവിനു കാരണമാകുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് തടയാൻ എന്തെല്ലാം പ്രതിരോധ മാർഗ്ഗങ്ങളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) മനുഷ്യജീവന് ഭീഷണിയായ തെരുവ് നായ്ക്കളെ നിയന്ത്രിക്കുന്നതിന് നിയമ നിർമ്മാണം നടത്തുന്നത് ഉൾപ്പെടെയുള്ള പ്രതിരോധ മാർഗ്ഗങ്ങൾ നടത്താൻ തീരുമാനം എടുത്തിട്ടുണ്ടോ; വിശദമാക്കാമോ ?

## അജൈവമാലിന്യ ശേഖരണവും സംസ്കരണവും

396 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടുകളിൽ നിന്നും അജൈവമാലിന്യങ്ങളും പ്ലാസ്റ്റിക്കുകളും മറ്റും കൃത്യമായി ശേഖരിക്കാത്തതുമൂലം ജനങ്ങൾ ബുദ്ധിമുട്ട് അനുഭവിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത് കൃത്യമായി ശേഖരിച്ച് സംസ്കരിക്കാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) വീടുകളിൽ നിന്നുള്ള അജൈവ മാലിന്യങ്ങൾ റോഡുകളിലും വഴിയോരങ്ങളിലും ജലാശയങ്ങളിലും വലിച്ചെറിയുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇതുമൂലം ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ തടയാൻ എന്തെല്ലാം പ്രതിരോധ മാർഗ്ഗങ്ങളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ;

(സി) നിലവിൽ അജൈവമാലിന്യങ്ങൾ എത്ര ദിവസം കൂടുമ്പോഴാണ് വീടുകളിൽനിന്ന് ശേഖരിക്കുന്നത്; അജൈവമാലിന്യങ്ങളുടെ കൃത്യമായ ശേഖരണവും സംസ്കരണവും നടക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുവാൻ നിലവിൽ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## <u>സചിത്ര സോഫ്റ്റ് വെയർ അപ്ഡേഷൻ</u>

397 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ പഞ്ചായത്തുകളുടെ ആസ്തി രജിസ്ട്രേഷൻ നിലവിൽ അപ്ഡേഷൻ പൂർത്തീകരിച്ച് സചിത്ര സോഫ്റ്റ്വെയറിൽ ഓൺലൈൻ ആയി പ്രസിദ്ധീകരിക്കുന്ന പ്രവർത്തി പൂർത്തീകരിച്ച പഞ്ചായത്തുകളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കാമോ;

(ബി) മലപ്പുറം ജില്ലയിൽ ഇത്തരത്തിൽ സചിത്ര സോഫ്റ്റ് വെയറിൽ ആസ്തി വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത ഗ്രാമ പഞ്ചായത്തുകളുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) ഗ്രാമപഞ്ചായത്തുകളുടെ ഉടമസ്ഥതയിലുള്ള റോഡുകളും തോടുകളും കലുങ്കുകളും പാലങ്ങളും ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകളും മറ്റ ആസ്തികളും ഗ്രാമ പഞ്ചായത്തുകളുടെ ആസ്തി രജിസ്റ്ററുകളിൽ അപ്ഡേറ്റ് ചെയ്ത് സചിത്ര സോഫ്റ്റ്വെയറിൽ അപ്ഡേറ്റ് ചെയ്യാനുള്ള സമയ പരിധി നിർണ്ണയിച്ച് നിർദേശം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട പല റോഡുകളും അപ്ഡേഷൻ ചെയ്യാത്തതിനാൽ റോഡിന്റെ നീളത്തിലും അളവിലും ആസ്തി രജിസ്റ്റർ പ്രകാരം വ്യത്യാസം ഉണ്ടാകുന്ന കേസുകൾ പരിഹരിക്കുന്നതിന് പ്രത്യേക ഡ്രൈവ് നടത്തുന്നതിന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് നിർദേശം നൽകുന്ന കാര്യം പരിഗണയിലുണ്ടോ; വിശദമാക്കാമോ?

## <u>ഉടുമ്പൻചോല മണ്ഡലത്തിലുൾപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഒഴിവുകൾ</u>

398 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിലെ ഏതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് എഞ്ചിനീയറിങ് വിഭാഗത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ എന്നീ

തസ്തികകളിൽ ഒഴിവ് നിലനിൽക്കുന്നതെന്ന് സംബന്ധിച്ച വിശദവിവരം സ്ഥാപനത്തിന്റെ പേര്, തസ്തിക, ഒഴിവ് വന്ന തീയതി എന്നീ വിവരങ്ങളോടൊപ്പം ലഭ്യമാക്കാമോ?

**<u>കാസർഗോഡ് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിങ്ങുകളിലെ ഒഴിവുകൾ</u>**

399 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിങ്ങുകളിലായി എത്ര ഒഴിവുകളുണ്ടെന്നും ഈ ഒഴിവുകൾ സ്ഥിരമായി നികത്താൻ നടപടികളായിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

**<u>പൂഞ്ഞാർ മണ്ഡലത്തിലെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി</u>**

400 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി നടന്നുവരുന്ന പ്രവൃത്തികളുടെ പുരോഗതി വിശദാംശങ്ങൾ സഹിതം നല്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

**<u>മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതി</u>**

401 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികളാണ് അംഗീകരിച്ചതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലുള്ള സ്ഥിതി വ്യക്തമാക്കുമോ?

**<u>കോങ്ങാട് നിയോജക മണ്ഡലത്തിലെ ലൈഫ് ഭവന പദ്ധതി</u>**

402 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് നിയോജക മണ്ഡലത്തിൽ ലൈഫ് ഭവന പദ്ധതി പ്രകാരം നാളിതുവരെയായി എത്ര ഭവനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടെന്നും എത്ര വീടുകളുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നുവെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

**<u>പഞ്ചായത്ത് വകുപ്പിലെ വിവിധ തസ്തികകളും ഒഴിവുകളും</u>**

403 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ പൊതു സർവ്വീസിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്ത് വകുപ്പിലെ അഡീഷണൽ/ജോയിന്റ്/ഡെപ്യൂട്ടി/അസി.ഡെപ്യൂട്ടി ഡയറക്ടർ, ഇന്റേർണൽ വിജിലൻസ് ഓഫീസർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി/സീനിയർ സൂപ്രണ്ട്, അസി.സെക്രട്ടറി/ജൂനിയർ സൂപ്രണ്ട്, ഹെഡ് ക്ലാർക്ക് എന്നീ വിഭാഗത്തിൽ നിലവിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ സീനിയോറിറ്റി പട്ടിക തയ്യാറാക്കിയിട്ടുണ്ടോ;

(ബി) മേൽ സൂചിപ്പിച്ച തസ്തികകളുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് തസ്തിക അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(സി) 2026 ജനുവരി മുതൽ മെയ് വരെ മേൽ വിഭാഗത്തിൽപെട്ട ജീവനക്കാരിൽ എത്ര പേർ വിരമിക്കുന്നുവെന്നതിന്റെ കാറ്റഗറി തിരിച്ചുള്ള വിശദാംശം മാസം തിരിച്ച് നൽകുമോ;

(ഡി) ഇത്തരത്തിൽ വിരമിക്കുന്നവരുടെ പട്ടികയിൽ പി. എസ്. സി. മുഖേന നേരിട്ട് സെക്രട്ടറിയായി നിയമനം ലഭിച്ച എത്ര പേരുണ്ട്; അത്തരത്തിൽ വിരമിക്കുന്നവരുടെ ഒഴിവുകൾ എപ്രകാരമാണ് നികത്തുന്നത്; വിശദാംശങ്ങൾ നൽകാമോ;

(ഇ) 2026 ജനുവരി മുതൽ മെയ് വരെ ഇത്തരത്തിൽ നേരിട്ട് സെക്രട്ടറിയായി നിയമനം ലഭിച്ച എത്ര പേർ വിരമിക്കുന്നുവെന്നതിന്റെ വിശദാംശങ്ങൾ നൽകാമോ?

## കടുത്തുരുത്തി ഗവ: പോളിടെക്നിക്കിനായി പഞ്ചായത്ത് വക സ്ഥലം കൈമാറൽ

404 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ (ആർ.ഇ) വകുപ്പിന്റെ 21/06/2024 തീയതിയിലെ ആർ.ഇ1/13/2024/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ട അധിക വിവരങ്ങൾക്ക് കടുത്തുരുത്തി ഗ്രാമപഞ്ചായത്തും ബന്ധപ്പെട്ട ജില്ലാ, സംസ്ഥാന ഡയറക്ടർമാരും സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വിശദീകരിക്കാമോ; മറുപടി നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പുകൾ നൽകാമോ;

(ബി) പോളിടെക്നിക്കിനായി മുൻപ് വിട്ടുകൊടുത്ത ഭൂമിയുടെയും ഇപ്പോൾ കൈമാറ്റത്തിനായി പരിഗണിക്കുന്ന ഭൂമിയുടെയും സർവ്വേ നമ്പരുകൾ രേഖകൾ പ്രകാരം വ്യത്യസ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വൈരുദ്ധ്യം സംബന്ധിച്ച വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് നേരത്തെ ലഭ്യമാക്കാതിരുന്നതിന് കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) 2017-ൽ ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട നടപടികൾ ആരംഭിച്ചിട്ടും എട്ട് വർഷമായി അന്തിമ തീരുമാനത്തിലെത്താൻ കഴിയാതിരുന്നതിന്റെ ഭരണപരമായ കാരണങ്ങൾ എന്തൊക്കെയാണ്; ഈ കാലതാമസത്തിനുള്ള ഉത്തരവാദിത്തം ഏത് വകുപ്പുകൾക്കാണെന്ന് അറിയിക്കാമോ;

(ഡി) 19 ഏക്കർ 39.147 സെന്റ് ഭൂമിയിൽ നിന്ന് പോളിടെക്നിക്ക്, കേന്ദ്രീയ വിദ്യാലയം, ഫയർ സ്റ്റേഷൻ, ഹോമിയോ ഡിസ്പെൻസറി, അങ്കണവാടി, ലൈഫ് മിഷൻ എന്നിവയ്ക്കായി ഭൂമി തരംതിരിച്ചിരുന്നുവെങ്കിലും ഓരോ സ്ഥാപനത്തിനും

അനുവദിക്കേണ്ട ഭൂമിയുടെ വിസ്തീർണ്ണവും സ്ഥാനവും സംബന്ധിച്ച അന്തിമ തീരുമാനം വൈകിയതിന്റെ കാരണം വിശദീകരിക്കാമോ;

(ഇ) പൊതുവഴിക്കായി മാറ്റിവെച്ചിരിക്കുന്ന സ്ഥലത്തിന്റെ വീതി സംബന്ധിച്ച സർവ്വേ നടപടികൾ പൂർത്തിയായിട്ടും റവന്യൂ വകുപ്പിന്റെ അന്തിമ റിപ്പോർട്ട് പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതിൽ ഉണ്ടായ കാലതാമസത്തിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(എഫ്) പഞ്ചായത്ത്, വില്ലേജ് ഓഫീസ്, കൃഷി വകുപ്പ്, പ്രിൻസിപ്പൽ ഡയറക്ടർ എന്നിവരിൽ നിന്നും ആവശ്യപ്പെട്ടിരുന്ന ബേസിക് ടാക്സ് രജിസ്റ്റർ (ബി.ടി.ആർ) പകർപ്പ്, ഭൂമിയുടെ അനുയോജ്യത സാക്ഷ്യപത്രങ്ങൾ, അർത്ഥനാപത്രങ്ങൾ തുടങ്ങിയ രേഖകൾ ഇതുവരെ സമർപ്പിക്കപ്പെടാത്തത് സർക്കാരിന്റെ തീരുമാനത്തെ തടസ്സപ്പെടുത്തിയിട്ടുണ്ടോ; ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ജി) മറ്റു വകുപ്പുകളിൽ നിന്നും ഭൂമി അനുയോജ്യമാണെന്ന സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കുന്നതിനായി സർക്കാർ സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; കടുത്തുരുത്തി ഗവ. പോളിടെക്നിക്കിനായുള്ള പഞ്ചായത്ത് വക സ്ഥല കൈമാറ്റവുമായി ബന്ധപ്പെട്ട എല്ലാ നടപടികളും എപ്പോൾ പൂർത്തിയാക്കുമെന്ന് അറിയിക്കുമോ?

## കുന്നത്തുനാട് മണ്ഡലത്തിലെ ലൈഫ് ഭവന പദ്ധതി

405 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി കുന്നത്തുനാട് മണ്ഡലത്തിൽ എത്രപേർക്ക് വീടുകൾ അനുവദിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഭൂമിയില്ലാത്ത എത്രപേർക്ക് ഭൂമി കണ്ടെത്തി വീട് അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ലൈഫ് പദ്ധതി പ്രകാരം അനുവദിച്ച വീടുകളിൽ എത്ര വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ഡി) കുന്നത്തുനാട് മണ്ഡലത്തിൽ അർഹരായി കണ്ടെത്തിയ ഭൂരഹിത ഭവന രഹിതരുടെ എണ്ണം പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ; ഇതിൽ എത്ര പേർക്ക് ഭൂമി കണ്ടെത്തി നല്കിയെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

## ദേവികുളം മണ്ഡലത്തിലെ ഗ്രാമീണ റോഡ് പുനരുദ്ധാരണം

406 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിലെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം അനുവദിച്ച റോഡുകൾ ഏതെല്ലാമെന്ന് പഞ്ചായത്ത് തിരിച്ച് അറിയിക്കാമോ;

(ബി) ദേവികുളം മണ്ഡലത്തിലെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയെന്തെന്ന് വിശദമാക്കാമോ?

## കോങ്ങാട് മണ്ഡലത്തിൽ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി

407 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശറോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം കോങ്ങാട് മണ്ഡലത്തിൽ ഏതൊക്കെ റോഡുകൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്നും എത്ര തുകയാണ് ഇവയ്ക്കായി അനുവദിച്ചിട്ടുള്ളതെന്നും പഞ്ചായത്ത് തിരിച്ചുള്ള വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

## കെ-ലിഫ്റ്റ് ഉപജീവന ക്യാമ്പയിൻ

408 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ലിഫ്റ്റ് ഉപജീവന ക്യാമ്പയിനിലൂടെ ഓരോ പഞ്ചായത്തിലും എത്ര പേർക്കാണ് ഉപജീവന സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വിപുലീകരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കാമോ?

## ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

409 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളീയ സമൂഹത്തിന്റെ പുതിയ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനങ്ങളിൽ വയോജന ക്ഷേമം, പാലിയേറ്റിവ് കെയർ, ലഹരിക്കെതിരെ മുന്നേറ്റം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

## പുതുതായി രൂപീകരിച്ച നഗരസഭകൾക്ക് പുതിയ കെട്ടിടങ്ങൾ

410 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-16 കാലയളവിൽ സംസ്ഥാനത്ത് പുതുതായി എത്ര നഗരസഭകളാണ് രൂപീകരിച്ചതെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) അവയിൽ ഏതെല്ലാം നഗരസഭകൾക്കാണ് പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) സൗകര്യപ്രദമായ കെട്ടിടങ്ങളില്ലാത്ത എത്ര നഗരസഭകളുണ്ടെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കാമോ;

(ഡി) പുതുതായി രൂപീകരിച്ച നഗരസഭകൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കാൻ എത്ര രൂപ വീതമാണ് അനുവദിച്ചിരുന്നതെന്നും ഈ തുക ഉപയോഗപ്പെടുത്തി കെട്ടിട നിർമ്മാണ പ്രവൃത്തി ഇതുവരെയും ആരംഭിക്കാത്ത നഗരസഭകൾ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ?

## ഷൊർണ്ണൂർ മണ്ഡലത്തിലെ ജൈവ/അജൈവ മാലിന്യ ശേഖരണം

411 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലെ ചെർപ്പുളശ്ശേരി, ഷൊർണ്ണൂർ മുനിസിപ്പാലിറ്റികളിൽ ജൈവ/അജൈവ മാലിന്യ ശേഖരണം പൂർണമായി നടപ്പിലാക്കാൻ സാധിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത മുനിസിപ്പാലിറ്റികളിൽ മാലിന്യ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കാൻ ഭൂമി കണ്ടെത്തിയിട്ടുണ്ടോയെന്നും ഇതുമായി ബന്ധപ്പെട്ട കോടതി നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ?

## കോതമംഗലം നഗരസഭയിൽ മോഡേൺ ക്രിമറ്റോറിയം നിർമ്മിക്കാൻ നടപടി

412 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നഗരസഭയിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന മോഡേൺ ക്രിമറ്റോറിയവുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ശേഷിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിൽ പൂർത്തീകരിച്ച് ക്രിമറ്റോറിയത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## കൊച്ചി സുസ്ഥിര നഗര പുനർനിർമ്മാണ പദ്ധതി

413 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 15.08.2022-ലെ 186/2022/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം അനുമതി ലഭിച്ചിട്ടുള്ള കൊച്ചി സുസ്ഥിര നഗര പുനർനിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിനായി നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിനും സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
19-01-2026

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

**പ്രത്യേക ശ്രദ്ധയ്ക്ക്:**

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].